882
882

# കണക്കുതീൎക്കൽ

പ്രസാധകന്മാർ

സാഹിത്യപ്രവൎത്തക സഹകരണ
സംഘം ലിമിറ്റഡ്

882

# KANAKKU THEERKKAL

(STORIES)

BY

THAKAZHI SIVASANKARA PILLAI

First Impression March 1957

RIGHTS RESERVED

PUBLISHERS
SAHITHYA PRAVARTHAKA C. S. LTD.

NATIONAL BOOKSTALL
POST BOX 40, KOTTAYAM

Re. 1

882

# കണക്കുതീൎക്കൽ

1312

തകഴി ശിവശങ്കരപ്പിള്ള

NATIONAL BOOK STALL
TRIVANDRUM-1

നാഷനൽ ബുക്ക്സ്റ്റാൾ
കളരിക്കൽബസാർ കോട്ടയം

വില ഒരു രൂപ

## തകഴി ശിവശങ്കരപ്പിള്ളയുടെ

## കൃതികൾ

| | |
|---|---|
| ചെമ്മീൻ | (നോവൽ) |
| രണ്ടിടങ്ങഴി | ,, |
| തോട്ടിയുടെ മകൻ | ,, |
| തെണ്ടിവർഗ്ഗം | ,, |
| പരമാർത്ഥങ്ങൾ | ,, |
| പ്രതിഫലം | ,, |
| തലയോട്ട് | ,, |
| പതിതപങ്കജം | ,, |
| വില്പനക്കാരി | ,, |
| അവന്റെ സ്മരണകൾ | ,, |
| പേരില്ലാക്കഥ | ,, |
| തകഴിയുടെ കഥകൾ | (കഥകൾ) |
| നിത്യകന്യക | ,, |
| ഇങ്ക്വിലാബ് | ,, |
| ഘോഷയാത്ര | ,, |
| മാഞ്ചുവട്ടിൽ | ,, |
| പതിവ്രത | ,, |
| പ്രതീക്ഷകൾ | ,, |
| പുതുമലർ | ,, |
| ചങ്ങാതികൾ | ,, |
| അടിയൊഴുക്കുകൾ | ,, |
| പ്രതിജ്ഞ | ,, |
| ഞരക്കങ്ങൾ | ,, |
| മകളുടെ മകൾ | ,, |
| കണക്കുതീർക്കൽ | ,, |
| തോററില്ല | (നാടകം) |

Printed at the India Press, Kottayam, Copies 1000

## കഥകൾ


| | | |
|---|---|---|
| 1 | സ്വത്തുകാരുടെ നാട്ടിൽ | 7 |
| 2 | ഒരു കണക്കുതീർക്കൽ | 17 |
| 3 | സ്ത്രീകൾക്കേ മനസ്സിലാകൂ | 31 |
| 4 | അങ്ങനെ വന്നാൽ | 51 |
| 5 | ഒരു വീട് | 65 |
| 6 | കൊച്ചൗസേപ്പ് | 76 |
| 7 | ഇങ്ക്വിലാബ് സിന്ദാബാദ് | 90 |

1312

# സ്വത്തുകാരുടെ നാട്ടിൽ

ആ പോളിംഗ് പ്രദേശം എനിക്ക് ഒരു ബാലികേറാമലയായിരുന്നു. കോൺഗ്രസ്സിനു വലിയ സ്വാധീനശക്തിയാണവിടെ; ഒരു യോഗം സംഘടിപ്പിക്കാൻപോലും ഞങ്ങൾക്കു കഴിഞ്ഞില്ല. ഞങ്ങളുടെ ഒന്നുരണ്ടു പ്രവത്തകരെ അവിടെവെച്ചു ദേഹോപദ്രവം ഏല്പിക്കാനുള്ള ശ്രമവും ഉണ്ടായത്രേ!

നല്ല ഐശ്വര്യമുള്ള നാട്. ആററരികാണ്. മനോഹരങ്ങളായ സൗധങ്ങൾ നിരന്ന് ഉയർന്നുകാണുന്നു. പരിഷ്കൃതജീവിതത്തിൻെറ എല്ലാ സൗകര്യങ്ങളുമുണ്ട്. സ്വത്തുകാരുടെ നാട് എന്നുതന്നെ അതിനെ പറയാം. പക്ഷെ, ആ നാട് അത്രയും ഐശ്വര്യമുള്ളതാക്കിയതാരാണ്? ആ മാളികകളിൽ താമസിക്കുന്നവരായിരിക്കുകയില്ല, അവരുടെ ഒരുതുള്ളിരക്തം ഇററിക്കാണുകയില്ല, ആ സംരംഭത്തിൽ.

മുഖപ്പന്തി അത്ര കേമമായിരിക്കുന്നതുകൊണ്ടു് പിൻവശത്തു ദുരിതങ്ങൾ കാണും. തീർച്ച.

ദിവാൻഭരണകാലത്തു് ആ നാട്ടിൽ ഒരു കോൺഗ്രസ്സുകാരനു് കയറിക്കൂടായിരുന്നു. കോൺഗ്രസ്സ് ജയിച്ചപ്പോൾ, അവിടത്തുകാർ കോൺഗ്രസ്സുകാരായതാണു്.

ഞങ്ങളുടെ പ്രവർത്തകർ തൊഴിലാളികളുടെ ഇടയിലേയ്ക്കു് ഒരുവിധം കടന്നുകൂടി. ഞങ്ങൾ പറയുന്നതു് അവർക്കു നല്ലവണ്ണം മനസ്സിലായി. കോൺഗ്രസ്സ് എന്നാൽ മുതലാളിയുടെ വകയാണെന്നും അവർക്കറിയാം. തൊഴിലാളി സംഘടിച്ചേ പററൂ. എന്തിനേറെ, മാർക്സിസം എന്നാൽ മർദ്ദിതനായ തൊഴിലാളി വിചാരിക്കുന്നതു് അടുക്കുവഴി രൂപപ്പെടുത്തുക മാത്രമാണെന്നു ഞങ്ങൾക്കു മനസ്സിലായി.

ഒരാഴ്ച കഴിഞ്ഞപ്പോൾ, ഞങ്ങൾ തൊഴിലാളികളുടെ ഇടയിൽ പ്രവർത്തിക്കുന്നതു് കോൺഗ്രസ്സുകാർ മനസ്സിലാക്കി. ഒരു കുടിയിറക്കുഭീഷണി ആരംഭിച്ചു. കോൺഗ്രസ്സിനല്ലാതെ വോട്ടുചെയ്യുന്നവർക്കു് റേഷൻ കൊടുക്കരുതെന്നു് ഉത്തരവുണ്ടുപോലും! തൻേറടമുള്ള വേലക്കാർ ചെറുപ്പക്കാരെത്തേടി പോലീസുകാർ നടന്നുതുടങ്ങി.

"എന്നാലും ആയിടയ്ക്കു് ഒരു വൃദ്ധനായ പുലയൻ എന്നോടു പറഞ്ഞതിങ്ങനെയാണു്:

"നമ്മുടെ കാലംവരും. പക്ഷേല് അതുകാണാൻ ഏനിരിക്കത്തില്ല."

ആ വൃദ്ധൻ മാത്രമല്ല, വൃദ്ധയും, മദ്ധ്യവയസ്കനും, ചെറുപ്പക്കാരനുമെല്ലാം ഇതുതന്നെയാണു പറയാനുണ്ടായിരുന്നതു്. അവർ സുപ്രഭാതത്തെ പ്രതീക്ഷിക്കുന്നു.

സംഘടനാപരമായ ജോലിയുടെ വലിയ ഒരംശം തീൎന്നതിൽ ഞങ്ങൾ കൃതകൃത്യരായി. എന്നാലും ശരിക്കുള്ള വൎഗ്ഗബോധമാണോ? ഭീഷണികളെ ചെറുക്കാറായിട്ടില്ല. ആ നമ്മുടെ കാലത്തിൻെറ വരവിനെ ത്വരിപ്പിക്കാനുള്ള സമരവീൎയ്യം കൈവന്നിട്ടില്ല കോൺഗ്രസ്സ് നമ്മുടേതല്ലെന്നറിഞ്ഞിട്ടും, ഒരനിശ്ചിതാവസ്ഥയിലാണവർ.

അർദ്ധരാത്രിയുടെ നിശ്ശബ്ദതയിൽ ഞങ്ങളുടെ പ്രവൎത്തകർ വീണ്ടും നുളച്ചുകയറി. പറിച്ചുനടുന്ന പെണ്ണാളുകൾ, ഒരു പുതിയ പാട്ടുപാടുന്നതു് മുതലാളി കേട്ടു. രക്തം തിളപ്പിക്കുന്ന വയലാറിൻെറ ചരിത്രം. തൊഴിലാളികൾ ശപഥം ചെയ്യുന്നു!

അടുത്തദിവസം ഒരു വിശേഷദിവസമായിരുന്നു. സന്ധ്യയ്ക്കു ശതക്കണക്കിനുള്ള തൊഴിലാളിസ്ത്രീകൾ ഒരുക്കിയ താലങ്ങളിൽ ഉടച്ച നാളികേരംവെച്ചു് വിളക്കുകൊളുത്തി പുഞ്ചക്കണ്ടത്തിൻെറ വരമ്പിൽക്കൂടി ഒരു ഘോഷയാത്ര നടന്നു. മേടകളിൽനിന്നു് ആ കാഴ്ച കണ്ട മുതലാളിമാർ നടുങ്ങിപ്പോയി. ആവേശകരമായ ആ മുദ്രാവാക്യം മാളികകളെത്തന്നെ വിറപ്പിച്ചു.

അവിടത്തെ തൊഴിലാളിക്കു കരുത്തുണ്ടു്. അവക്ക് എതിക്കാനുള്ള വീൎയ്യമുണ്ടു്.

എന്നാലും അതു വോട്ടുകളായി രൂപാന്തരപ്പെടുമോ? ഇല്ലെങ്കിൽ വേണ്ട. ഈ തെരഞ്ഞെടുപ്പിൽ ഭൂരിപക്ഷം കിട്ടി നിയമസഭയിൽ പോകുകയായിരുന്നില്ല ഞങ്ങളുടെ പ്രധാന ഉദ്ദേശ്യം.

കോൺഗ്രസ്സ് കേന്ദ്രങ്ങളിൽ ഒരു സംഭ്രമംതന്നെയായിരുന്നു. മുതലാളിത്വം അതിന്റെ സകല കഴിവുകളേയും

ആ സംരംഭത്തിന്ന വിധേയമാക്കി. അവരെ സംബന്ധിച്ചിടത്തോളം അതു് ഒരു ജീവിതമരണയുദ്ധമായിരുന്നു.

* * * *

ആ പാവപ്പെട്ട പുലയൻെറയും പറയൻെറയും വീടുകളിൽ ചില്ലറ കലഹങ്ങൾ; അല്ലെങ്കിൽ ഭീതി; അതുമല്ലെങ്കിൽ പട്ടിണി. കോൺഗ്രസ്സിൻെറ കരങ്ങൾ എങ്ങനെയെല്ലാം നീളുന്നു എന്നു് ഞങ്ങൾക്കു മനസ്സിലായി. മാളികകളിൽനിന്നും മുതലാളി ആ കൊട്ടിലുകളിലേയ്ക്കിറങ്ങി. പരമ്പരയായി തമ്പുരാനെ സ്നേഹിച്ചവരാണു് ആ പാവപ്പെട്ടവർ. ആ തമ്പുരാൻ അവനു ദൈവമായിരുന്നു. പുലയനും പറയനുമായി ജനിച്ചതു് പുണ്യമാണെന്നു് ഇന്നും അവർ വിശ്വസിക്കുന്നു. അതിന്മേൽ ഒരു തത്വശാസ്ത്രംതന്നെയും കെട്ടിപ്പടുത്തിട്ടുണ്ടു്...എന്നിട്ടും അടങ്ങാത്തവക്കു് അവർ കോഴ കൊടുത്തുതുടങ്ങി. അവിടെയും നില്ക്കുന്നില്ലെങ്കിൽ, അവർ പേടിപ്പിച്ചു.

ഒരു വ്യക്തമായ പ്രശ്നം ഞങ്ങളുടെ മുൻപിൽ പ്രത്യക്ഷപ്പെട്ടു. പഴമയുടെ കെട്ടുകൾ! ശരിയായ വർഗ്ഗബോധം!! എന്തിനേയും നേരിടാനുള്ള സമരവീര്യം!!!

ഞങ്ങളുടെ അതുവരെയുള്ള പ്രവർത്തനങ്ങൾ പരാജയപ്പെട്ടതായിപ്പോലും ഞങ്ങൾക്കു തോന്നി. ഒരു വീട്ടിൽ ഞങ്ങൾ ചെന്നപ്പോൾ തണുത്ത സ്വീകരണമാണു് ഞങ്ങൾക്കു കിട്ടിയതു്. ഒട്ടുനേരത്തേയ്ക്കു് ആരും ഒന്നും മിണ്ടിയില്ല ഞാൻ ഗൃഹനാഥനോടു കടന്നുചോദിച്ചു.

"എന്താ, നല്ല സുഖമില്ലയോ?"

അയാൾ ഒന്നു മൂളി.

അപ്പോഠം ഗൃഹനായിക അടുക്കളയിൽനിന്നും ഇറങ്ങിവന്നു പറഞ്ഞു :

"ഇന്നാളുവന്നപ്പം ഞങ്ങാ പറഞ്ഞതല്ല്യോ എല്ലാം. എന്തിനാ ഇങ്ങനെ എന്നും എന്നും വരുന്നെ? ഇപ്പം തമ്പ്രാൻറാള്ക്ക് കാണുമിവിടെ. വല്ലാത്ത മെന വലിച്ചു കേററിവെക്കുവാ."

അവഠം മുഖത്തു നോക്കാതെയാണു പറയുന്നത്. അകത്തു കയറിയിട്ടും എന്തൊക്കെയോ പറയുന്നുണ്ട്. തമ്പുരാൻെറ കുടുംബവും ആ തറയുമായുള്ള ബന്ധത്തെക്കുറിച്ചാണു്......

അന്നത്തെ ഘോഷയാത്രയിൽ ആ സ്ത്രീയും പങ്കുകൊണ്ടവളാണു്.

ഞങ്ങഠം ഒന്നും പറഞ്ഞില്ല. എന്തു പറഞ്ഞാലും ഏശുകയില്ല. ആ ദമ്പതികളുടെ മകൻ അകത്തുണ്ടായിരുന്നു. അവൻ പുറത്തു വന്നില്ല. അമ്മയുടെ വിരാമമില്ലാത്ത സംസാരം കേട്ടിട്ടു സഹി കെട്ടിട്ടെന്നപോലെ അവൻ പറഞ്ഞു:

"അവരിങ്ങനെ നടക്കുന്നതു് ആൎക്കുവേണ്ടിയാ? നമുക്കു വേണ്ടിയാ."

അമ്മ ചൊടിച്ചു:

"എന്നാലെക്കൊണ്ടു തമ്പ്രാ എറക്കിവിട്ടാല് എവടെ കെടക്കും?"

ആ ചോദ്യത്തിനു മകന് ഉത്തരം പറയാനില്ല. ഒരു ചെറിയ ഗൃഹകലഹത്തിൻെറ ആരംഭമായി. ആ നിലയിൽ അവിടം വിടുകയാണു നല്ലതെന്നു ഞങ്ങഠംക്കു തോന്നി.

ഞങ്ങളുടെ പ്രവൎത്തനം എവിടെ ആരംഭിച്ചോ, അവിടെത്തന്നെ നില്ക്കുന്നു. എന്നാൽ ഒരു വ്യത്യാസമുണ്ട്. ശാന്തമായിരുന്ന ആ കുളത്തിൽ ഒരു കല്ലു വീണു. അവൎക്കു ചിന്തിക്കാൻ വിഷമമുണ്ടായി. തമ്പുരാനെ അവൎക്ക് അവിശ്വസിക്കാമെന്നായി. ഈ വൻമാളികകളും, നില്ക്കുന്ന പറമ്പുകളും, കുല നിറഞ്ഞു താങ്ങാൻ വയ്യാത്ത ഭാരം ചുമക്കുന്ന തെങ്ങുകളും അനന്തവിസ്തൃതമായ പുഞ്ചപ്പാടത്തിൻെറ പച്ചനിറവും എല്ലാം അവൻെറ പ്രയത്നഫലമാണ്. അതിനവനു കിട്ടിയതു് അഞ്ചു കൂലിയേനാണ്! രാജ്യം ഭരിക്കുന്ന കാൎയ്യത്തിൽ അവനും പറയുവാനവകാശമുണ്ട്.

എങ്കിലും മുതലാളിത്വത്തിൻെറ ശക്തിയെ വെല്ലുവിളിക്കാൻ ഒരൊററ ആളെങ്കിലും ഇവിടെ ഉണ്ടാവുകയില്ല?

തെരഞ്ഞെടുപ്പു തീയതി അടുത്തടുത്തു വരുന്നു. കോൺഗ്രസ്സ് പ്രവൎത്തകർ, അങ്ങനെ വീടുതോറും കയറിയിറങ്ങി നടക്കുകയാണ്. ഞങ്ങളും നടക്കുന്നുണ്ട്. ഒരു ഘോഷയാത്രകൂടി സംഘടിപ്പിച്ചെങ്കിൽ ഒരു യോഗം കൂടാൻ കഴിഞ്ഞെങ്കിൽ—അടുത്തു് ഇല്ല, അതു് അസാദ്ധ്യമെന്നുതന്നെ ഞങ്ങൾക്കു തോന്നി.

ശതാബ്ദങ്ങളായി മൎദ്ദനം സഹിച്ചുവരുന്ന ഇവൻ എഴുന്നേല്ക്കുകയില്ലേ? ഞങ്ങൾ സ്വപ്നം കാണുന്ന ആ പ്രഭാതം, ഇത്രയേറെ അകലത്തിലാണോ? അവരുടെ ഉപബോധമനസ്സിലെ അമൎഷം വൎഗ്ഗസമരവീൎയ്യമായി എന്നാണ്, എന്തുകൊണ്ടാണു ജ്വലിക്കുന്നതു്? പ്രഭാതംമുതൽ പ്രദോഷം വരെ മുങ്ങിക്കുത്തി, പുട്ടിലിൽ അഞ്ചു കൂലി

യേനം വാങ്ങിയിട്ടു പോകുന്ന ആ മണ്ണിൻെറ മക്കളുടെ കാലിൽ എന്തൊരു കനത്ത ചങ്ങലയാണു കിടക്കുന്നതു് .. ഒന്നു മൂച്ചുപിടിച്ചാൽ ആ ചങ്ങലകൾ തകരും. ആനയ്ക്കു് അതിൻെറ ശക്തി അറിയാറാവുന്നതെന്നാണു്?

കോൺഗ്രസ്സുകാരുടെ ആർപ്പുവിളികൾ കേൾക്കായി. വിജയലഹരികൊണ്ടു് അവർ തന്നെത്താൻ മറക്കുന്നു. അവർ ജയിച്ചു .....ജയിച്ചോ? അതു് ജയമാണോ?...... അവർ ഗാന്ധിജിയുടെ അനന്തരാവകാശത്തം അവകാശപ്പെടുന്നു......ഗാന്ധിജിയുടെ ചിതാഭസ്മം അവർക്കുള്ളതാണുപോലും! എന്തൊരു വൈപരീത്യമാണതു്? ആ വലിയ മനുഷ്യസ്നേഹിയെ, മനുഷ്യൻെറ നന്മയിൽ അശേഷം വിശ്വസിക്കാത്ത മുതലാളിത്തം അവകാശപ്പെടുന്നു.

അതു് ഒരു മങ്ങിയ നിലാവുള്ള രാത്രിയായിരുന്നു. ഒരു പഴനിലപ്പാടത്തുകൂടി ഞങ്ങളുടെ വള്ളം അങ്ങനെ പൊയ്ക്കൊണ്ടിരുന്നു. ഞങ്ങളാരും ഒന്നും മിണ്ടുന്നുണ്ടായിരുന്നില്ല. എല്ലാവരും ഒരേ കാര്യമാണു ചിന്തിച്ചുകൊണ്ടിരുന്നതു്. അവിടെയുമിവിടെയുമായി കാണുന്ന കൊച്ചുകുടിലുകളിൽ അടങ്ങിക്കിടക്കുന്ന മഹത്തായ ശക്തിവിശേഷങ്ങൾ ഉണരുകയില്ലേ?

പാടത്തു ചെറുകല്ലോലങ്ങളിളകുന്ന ഊളക്കാറ്റിൽ വികലമായി ഒരു ഗാനം കേൾക്കായി:

“ഉയരുംഞാൻ, നാടാകെപ്പടരും
ഞാനൊരുപുത്ത-
നുയിർ നാട്ടിന്നേകിക്കൊ-
ണ്ടുയരും വീണ്ടും.”

ഞങ്ങൾ, നിശ്ശബ്ദരായി ശ്രദ്ധിച്ചു. ആ ഗാനത്തിൻെറ

വീചികളിൽക്കൂടി ഞങ്ങൾ ഒലിച്ചുപോയി ....എവിടെനിന്നാണ് അതു പുറപ്പെട്ടുന്നതു്? ഏതു കണ്ഠത്തിൽ നിന്നാണ് അതു പുറപ്പെട്ടുന്നതു്? ....ആ ശക്തി ഉയരുകയില്ലേ?

ഞങ്ങളുടെ വള്ളക്കാരൻ മുഷ്ടിചുരുട്ടി ഉയർത്തിക്കൊണ്ടു് തന്നത്താനറിയാതെ അലറി:

"ഇങ്കിലാബ്"

ഞങ്ങൾ ഏററു പറഞ്ഞു:

"സിന്ദാബാദ്"

വീണ്ടും അയാൾ അലറി:

"ഇങ്കിലാബ്—"

എവിടെ നിന്നോ കേൾക്കായി:

"സിന്ദാബാദ്"

*　　*　　*　　*

തെരഞ്ഞെടുപ്പുതീയതി! കോൺഗ്രസ്സിന് വമ്പിച്ച സജ്ജീകരണങ്ങളാണുണ്ടായിരുന്നതു്. വളരെയധികം സന്നദ്ധഭടന്മാരുണ്ടു്. ഗാന്ധിത്തൊപ്പി എവിടെയും കണ്ടു. കള്ളും ചാരായവും നദിപോലെ ഒഴുകി. പണത്തിനു യാതൊരു ക്ഷാമവുമില്ല. മുതലാളിമാരുടെ ബോട്ടുകളും വള്ളങ്ങളും കോൺഗ്രസ്സ്കൊടിയും പേറി പാഞ്ഞുകൊണ്ടിരുന്നു.

സംഘങ്ങളായി വോട്ടറന്മാർ വന്നു. ഒരു വലിയ യന്ത്രം പ്രവർത്തിക്കുന്നതു് ഞാൻ കണ്ടു. വലിയ കശാപ്പുയന്ത്രത്തിലേയ്ക്കു മാടുകളെ നീക്കപ്പെടുന്നതുപോലെ, വോട്ടറന്മാരെ പോളിംഗ് ബൂത്തിലേയ്ക്കയയ്ക്കുന്നു...വോട്ടുപെട്ടിയിൽക്കൂടി പരിഷ്കാരം വരുത്താമെന്നു പറയുന്നതിന്റെ

അത്ഥശൂന്യത അന്നാണു മനസ്സിലായതു്. പാവപ്പെട്ട മനുഷ്യർ! ഒരു യന്ത്രത്തിൽക്കൂടി അവർ കടന്നുപോയി തിരിച്ചുവന്നു. എന്തിന്നു പോകുന്നുവെന്നോ, എന്തുചെയ്യുവെന്നോ, ചെയ്യതിൻെറ അത്ഥമെന്തെന്നോ അവക്കറിയാമോ? ആ പ്രവൃത്തി തങ്ങളുടെ ജീവിതത്തെ എങ്ങനെ ബാധിക്കുമെന്നു് അവർ ചിന്തിച്ചിട്ടുണ്ടോ? ആരോ പറഞ്ഞു, അതനുസരിച്ചു ചെയ്യു. പണവും സ്വാധീനവും എല്ലാം പിന്നിലുണ്ടായിരിക്കും. എന്നിട്ടവകാശപ്പെടുന്നതോ? ഭൂരിപക്ഷം കിട്ടിയെന്നു്!

ആ യന്ത്രം ഊജ്ജിതമായിപ്രവത്തിച്ചു. ഒരൊററ ശബ്ദമേ പോളിംഗ്ബൂത്തിൽ കേൾക്കുവാനുള്ളു. കോൺഗ്രസ്സ് സ്ഥാനാത്ഥിയുടെ പേർ!

രണ്ടു മണി കഴിഞ്ഞു. ആ യന്ത്രത്തിനു് ഒരു മന്ദത സംഭവിച്ചു. എന്തിനായി അതു പാടുപെടണം? എനിക്കു് ഒരു വോട്ടുപോലും കിട്ടിയില്ല. എനിക്കു കിട്ടുമെന്നു പ്രതീക്ഷിച്ചതു് തൊഴിലാളിയുടെ വോട്ടാണു്. ഒരൊററ തൊഴിലാളിപോലും വന്നിട്ടില്ല.

അവർ വരികില്ലേ? എന്താണതു്? മുതലാളിമാർ സംശയംമൂലം അവരെ തടഞ്ഞിരിക്കയോ. അതോ, കോൺഗ്രസ്സിനു് വോട്ടുചെയ്യു എന്ന പാപം ചെയ്യാതിരിക്കാൻ അടങ്ങിയിരിക്കയൊന്നോ?

പുറത്തിറങ്ങി ഞാൻ വന്നു. ചിലർ എന്നെ കളിയാക്കി. മററു ചിലർ, എന്തിനു് വാരിക്കുന്തക്കാരുടെ ആളായി എന്നു ചോദിച്ചു. ഒരാൾ പറഞ്ഞു: "ആറുമണിയാകുമ്പോൾ സാറിനു് ഒരു വോട്ടു തരീക്കാം."

വീണ്ടും ഒരു മണിക്കൂർകൂടി കഴിഞ്ഞു. ഒരു മദ്ധ്യവ

യസ്സനായ പുലയൻ പോളിംഗ്ബൂത്തിലേയ്ക്കു കയറിവ ന്നു. അതു് ഒരു വിശേഷസംഭവമായിരുന്നു. ആളുകൾ ജ നലിൽക്കൂടി അകത്തേയ്ക്കു് എത്തിനോക്കി. ആദ്യമായി അവിടെ വരുന്ന കൃഷിത്തൊഴിലാളിയാണവൻ.

പോളിംഗ് ആഫീസർ പേരും ഇരട്ടപ്പേരും ചോദി ച്ചു, വയസ്സും പറഞ്ഞു. ബാലട്ടുപേപ്പർ എടുത്തു കൊടു ക്കാൻ ഭാവിച്ചപ്പോൾ ആ പുലയൻ പറഞ്ഞു, എഴുത്തറി ഞ്ഞുകൂടെന്നു്. ആർക്കാണു് വോട്ടുചെയ്യുന്നതെന്നു് അദ്ദേ ഹം ചോദിച്ചു.

ഇടിവെട്ടുന്നസ്വരത്തിൽ അവൻ എൻെറ പേർ പ റഞ്ഞു.

കെട്ടിടം കുലുങ്ങിയതായി തോന്നി. കാൺഗ്രസ്സി ൻെറ ഏജൻറ് നടുങ്ങി. അവൻ ഇറങ്ങിപ്പോയി. പുറ ത്തുനിന്ന അവൻെറ തമ്പുരാൻ അവനെ ഉററുനോക്കി. എല്ലാററിനേയും വെല്ലുവിളിച്ചുകൊണ്ടു് എന്നപോലെ അവൻ നടന്നു മറഞ്ഞു.

ആ ഒററ വോട്ടിനോളം വിലപിടിപ്പുള്ള മറെറാരു വോട്ടും അവിടെ പോൾ ചെയ്തിട്ടില്ല. തൊഴിലാളിയുടെ ചെറുക്കുവാനുള്ള ശക്തി നശിച്ചിട്ടില്ല. അവൻ ഉയരും, പടരും, നാട്ടിന്നു പുതിയ ഉണർവ്വു് ഏകുകയുംചെയ്യും.

കടവിൽ അടുത്തുകെട്ടിക്കിടന്ന ബോട്ടുകൾ ഓടാൻ തുടങ്ങി; കൂടുതൽ വേഗത്തിൽ. സന്നദ്ധഭടന്മാർ വീണ്ടും ഓട്ടംതുടങ്ങി. ചായക്കടകളിൽ വീണ്ടും ചായയടി ആരം ഭിച്ചു. അവൻെറ ശബ്ദം അവരെ പേടിപ്പിച്ചു.

# ഒരു കുണുക്കുതീക്കൽ

പെണ്ണായി ജനിക്കുന്നതിന് വ്യക്തമായി ഒരുദ്ദേശ്യമേയുള്ളു; പെറുക; കുഞ്ഞിനെ വളത്തുക. ആ ശരീരഘടനയ്ക്കു മറെറന്താണു സമാധാനംപറയാനുള്ളതു്? പെറുക; അങ്ങനെ മനുഷ്യവംശം നശിക്കാതിരിക്കുക!

നഗരമാകെ അലഞ്ഞുതിരിഞ്ഞുകൊണ്ടിരുന്ന പെണ്ണിന് പ്രായം വന്നപ്പോൾ, അവൾ ഗർഭിണിയായി. എന്തിനുവേണ്ടി അവൾ ജനിച്ചോ, ആ കാര്യം അങ്ങനെ നിർവ്വഹിക്കപ്പെട്ടു. അവൾ പ്രസവിച്ചു. അവളുടെ മാറത്തു് മുല എന്തിനു വളന്നുവോ അങ്ങനെ ആ ഉദ്ദേശ്യവും നിർവ്വഹിക്കപ്പെട്ടു അവൾ ഒരു കുഞ്ഞിനേയും ഒക്കത്തിലെടുത്തുകൊണ്ടു നടക്കുന്നതു കാണായി.

ഗർഭം പൂർത്തിയായി വന്നപ്പോൾ ചില വിമ്മിഷ്ടങ്ങളുണ്ടായിരുന്നു. വലിയ വേദന അനുഭവിച്ചാണു് അവൾ പ്രസവിച്ചതും. ആ കുഞ്ഞു് ഒരു ഭാരമാണു്; ക്ലേശമാണു്. പണ്ടു് കിട്ടുന്നതുമുഴുവൻ അവൾക്കു തിന്നാമായിരുന്നു; രണ്ടുകൈയുംവീശി നടക്കാമായിരുന്നു. ഇന്നു വല്ലതും കിട്ടിയാൽ അതിനും കൊടുക്കണം.

ആ കുഞ്ഞു് വളരണമെന്നു് അവൾക്കുണ്ടു്. അതിനെക്കുറിച്ചു് പ്രതീക്ഷകൾ അവൾക്കുണ്ടോ? ഉണ്ടായിരിക്കണം. പ്രതീക്ഷകളാണല്ലൊ ഉൽക്കണ്ഠകൾക്കു നിദാനം. ആ കുഞ്ഞു് വളരണമെന്നും, എന്നിട്ടതു് അവളെ സംരക്ഷിക്കണമെന്നും ഒക്കെ അവൾക്കു് സ്വപ്നങ്ങൾ കാണും.

അതിനെ തീററുന്നതും, വാത്സല്യിക്കുന്നതും, സൂക്ഷിക്കുന്നതും എല്ലാം എന്തിന്റെ പേരിലാണു്? ഇപ്പഴേ അവൾ ഉമ്മ മേടിക്കുന്നുണ്ടു്. തലോടിയും താലോലിച്ചും സംതൃപ്തി അടയുന്നുണ്ടു്. അപ്പോൾ അവൾക്കു് സ്വപ്നങ്ങളുണ്ടു്; പ്രതീക്ഷകളുണ്ടു്.

പത്തുമാസം ചുമന്നു; നൊന്തുപ്രസവിച്ചു. അവളുടെ ജീവരക്തം കൊടുത്തു വളർത്തുന്നു. അമ്മ കുറെയേറെ സഹിക്കേണ്ടേ? അപ്പോൾ തിരിച്ചുകിട്ടണമെന്നു തോന്നും. ഏതു തള്ളയുണ്ടു്; മനുഷ്യസമുദായത്തിനുവേണ്ടി പ്രസവിച്ചു്, കുഞ്ഞുങ്ങളെ വളർത്തിയതായി? ആരുമില്ല. അവൾക്കുവേണ്ടി പെററു; വളർത്തി. തന്തയുണ്ടെങ്കിലും ഇല്ലെങ്കിലും! സ്വാർത്ഥതതന്നെ! അല്ലെങ്കിൽ കൂലിക്കുവേണ്ടി വേലചെയ്യുന്നു.

അപ്പോൾ ഉൽക്കണ്ഠയ്ക്കു നിദാനം എന്തെന്നു വ്യക്തമായല്ലോ. പെറുക; വളർത്തുക; അതാണു തൊഴിൽ. അതിനു് ആദായംവേണം. ആ തൊഴിലിനു് സ്വാഭാവികമാണു് ഉൽക്കണ്ഠ.

ആ കുഞ്ഞിനു് നടക്കാൻ പ്രായമായപ്പോൾ വീണ്ടും അവളുടെ വയറു വീർത്തു. അവൾ പെണ്ണാണു്; പെറാൻ ജനിച്ചവളാണു്. പെറാൻവേണ്ടി സൃഷ്ടിക്കപ്പെട്ടതാണു് ആ ശരീരം. തെണ്ടിയാണെങ്കിലും അവൾ ആഹാരം കഴിക്കുന്നുണ്ടു്. ശരീരത്തിൽ മാംസമുണ്ടു്. അതിനു തരുതരുപ്പുണ്ടു്. വീണ്ടും അവൾ പ്രസവിച്ചു. ഒന്നിനെ ഒക്കത്തിലും മററതിനെ കൈയ്ക്കും പിടിച്ചുകൊണ്ടു് അവൾ തെണ്ടി.

തെണ്ടിക്കിട്ടുന്നതിന്റെ മൂന്നിലൊന്നുമാത്രമേ അവൾക്കു കഴിക്കാനൊക്കുന്നുള്ളു. ചിലപ്പോൾ ആ കുഞ്ഞു

ങ്ങളുടെ വയറടയ്ക്കാൻ കിട്ടുന്നില്ല. അപ്പോൾ അവററകൾ കരയും. അവളുടെ വയറും പൊരിയുകയായിരിക്കും. അവൾക്കു ദേഷ്യംവരും.

രാത്രിയിൽ കിടന്നുറങ്ങാൻ ഒക്കുകയില്ല. രണ്ടുംകൂടി ക്കരയും. നടക്കുന്ന കൊച്ചു് സിദ്ധാന്തംപിടിച്ചു കരയുമ്പോൾ രണ്ടിനേയും ഓരോ ഒക്കത്തിൽ എടുത്തുകൊണ്ടു് നടക്കും. അങ്ങനെ എത്രദൂരമാണു് എടുത്തുകൊണ്ടുനടക്കാൻ കഴിയുക!

വൻഭാരത്തിൻെറ ക്ലേശം അവളുടെ മുഖത്തു കാണാം. ചിലപ്പോൾ എണ്ണമയമില്ലാതെ ചകരിക്കെട്ടുപോലെ പറന്നുകിടക്കുന്ന തലമുടിയിൽ പിടിച്ചുപൊക്കി മൂത്തകൊച്ചിനെ അലക്കുന്നതു കാണാം. കരയുന്ന ഇളയ കൊച്ചിൻെറ മൂക്കും വായും പല്ലുകടിച്ചു് എന്തോ പറഞ്ഞു് അടച്ചുപൊത്തിപ്പിടിക്കുന്നതു കാണാം. എല്ലാം തന്നത്താൻ മറന്നു ചെയ്യുന്നതാണു്.

വൃക്ഷച്ഛായയിൽ, മടിയിൽ തലവെച്ചു കിടന്നുറങ്ങുന്ന കുഞ്ഞുങ്ങളുടെ തലയിൽ പേൻ കൊന്നുകൊണ്ടിരിക്കും. അവരുടെ ശരീരത്തു് പററിയ മണൽ തൂത്തുകൊണ്ടിരിക്കും. അവൾ അനങ്ങുകയില്ല. അവർ ഉറങ്ങട്ടെ! സുഖമായി ഉറങ്ങട്ടെ!

ഗൃഹനായികമാർ അവളോടു ചോദിക്കും:

"ഒന്നല്ല രണ്ടെണ്ണമായല്ലോടീ!"

അവൾ പറയും:

"ദൈവംതന്നതാ അമ്മച്ചി, ഞാൻ വളത്തും."

എന്നിട്ടവൾ തുടരും:

"നാഴി കഞ്ഞി കിട്ടിയാല് വെള്ളം മോന്തിക്കൊണ്ടു് പറവുകൊട്ടത്തു വളത്തും."

എന്നിട്ടവറം അവരെ നോക്കി ആനന്ദിക്കുന്നു. ഇളയ കുഞ്ഞിൻെറ നിറുകയിൽ ചുംബിക്കുന്നു.

ഹൃദയവതിയായ ഗൃഹനായിക പറഞ്ഞു:

"എത്രപേരു് ഒരു കൊച്ചുകാലുകാണാൻ നൊയമ്പു നോക്കുന്നു."

അപ്പോറം മററൊരുവറം പറഞ്ഞു:

"അതേ, വയസ്സുകാലത്തു് അത്തുങ്ങറം തെണ്ടിയോ എരന്നോ നാഴി വെള്ളം കൊണ്ടുകൊടുക്കും."

തെണ്ടിയുടെ മക്കളെങ്കിലും അവക്കും ആഗ്രഹങ്ങളുണ്ടു്. ഈ ഭൂമിയിലെ വിഭവങ്ങറം അവക്കു വിധിച്ചിട്ടില്ലെന്നവക്കറിയാമോ? ജനിച്ചതുകൊണ്ടുതന്നെ അവക്കും അവകാശപ്പെട്ടതാണു്; അതുകൊണ്ടുതന്നെയായിരിക്കണമല്ലൊ അവക്കാശയുമുള്ളതു്.

കാപ്പിക്കടയിൽ തൂങ്ങുന്ന പഴക്കല നോക്കി ചൂണ്ടിക്കാണിച്ചു കരയും. കിട്ടാതെ മാറുകയില്ല. കളിപ്പാട്ടങ്ങറം വേണം. അവറം എന്തു ചെയ്യും? അവറം മോഷ്ടിച്ചിട്ടുണ്ടു്. അങ്ങനെ കുറെ സിദ്ധാന്തങ്ങറം സാധിച്ചും കുറെ സാധിക്കാതെയും പോയിട്ടുണ്ടു്.

എന്തിനായി കുട്ടികളെ ജനിപ്പിക്കാനുള്ള വാസന അവളിലുണ്ടായി? ഓ, തെററിപ്പോയി. അവറം പെണ്ണായി ജനിച്ചല്ലോ. ആ മാംസത്തിൻെറ പ്രകൃതമാണതു്. വളത്താനുള്ള ചുമതലയും പെണ്ണിനേയുള്ളോ? അത്രയുമേയുള്ളു. സത്യത്തിൽ ഒരനീതിയാണതു്. അവളും കുട്ടികളും കൂടി അങ്ങനെ റോഡിൽക്കൂടിപോകുമ്പോറം ആ പിള്ള

രുടെ ജനനത്തിന് ഉത്തരവാദിയായ പുരുഷനും അതിലേ പോകുന്നുണ്ടായിരിക്കാം. അവന് ഒരു ചുമതലയുമില്ല. അതിൽ ഒരു നീതികേടുണ്ട്. മനുഷ്യവംശത്തിനുവേണ്ടിയുള്ള ചുമതലയാണ് കുട്ടികളെ വളർത്തുക എന്നാണെങ്കിൽ, പുരുഷനു ചുമതല വേണ്ടേ?

അവൻ കടന്നുകളക! അതുപാടില്ല. പെണ്ണിനു പ്രസവവേദനയുണ്ടാകുമ്പോൾ ആണിനും തുല്യമായ വേദനയുണ്ടാകണം. സ്ത്രീക്ക് ഒരു മുല മതി; മറേറമുല പുരുഷനായിരിക്കണം. അപ്പോൾ അങ്ങനെ നിരുത്തരവാദമായി പുരുഷൻ പോവുകയില്ല. പാലുതിങ്ങി മുല കഴച്ച് അവൻ ഓടിയെത്തും.

ഓ! ബാലിശമായ ചിന്താഗതി! അല്ലേ? സാരമില്ല.

ഒക്കത്തിലിരുന്ന കുഞ്ഞ് നിലത്തിറങ്ങിയപ്പോൾ വീണ്ടും അവളുടെ വയറുവീർത്തു. തെററ് ഒരിക്കൽ വരാം. അന്നവൾ ചെറുപ്പമായിരുന്നു. മാംസത്തിൻെറ തരുതരുപ്പുമൂലം വരുംവരായ്ക മനസ്സിലാകാതെ വന്നുപോയി. രണ്ടാമത്തും സംഭവിച്ചു. ഇത്രയും അനുഭവിച്ച അവൾക്ക് ഈ ഭാരം ചുമക്കുന്ന അവൾക്ക്, മൂന്നാമത്തു തെററുവന്നതു ശരിയല്ല. ഇനിയും അടക്കവും ഒതുക്കവും വന്നില്ലേ? വരുംവരായ്ക മനസ്സിലായില്ലേ?

അവൾ പെണ്ണാണ്; പെണ്ണ് ഇത്രയുമേ പൊറാവു എന്നുവച്ചിട്ടില്ല. അതുകൊണ്ട് അതു സംഭവിച്ചതാണോ?

അല്ല, ഒരു രാത്രിയിൽ ഏത്തപ്പഴത്തിനുവേണ്ടി മൂത്തകൊച്ച് കിടന്നുകരഞ്ഞു. അന്ന് ഓടയിൽനിന്നും ഒരു കഷണം ഏത്തപ്പഴം തിന്ന് അതിന് സ്വാദുപററി. അടുത്ത കടത്തിണ്ണയിൽ കിടന്നുറങ്ങിയ ഒരുവൻ—അവനും

ഒരു തെണ്ടിയായിരിക്കാം—ഉന്നൻ അവളുംവന്നു. അവ നംതമ്മിൽ സംസാരിച്ചു. അവൻെറ ആകെ വക രണ്ട ണയാണ്. അതവൾ വാങ്ങി. കുഞ്ഞു് ഏത്തപ്പഴംതിന്ന് കിടന്നുറങ്ങി.

അതാണ് പിന്നീടും വയറു വീത്തതു്. അല്ലാതെ മാംസത്തിൻെറ തരുതരുപ്പല്ല. പക്ഷെ, അവളുടെ ശരീ രം പച്ചമാംസവും രക്തവുമാണ്. പിന്നീടും അവൾ ഗർ ഭം ധരിക്കണമെന്നു പ്രകൃതി നിശ്ചയിച്ചു.

മൂന്നാമത്തെ കുഞ്ഞിനെ ഒക്കത്തിലെടുത്തു്, രണ്ടാമ ത്തേതിനെ കൈക്കുപിടിച്ചു്, മൂത്തതിനെ പിന്നാലെ നട ത്തി അവൾ നടന്നുപോയി.

മൂത്ത കുഞ്ഞിന് ആഹാരം തേടാൻ നല്ല വാസനയാ ണ്. അതിൻെറ ഉണ്ടക്കണ്ണുകൾ എവിടെനിന്നും തിന്നാ നുള്ള വസ്തു കണ്ടുപിടിക്കും. അതു കൈവെയ്ക്കുന്നിടത്തു തീ ററിയുണ്ടു്. പക്ഷേ, ഇളയ കുട്ടികൾക്കു കൊടുക്കുകയില്ല. അവൻെറ കൈ രണ്ടും എപ്പോഴും നിറഞ്ഞും വായ് ആടി ക്കൊണ്ടുമിരിക്കും. ഇളയകുട്ടികൾ അതുകണ്ടു കരച്ചി ലാണ്.

തള്ള മൂത്തവനെ ശപിക്കും:

"അമ്പേ കാലാ, നിൻെറ കൂടപ്പിറപ്പുല്യോടാ."

വായ് നിറഞ്ഞിരിക്കുകയാൽ അവനു മിണ്ടാൻവയ്യ.

അവനെ പലപ്പോഴും തള്ളയുടെ പിന്നാലെ കാണു കയില്ല. അവൻ ഓടിച്ചെന്നു കൂടുകയാണ്. അതെന്തിനെ ന്നോ? അമ്മയുടെകൂടെ നടക്കാൻവേണ്ടിയല്ല. അമ്മയുടെ പങ്കു കിട്ടുവാൻവേണ്ടി.

നിങ്ങൾ അവളെ വേണ്ടുവോളം കുററപ്പെടുത്തി

ക്കൊള്ളുക. അവൾ നാലാമതും ഗർഭിണിയായി. ഏതു സാഹചര്യത്തിലെന്നു പറയുന്നില്ല. പറയുന്നതുകൊണ്ടു ഫലമില്ല. പക്ഷേ, അവൾതന്നെ ചുമന്നു; അവൾതന്നെ വേദനതിന്നു പെററു. അവളുടെ മുലകുടിച്ച് ആ കുഞ്ഞു വളരുന്നു. നിങ്ങൾക്ക്, മനുഷ്യവംശത്തിന്, ഒരു സംഭാവനയും ചെയ്തു. എന്തിനെന്നോ? ഇങ്ങനെയുള്ള സന്താനങ്ങൾ എന്തിനെന്നോ? അവൾ പെറണമെന്നു പ്രകൃതി നിശ്ചയിച്ചതെന്തിന്?

ഒന്നേ സംശയമുള്ളു. ആ കടത്തിണ്ണയിൽ, മൂന്നു സന്താനങ്ങളും ഉറങ്ങിക്കഴിഞ്ഞപ്പോൾ, പരിസരങ്ങൾ നിശ്ശബ്ദമായപ്പോൾ, അവളുടെ അടുത്തേയ്ക്ക് ഇഴഞ്ഞുചെന്ന പുരുഷനോട് അവൾ എന്തെല്ലാം പറഞ്ഞുകാണും? "അരുത്, അരുത്," എന്നു വിലക്കിക്കാണുകില്ലേ? "ഇനിയും എനിക്കു പെറാൻ വയ്യ," എന്നു പറയാതിരിക്കാൻ ഇടയില്ല. വികാരാവേശനായ മനുഷ്യനുണ്ടോ അതെല്ലാം ചെവിക്കൊള്ളുന്നു. ഏതായാലും രണ്ടോ നാലോ അണ കൈമാറിക്കാണും. ആ കൈമാററത്തോടുകൂടി നടന്ന കരാറിൽ ഭാവിയെക്കുറിച്ച് ഒരു വ്യവസ്ഥയുമില്ലായിരുന്നോ? ഇല്ലായിരുന്നിരിക്കാം.

തെണ്ടികളെങ്കിലും, മനുഷ്യരാണ്. മാംസത്തിന്നു മാംസത്തോടു ചേൎന്ന് ഒന്നാവാൻ ഒരു കുതിപ്പുണ്ട്.

*        *        *        *

രണ്ടു പിള്ളർ പിന്നിൽ, ഒന്നിനെ കൈയ്ക്കുപിടിച്ചിട്ടുണ്ട്, ഒന്ന് ഒക്കത്തിൽ—ഇങ്ങനെയാണ് ആ ഘോഷയാത്ര.

ഒരു പടിക്കൽനിന്നും നാഴി കഞ്ഞിവെള്ളം കിട്ടി

യാൽ, അവരം പ്രതിജ്ഞ ചെയ്തതുപോലെ പറന്ന കൊട്ടുകവാനായി വെള്ളം കുടിക്കാൻ ചട്ടി ചുണ്ടോടടുപ്പിക്കുമ്പോരം നാലു കൈകരം പിടിയായി. ആ വെള്ളവും പറന്നം തുവിപ്പോവും. അവരം എന്തുചെയ്യും?

ഇനിയും അവരം പെറുമോ? എന്തോ, സംശയമാണു്. മാംസമില്ല, എല്ലേയുള്ളു. ആ നിലയിൽ പ്രയാസമാണു്. എങ്കിലും തീർത്തു പറയണ്ട.

ഒരു ഘോരമായി മഴ പെയ്യുന്ന രാത്രിയിൽ മൂന്നാമത്തെകുഞ്ഞു ഛർദ്ദിൽ തുടങ്ങി. വയറുമിളകി. എന്തു സംഭവിക്കുന്നഎന്നറിഞ്ഞുകൂടാ. രണ്ടാമത്തെ കുട്ടിമാത്രം ഉണന്നെഴുനേററിരുന്ന ചോദിച്ചു:

"എന്താ അമ്മേ രാമനു്?"

രാമനെ അവൻ തലോടിനോക്കി. ഛർദ്ദിൽ നിന്നപ്പോരം അവൻ ചോദിച്ചു:

"എന്താ അമ്മേ രാമൻ ഛർദ്ദിക്കാത്തേ?"

അമ്മ രാമനെ വിളിച്ചു നിലവിളിക്കുകയാണു്.

നേരം വെളുക്കുംവരെ ആ രണ്ടാമത്തെ ചെറുക്കൻ ഉറങ്ങിയില്ല. നേരം വെളുത്തപ്പോരം അവൻെറ അനുജൻ മരിച്ചുവിറങ്ങലിച്ചു കിടക്കുന്നതു കണ്ടു. ഇളയകുഞ്ഞിനെയും എടുത്തു്, അവരം ഏത്തപ്പുഴത്തിനുള്ള രണ്ടണയ്ക്കുവേണ്ടി ജനിച്ച കുഞ്ഞിനെ അവസാനമായി ഉമ്മവെച്ചു. എന്നിട്ടു നടന്നു. ഇളയകുഞ്ഞു് മരിച്ചുകിടക്കുന്ന കുഞ്ഞിനെ ചൂണ്ടിക്കാണിച്ചുകൊണ്ടു് അതിൻെറ ഭാഷയിൽ എന്തോ പറഞ്ഞു. ഒരു പക്ഷേ, എന്താണു് ചേട്ടനെ കൈക്കുപിടിച്ചു കൊണ്ടുവരാത്തതെന്നു ചോദിക്കുകയായിരിക്കാം!

അവർ നാലുപേരും ഒരുമിച്ചായിരുന്നു ഇന്നുവരെ! രണ്ടാമൻ ഒട്ടുദൂരമാവുംവരെ തിരിഞ്ഞുനോക്കിക്കൊണ്ടിരുന്നു.

ആ ഘോഷയാത്ര നാലുപേരായി കുറഞ്ഞു.

മൂത്തചെറുക്കൻ അവൻെറ ആഹാരംതേടി പോകും. വയ്യിട്ടു തിരിച്ചുവരും. വല്ലതും കൈയിലുണ്ടോ എന്നു തള്ള ചോദിക്കും. അവനുതന്നെ തികയണ്ടേ? പക്ഷെ, തള്ള അവനു വല്ലതുമൊക്കെ വെച്ചിരിക്കും; അതു തിന്നാനാണു വരുന്നതു്. എന്നിട്ടു് അവിടെത്തന്നെ കിടന്നെന്നുമാവാം, പോയി എന്നും ആകാം. രാത്രിയിൽ അവൻ പോയാൽ, തള്ള ഉറങ്ങുകയില്ല. അവൻെറ പിന്നാലെ ആ ആത്മാവു് ഉഴലുകയായിരിക്കും.

ഒരുദിവസം അവൻ വന്നില്ല. പിററന്നും കണ്ടില്ല. അടുത്തദിവസവുമില്ല. രണ്ടാമത്തെ കുഞ്ഞു ചോദ്യമായി.

"ഏട്ടൻ എന്തിയേ അമ്മേ?"

അവരം പിന്നെ കുറേദിവസത്തേയ്ക്കു തെണ്ടുകയായിരുന്നില്ല. നഗരമാകെ പലആവർത്തി ചുററുകയായിരുന്നു. ഹോട്ടലിൻെറ പിന്നിലും മുട്ടക്കിലും കുപ്പക്കുന്നയ്ക്കു പിന്നിലും എല്ലാം അവരം പലവട്ടം തിരഞ്ഞു. പലരോടും ചോദിച്ചു. നാലുപിള്ളർ ഒരുമിച്ചുനില്ക്കുന്നതുകണ്ടാൽ അവിടെ ഓടിയെത്തും.

അവരംക്കു് ഒന്നറിഞ്ഞാൽ മതി. അവൻ ജീവിച്ചിരിക്കുന്നു എന്നറിഞ്ഞാൽ മതി.

ഉറങ്ങാൻ കിടക്കുമ്പോരം (രണ്ടാമത്തെ കുഞ്ഞു് പറയും:

"അമ്മച്ചീ പേട്ടനിന്നുവരും. വെച്ചേക്കണേ ചേട്ടന്."

അവൾ എത്രനാളായി ആ ചിരട്ടയിൽ കിട്ടിയതിൻെറ വീതം വെച്ചിരിക്കുന്നു!

ഒരുദിവസം ഉറക്കത്തിൽനിന്നും അവൾ 'മോനേ' എന്നു ചാടിയെണ്ണീററു. അവൻ വന്നു വിളിച്ചതായി തോന്നി.

അവൻ മരിച്ചിരിക്കണമെന്നാണു് അവൾക്കു തോന്നിയതു്. അവൾ അവൻെറ ശബ്ദം വ്യക്തമായി കേട്ടു. ഉണൎന്നപ്പോൾ അവനില്ല. അവൻ മരിച്ചു, ആത്മാവു വന്നു വിളിച്ചതാണു്!

ഒരുപക്ഷേ, പറക്കപെററിയ പക്ഷിക്കുഞ്ഞു് പറന്നു വിഹായസ്സിൽ മറഞ്ഞതായിരിക്കാം!

ആ രണ്ടാമത്തെ ചെറുക്കനു് കുറച്ചുനാളായി ഒരു ബുദ്ധി തോന്നുന്നുണ്ടു്. അവൻതന്നെ പോയാൽ വല്ലതും കിട്ടുമെന്നു്. തിന്നതിനുബാക്കി അമ്മയ്ക്കും കൊടുക്കാം. അവൻ ഒരുപാട്ടും പഠിച്ചിട്ടുണ്ടു്.

"അമ്മാ പശിക്കിറേൻ,
തായേ പശിക്കിറേൻ!"

തള്ള സമ്മതിച്ചു.

അവൻെറ ആദ്യദിവസം വിജയപ്രദമായിരുന്നു.

ആകെക്കൂടി തളൎന്നുപോയ തള്ള ഒരിടത്തിരിപ്പാണു്. ഇപ്പോൾ അവളുടെ കുഞ്ഞു് അവൾക്കു തെണ്ടിക്കൊണ്ടുവന്നു കൊടുക്കുന്നു.!

ഒന്നേ പ്രസവിച്ചിരുന്നുള്ളു എങ്കിൽ അവൾക്കിതു കിട്ടുമായിരുന്നോ?

അവൻ ഉച്ചയ്ക്കും വയ്യിട്ടും വരും. കിട്ടുന്നതു മുഴുവൻ കൊണ്ടുവരും. ആ പാട്ടുംപാടി അവൻ ചെന്നാൽ ആരും കൊടുത്തുപോകുമായിരുന്നു. അത്രനല്ല നാക്കാണു്; ഭാവമാണു്. അവൻ തെണ്ടാൻതന്നെ ജനിച്ചവനാണു്.

അമ്മയെ തീററി അവനു മതിയായില്ല.

ഒരുദിവസം ഉച്ചയ്ക്കുവൻ വന്നില്ല. തള്ള വയ്യോളം കാത്തിരുന്നു. അവസാനം അവൾ അന്വേഷിച്ചിറങ്ങി.

ഒരുമൂക്കിൽ കാറുകയറി നെഞ്ചരഞ്ഞുചേന്നു് അവൻ കിടക്കുന്നു. അവൻ തെണ്ടിക്കൊണ്ടുവന്നതെല്ലാം, അവളുടേയും കുഞ്ഞിൻേറയും അന്നത്തെ ആഹാരം റോഡിലെങ്ങും വിതറിക്കിടക്കുന്നു.

*　*　*　*

അവളെ ഭാരമൊഴിഞ്ഞു് ഒററയ്ക്കു കാണായി. നാലാമത്തേകുഞ്ഞു മരിച്ചായിരിക്കാം; അല്ലെങ്കിൽ അതും പാട്ടുനോക്കി പോയതായിരിക്കാം; അതുമല്ലെങ്കിൽ മൂന്നെണ്ണവും പോയസ്ഥിതിക്കു് നാലാമത്തതും നിഷ്പ്രയോജനമെന്നു കണ്ടു് ഉപേക്ഷിച്ചായിരിക്കാം. എത്രനാളായി കാര്യമില്ലാതെ അവൾ ചുമക്കുന്നു. ഒന്നു നേരെ നടക്കട്ടെ.

പിന്നീടവളെ ഒരു കാട്ടുകമ്പിൽ താങ്ങിനടക്കുന്നതു കാണായി.

*　*　*　*

നഗരത്തിൽനിന്നും പോകുന്ന ഒരു രാജവീഥി. നഗരത്തിന്റെ പരിധി കഴിഞ്ഞു നാട്ടിൻപുറമായിക്കഴിഞ്ഞു. റോഡരികിൽക്കൂടി അവൾ നിരങ്ങുകയാണു്. ആ കാട്ടുകമ്പും ഒരു ഭാണ്ഡക്കെട്ടും ഉണ്ടു്. അതും കൈയിൽനിന്നു വിടാതെ നിരങ്ങുകയാണു്.

എന്തിനവൾ നിരങ്ങുന്നു? ഇനിയും എത്തിച്ചേരേണ്ട ലക്ഷ്യം ഉണ്ടോ? ഉണ്ടായിരിക്കാം. ഓരോ മനുഷ്യനും എത്തിച്ചേരേണ്ട സ്ഥലം നിശ്ചയിക്കപ്പെട്ടിട്ടുണ്ടായിരിക്കാം. അതെവിടമെന്നു നിശ്ചയമില്ല. പക്ഷേ, അവിടെ വരെ എത്തിച്ചേർന്നേ പററൂ. അവളുടെ സ്ഥലം എത്തിയില്ല.

ഒരു പക്ഷേ, നിരങ്ങാതിരുന്നാൽ അവളുടെ ജീവിതം അല്പസമയംകൂടി ദീർഘിച്ചേക്കും. അതുപാടില്ലല്ലോ. സമയവും കണക്കാക്കപ്പെട്ടതാണ്. അതിനകം ജീവശ്ശക്തി ക്ഷയിച്ചു തീരണം. അതിനുവേണ്ടിക്കൂടി അവൾ നിരങ്ങുകയായിരിക്കും.

വഴിയാത്രക്കാർ ഒന്നു നോക്കിയിട്ടുപോയി. അവർക്കു നില്ക്കാൻ സമയമില്ല. അവർക്കും അവരുടെ സ്ഥലങ്ങളിൽ എത്തിച്ചേരണ്ടെ?

മാറത്ത് ഒരു പാടുപോലെ കാണുന്നത് നാലുകുട്ടികൾ കുടിച്ച മുലയാണ്. എളിയിൽ കുഞ്ഞിനെ എടുത്തതിൻെറ തഴമ്പുണ്ട്. അവൾക്ക് അവളുടെ സ്രഷ്ടാവിന്റെ മുൻപിൽ സമാധാനം പറയേണ്ടതായില്ല. അവൾ പെണ്ണായി പിറന്നു; ചെയ്യേണ്ടതു ചെയ്തു.

അല്പനേരം നിരങ്ങിയിട്ട് അവൾ തിരിഞ്ഞുനോക്കും. ആരെയാണോ എന്തോ? അതോ, ജീവിതത്തെത്തന്നെ തിരിഞ്ഞുനോക്കുകയാണോ?

അത്രയും കാലം ജീവിച്ച ഒരാൾക്ക് കുറെ കാര്യങ്ങൾ ജീവിതത്തെക്കുറിച്ച് പറയുവാൻ കാണും. അവൾക്കും അനന്തരപരമ്പരകൾക്കും നൽകാൻ ഒരു സന്ദേശമുണ്ടാ

യിരിക്കും. അവർക്കു് അവളുടെ സന്ദേശം ഏല്പിക്കാൻ ആളില്ല.

അവർ തള്ളയായി. അവളേയും ഒരു തള്ള പ്രസവിച്ചതാണു്. ഒരു ദീർഘനിശ്വാസംപോലെ ഒരു ചെറുകാററുവീശി. വഴിയരികിലെ വൃക്ഷങ്ങളുടെ ഇലച്ചിൽ ഒരു മർമ്മരശബ്ദം ഉതിത്തു. ആ പരിസരത്തിൽ ഒരു പക്ഷേ, അവളുടെ അമ്മയുടെ ആത്മാവു് ഉഴലുന്നുണ്ടാവാം. അതിൻെറ ദീർഘനിശ്വാസമാവാം ആ ചെറുകാററു്. അജ്ഞാതമായ ഭാഷയിൽ മകളെ ആ ആത്മാവു് സാന്ത്വനപ്പെടുത്തുകയാകാം.

ഒരു വൃക്ഷത്തിൻെറ ഛായയിൽ എത്തിച്ചേൻ. പൊങ്ങിനിന്ന ഒരു വേരിൽ തല വെച്ചു്, ആ ജീവിതം അവസാനിച്ചു. അവസാനത്തെ ദാഹംകൊണ്ടു്,ഒരുതുള്ളി വെള്ളത്തിനുവേണ്ടി തുറക്കപ്പെട്ട വായ് അങ്ങിനെതന്നെ ഇരിക്കുന്നു. ഒരുതുള്ളി ജലം വീണിരുന്നെങ്കിൽ അതടയുമായിരുന്നു. കണ്ണുകൾ മിഴിച്ചുതന്നെ ഇരിക്കുന്നു. ആരും തിരുമ്മി അടയ്ക്കാൻ ഉണ്ടായിരുന്നില്ല. ഒരു കാൽമുട്ടു് നിവരാതെ വളഞ്ഞിരിക്കുന്നു.

ആ രംഗത്തിനു് ഒരു സന്ദേശമുണ്ടു്. അവളുടെ സന്ദേശത്തിൻെറ രത്നച്ചുരുക്കം! ഒന്നേ ആരും നോക്കുകയുള്ളൂ. നോക്കി അല്പനേരം നില്ക്കുകയാണെങ്കിൽ ഒരു പക്ഷേ, ആ സന്ദേശം വ്യക്തമായേക്കും.

ഒരു തെണ്ടിച്ചെറുക്കൻമാത്രം അവളെ ഉററു നോക്കിനില്ക്കുന്നുണ്ടായിരുന്നു. അവർ പറയുന്നതായിതോന്നി:

“ഞാൻ എൻെറ ജോലിചെയ്തു. ജീവിതകാലമത്രയും ഞാൻ ഭാരം ചുമക്കുകയായിരുന്നു. തണുപ്പുള്ള ഒരു സ്ഥ

ലത്തു് സമൃദ്ധിയായി വളരുന്ന പുൽപ്പടപ്പിന്ന നടുക്കു്ഒരി ക്കലും വററാത്ത ഒരടിയുറവയ്ക്കു് അഭിമുഖമായി എന്നെ കിടത്തണേ! ഞാൻ ആശ്വസിക്കട്ടെ!"

അവളുടെ മക്കളുണ്ടായിരുന്നെങ്കിൽ, ഒരു പക്ഷേ, അതായിരിക്കുകയില്ല അവൾക്കു പറയുവാനുള്ളതു്.

വിസ്മൃതമായി പോകുന്ന ഒരു ജീവിക്കു് ഇതല്ലാ തെ മറെറാന്നും പറയുവാനില്ല.

ആ തെണ്ടിച്ചെറുക്കൻ ആരാണു്? അവൻ എന്തി നിങ്ങനെ നോക്കിനില്ക്കുന്നു? ഒരുപക്ഷേ, അവളുടെ അടു ത്തിരിക്കുന്ന ഒരു ചെറു ഭാണ്ഡത്തിലാവാം അവൻ ദൃഷ്ടി ഉറപ്പിച്ചിരിക്കുന്നതു്!

# സ്ത്രീകൾക്കേ മനസ്സിലാകൂ

നാരായണനും കേശവനും തമ്മിൽ വഴക്കായി രണ്ടു കൊല്ലംമുൻപ് കുറെ ദിവസങ്ങൾ ഇരുവരും ഒരുമിച്ചു ജോലിചെയ്തു. ആ വകയിൽ കുറച്ചു കൂലി കുടിശ്ശിക കിട്ടാനുണ്ടായിരുന്നു. രണ്ടുപേർക്കായിട്ടാണു കിട്ടാനുണ്ടായിരുന്നതു്. മുഴുവനും കേശവൻ വാങ്ങിച്ചു. നാരായണൻെറ വീതം കൊടുത്തില്ല. അതു ചോദിച്ചാണു വഴക്കാരംഭിച്ചതു്.

വഴക്കു സ്വല്പം അങ്ങു മൂത്തു. തെററുകാരൻ കേശവനാണു്. സംശയമില്ല. അതയാൾക്കും ബോദ്ധ്യമുണ്ടു്. നിവൃത്തിയുണ്ടെങ്കിൽ അപ്പോൾ കൊടുക്കുമായിരുന്നു. അപ്പോൾ മുട്ടാപ്പോക്കു പറയുകയേ നിർവാഹമുള്ളു.

"എൻെറ കൈയിലുണ്ടാകുമ്പം തരും."

നാരായണനു ദേഷ്യം വന്നു.

"അതെന്നോടല്ല പറയേണ്ടതു്."

"പിന്നാരോടാടാ?"

"നിൻെറ തന്തയോടു പറയണം."

"നീ എൻെറ തന്തയ്ക്കു പറയുമോടാ?"

കേശവൻ ചാടി അടുത്തു. അടുത്തുനിന്ന കുട്ടപ്പൻ രണ്ടുപേരുടേയും ഇടയ്ക്കു വീണു. പിന്നെ തുടന്നതു നാക്കുകൊണ്ടുള്ള സമരമാണു്. നാരായണൻെറ നാക്കിൽനിന്നും കേശവൻെറ ഭാര്യയെ സ്പർശിക്കുന്ന ഒരു വാചകം വന്നു. കേശവൻ ചൊടിച്ചുപറഞ്ഞു:

"എടാ, ആ ചക്രമേ, നിൻെറ പെങ്ങള് എൻെറ കൈയീന്നു മേടിച്ചു."

ഒരിടിയാച്ചു് ഏററതുപോലെ നാരായണൻ നടുങ്ങി. അവൻെറ നാവു കെട്ടിപ്പോയി. ഒന്നും പറയാൻ വയ്യാതായി.

അങ്ങനെ ഒരു കഥ നാട്ടിൽ പരന്നിരുന്നു. അന്നു കൊച്ചുകുട്ടിയെ കല്യാണം കഴിച്ചിരുന്നില്ല. നാരായണനും കേശവനും വലിയ കൂട്ടുകാരായിരുന്നു. കേശവൻ ഇരിപ്പും കിടപ്പുമെല്ലാം നാരായണൻെറ വീട്ടിലായിരുന്നു. അന്നു പ്രചരിച്ച ഒരു അപവാദമാണു്. ഇപ്പോൾ കേശവൻതന്നെ പറയുന്നു ആ കാശു് അവൾ മേടിച്ചെന്നു്!

നാരായണനു് ഒന്നും മിണ്ടാനില്ല. നാലഞ്ചുപേർ അവൻെറ തരക്കാർ അവിടെ നിൽക്കുന്നുമുണ്ടു്. അതൊരു വലിയ അപമാനമല്ലേ? ഇനി എന്തെങ്കിലും കടത്തിപ്പറഞ്ഞാൽ, കൂടുതൽ കാര്യങ്ങൾ കേശവൻ പറഞ്ഞേക്കും.

നാരായണനു കുറേനേരത്തേയ്ക്കു് ഒന്നും മിണ്ടാനില്ലാതായപ്പോൾ ആ വഴക്കവസാനിച്ചു.

ജീവച്ഛവത്തെപ്പോലെ നാരായണൻ നടന്നുപോയി.

കുട്ടപ്പൻ കേശവനോടു ചോദിച്ചു:

"എങ്കിലും കൂവേ, താനതു പറഞ്ഞതു മര്യാദയായോ?"

കേശവനു സമാധാനമുണ്ടു്.

"പിന്നെ എൻെറ ഭാര്യ വഴിയരികിൽ താമസിച്ചു കണ്ടോനോടെല്ലാം കാശു മേടിക്കുന്നെന്നല്യോ അവനീ പറഞ്ഞതിൻെറ സാരം?"

"എന്നാലും താനതു പറഞ്ഞുകൂടാരുന്നു."

"ഉം? എന്താ? അതൊരു നേരാ. അവളു് ജമ്പറായി ട്ടും കാശായിട്ടും മേടിച്ചതാ."

"എന്നാലും അതു കൊടുത്തിട്ടു പറയുന്നതു നെറിവു കേടാ."

എല്ലാം ശ്രദ്ധിച്ചു കേട്ടുകൊണ്ടുനിന്ന പാപ്പു പ റഞ്ഞു:

"അതു പറയാതെ കേശവാ; താൻ അവൻെറ ചെ ങ്ങാത്തംപിടിച്ചുനടന്നു് അവൻെറ വീട്ടിൽ എല്ലാ സ്വാ തന്ത്ര്യവുമായി കഴിഞ്ഞപ്പോൾ അവൻെറ പെങ്ങളെ ചീ ത്തയാക്കി. അതു നെറിയാണോ?"

കൂടിനിന്നിരുന്നവക്കെല്ലാവക്കും ആ ചോദ്യം ചോ ദിക്കാനുണ്ടായിരുന്നു. കേശവനും ഒരു സമാധാനം പറ യാനുണ്ടായിരുന്നു.

"അതു ഞാനങ്ങനെ കൈക്കലൊക്കിയതല്ല. ഞങ്ങളു സ്നേഹിച്ചതാ."

കുട്ടപ്പനു് പെട്ടെന്നു മറെറാരു യുക്തിയുണ്ടായി.

"എന്നാലേലാ ഒട്ടും പറഞ്ഞുകൂടല്ലോ."

പെട്ടെന്നു് കേശവനു് ഉത്തരം മുട്ടി. എന്നാലും അ യാൾ സമാധാനമെന്നപോലെ ആ പ്രേമകഥ വിവരിച്ചു.

"അവൾക്കിപ്പഴും എന്നെ ജീവനാ. എന്നെ കണ്ടാ ല് കണ്ണു നിറയും. അവളെ കെട്ടിക്കൊടുത്തുകഴിഞ്ഞേ ഞാൻ കെട്ടിയുള്ളു."

എന്നാലും കേശവൻ ചെയ്തതു ശരിയായി എന്നു് ആരും പറഞ്ഞില്ല.

നാരായണനു് കരച്ചിൽ വന്നുപോയി. വീടിൻെറ പടിക്കൽ കൊച്ചുകുട്ടി നില്ക്കുന്നുണ്ടായിരുന്നു. അവൾ

കളിച്ച് നല്ലപോലെ വെളുത്തമുണ്ടും ചുവന്ന പുള്ളികളു ള്ള നീലബ്ലൗസും ധരിച്ചിരുന്നു. അവൾ തലമുടി അഗ്രം കെട്ടി ഇട്ടിരുന്നു. എന്തിനാണ് അവൾ അങ്ങനെ ഒരു ങ്ങി നില്ക്കുന്നതെന്ന് നാരായണൻ ഓർത്തു.

നാരായണൻ നടന്നടുത്തപ്പോൾ ആയാളുടെ കൊ ച്ചനുജത്തി ചോദിച്ചു:

"എന്താ കൊച്ചേട്ടാ, വല്ലാതിരിക്കുന്നെ?"

അയാൾ എന്തു പറയും. ഒന്നും മിണ്ടാതെ കയറി പ്പോയി. സ്വല്പനേരം അവിടെ കയറി കിടന്നിട്ട് അ യാൾ ഇറങ്ങിപ്പോയി. അപ്പോഴും കൊച്ചുകുട്ടി ചോദിച്ചു:

"എങ്ങോട്ടാ ചേട്ടാ പോകുന്നത്?"

അതിനും ഉത്തരം പറഞ്ഞില്ല. അമ്മ വന്നപ്പോൾ കൊച്ചുകുട്ടി വിവരങ്ങൾ പറഞ്ഞു. ആ വല്ലായ്മ എന്തു കൊണ്ടെന്ന് അവൾക്കറിഞ്ഞുകൂടാ.

"ഞാൻ ചോദിച്ചിട്ടു ചേട്ടൻ ഒന്നും പറഞ്ഞില്ല. അമ്മ ഒന്നു ചോദിക്കണേ! പാവം ചേട്ടന് വലിയ വി ഷമമാ."

"എന്നിട്ട് അവനെങ്ങോട്ടുപോയി?"

"അതും ഞാൻ ചോദിച്ചിട്ടു പറഞ്ഞില്ല."

അന്നോളം അങ്ങനെ ഒരു കാര്യം ഉണ്ടായിട്ടില്ല. നാരായണന് പെങ്ങൾ ജീവനെക്കാൾ വലുതാണ്. അ യാൾ കൊച്ചുകുട്ടിയായിരിക്കുന്ന കാലത്തു വലിച്ചുവാരി എടുത്തുകൊണ്ടു നടന്നു. പ്രായമായപ്പോൾ അവളുടെ എ ന്തിഷ്ടവും സാധിച്ചുകൊടുത്തിരുന്നു. ഇന്നും അവൾ അയാ ളുടെ കൊച്ചനുജത്തിയാണ്. അയാളോടു കൊഞ്ചുന്ന അ നുജത്തി; സിദ്ധാന്തംപിടിക്കുന്ന അനുജത്തി; ഇഷ്ടംതെ

ററിയാൽ മുഖം വീപ്പിച്ചു പൊറുപൊറുക്കുന്ന അനുജത്തി. അയാൾക്കു് ഒരു കൂടപ്പിറപ്പേയുള്ളു.

കൊച്ചുകുട്ടി അയാളെത്തന്നെ നോക്കിനിന്നു. കൂടക്കൂടെ പറയുന്നുണ്ടു്:

"അയ്യോ, എൻെറ ചേട്ടനു് എന്താണോ മനോവിഷമം?"

സന്ധ്യകഴിഞ്ഞപ്പോൾ നാരായണൻ നിരുന്മേഷനായി വന്നുകയറി. "എന്താ മകനേ," എന്നു് അമ്മ ചോദിച്ചു. "ഒന്നുമില്ല," എന്നാണു് അയാൾ മറുപടി പറഞ്ഞതു്. അപ്പോൾ ഒരു കൊച്ചനുജത്തിയുടെ സ്നേഹത്തോടെ കൊച്ചുകുട്ടി പറഞ്ഞു:

"ഉം. അതു കള്ളമാ അമ്മച്ചീ ചേട്ടൻ പറയുന്നതു്. ചേട്ടൻ കരയുവായിരുന്നു."

അപ്പോൾ നാരായണൻ പൊട്ടിക്കരഞ്ഞുപോയി.

രാത്രി ഒട്ടധികം ഇരുട്ടിയിട്ടും ആ വീട്ടിൽ ആരും ഉറങ്ങിയിട്ടില്ല. നാരായണൻ ദുഃഖകാരണം പറഞ്ഞില്ല. അമ്മയും അനുജത്തിയും വളരെ ശ്രമിച്ചു. അവസാനം പോയി കിടന്നുറങ്ങാൻ അമ്മ കൊച്ചുകുട്ടിയോടു പറഞ്ഞു. മനസ്സില്ലാമനസ്സോടെ അവൾ പോയിക്കിടന്നു. പക്ഷേ, അവൾക്കുറക്കം വന്നില്ല. അമ്മ അപ്പോഴും കാര്യം ചോദിക്കുകയാണു്. നാരായണൻ ചോദിച്ചു:

"അവളുറങ്ങിയോ?"

"ഉറങ്ങിക്കാണും."

അമ്മ കൊച്ചുകുട്ടിയെ വിളിച്ചു. കൊച്ചുകുട്ടി മിണ്ടിയില്ല. അമ്മ പറഞ്ഞു:

"അവളുറങ്ങി."

നാരായണൻ അന്നു പകലത്തെ സംഭവം വിവരിച്ചു. ഏങ്ങലടിച്ചുകൊണ്ട്, കേശവൻപറഞ്ഞ ആ വാചകം നാരായണൻ ആവർത്തിച്ചു. അവൻെറ കരളു പൊട്ടിപ്പോകുന്നതു കണ്ടപ്പോൾ അമ്മയും പൊട്ടിപ്പോയി. അവനെ കെട്ടിപ്പിടിച്ചുകൊണ്ട് അമ്മ പറഞ്ഞു:

"എൻെറ പൊന്നുമോൻ കരയാതെ."

നാരായണൻ ചോദിച്ചു:

"അതൊള്ളതാ അല്യോ അമ്മേ!"

ആണെന്നോ അല്ലെന്നോ അമ്മ പറഞ്ഞില്ല.

"എനിക്കെൻെറ കൂട്ടുകാരുടെ മുഖത്തു നോക്കാൻ നാണമാണമ്മേ!"

അമ്മ അവനെ ആശ്വസിപ്പിച്ചു: "പെണ്ണിരിക്കുന്നടത്തു പെഴ വരും മോനേ, ഏതു പെണ്ണാ കുററമില്ലാത്തോള്? എൻെറ മോൻ കരയാതെ. ആ ദ്രോഹി അവളെ ചതിച്ചതാ. അതു് ഒരു പൊട്ടിയാ."

"അപ്പം അതുള്ളതാ അല്യോ അമ്മേ?"

പെട്ടെന്നു പററിയ അമളി അമ്മയ്ക്കു ബോദ്ധ്യമായി. അവർ എല്ലാം പറഞ്ഞു.

"കള്ളമാ മോനേ."

ആ സ്ത്രീയുടെ ബുദ്ധി യുക്തിപൂർവ്വമായി പ്രവർത്തിച്ചു.

"അവനങ്ങനെ അടുത്തുകൂടി ദുഷ്പേരു വരുത്തിയതാ. ഞാമ്പറഞ്ഞതു പെമ്പിള്ളാരെക്കുറിച്ചു ദുഷ്പേരുണ്ടാകുമെന്നാ."

നാരായണൻ പിന്നീടും പറയുവാനുണ്ടായിരുന്നു. ആ ഒരു ദുഷ്പേരിനെക്കുറിച്ചുമാത്രമല്ല; അവൾ ഒരിളക്കക്കാരിയാണ്. പക്ഷേ, അതെങ്ങനെ പറയും?

കൂടാതെ മററൊരുത്തൻ കുഞ്ചുവാണ്. ഈ വിവരങ്ങൾ അളിയൻ അറിഞ്ഞെങ്കിലോ?

അമ്മയുടെ സാന്ത്വനവാക്കുകൾ കുറെയൊക്കെ അയാളെ ആശ്വസിപ്പിച്ചു. എന്നാലും അയാൾ പറഞ്ഞു:

"എൻെറ മീശ കീഴ്ഴോട്ടായി അമ്മേ."

പിറേറന്നു കൊച്ചുകുട്ടി പീടികയിൽ പോയപ്പോൾ വഴിയിൽവെച്ചു കേശവനെ കണ്ടു. ചവിട്ടിത്തേയ്ക്കപ്പെട്ട ഒരു പ്രേമകഥയുടെ മുഴുവൻ വികാരഭാരത്തോടെ അവൾ പറഞ്ഞു:

"എങ്കിലും കേശവച്ചേട്ടാ, ഇത്രേമേയുള്ളല്ലോ."

അവൾ നടന്നുകൊണ്ടാണു പറഞ്ഞതു്. അതു കേശവൻ കേട്ടു. പക്ഷേ, ഒന്നും പറഞ്ഞില്ല. അയാളുടെ മുഖം ഒന്നു വിളറി.

രണ്ടുദിവസം കഴിഞ്ഞപ്പോൾ കൊച്ചുകുട്ടിയുടെ ഭർത്താവു പത്മനാഭൻ വന്നു. അയാൾ അവളെ കൊണ്ടുപോകാനാണു വന്നതു്. ഇതിനുമുൻപു് രണ്ടുമൂന്നു പ്രാവശ്യം അതിനായി അയാൾ വന്നതാണ്. അപ്പോളെല്ലാം, നാരായണനൻ ഓരോന്നു പറഞ്ഞു് അയാളെ പറഞ്ഞയച്ചു. ഇപ്രാവശ്യം ഒരു തടസ്സവും പറഞ്ഞില്ല. അവൾക്കും അതിഷ്ടമായിരുന്നു. അങ്ങനെ അവൾ പോയി. ഒരുതുള്ളി കണ്ണീർപോലും പൊഴിക്കാതെ, അമ്മയേയും ചേട്ടനേയും ആശ്വസിപ്പിക്കാതെ, ഇനനപ്പോൾ വരുമെന്നുപോലും പറയാതെ പോയി.

ആ കൊച്ചുകുടിൽ അപ്രസന്നമായി; ശൂന്യമായി. അവിടെ മനുഷ്യരില്ല. ആ കുടിലിനെ ജീവനുള്ളതാക്കിത്തീർത്തിരുന്ന കൊച്ചുകുഞ്ഞായിരുന്നു അവൾ.

അവൾ പോയതിനുശേഷം ഒരുല്ലുണ്ണി നാരായണനിൽ വളൎന്നുകൊണ്ടിരുന്നു. ഒരുദിവസം അവൻ അമ്മയോടു പറഞ്ഞു:

"എനിക്കു കൊച്ചൂട്ടിയുടെ കാൎയ്യമോൎത്ത് എപ്പഴും ഒരു പേടിയാ അമ്മച്ചീ."

"ഇതെന്തിനാടാ? പപ്പനാവൻ സ്നേഹമുള്ളോനാ. അവനവളെ വല്യ കാൎയ്യമാ."

"അതുകൊണ്ടാ അമ്മച്ചീ പേടി. രാത്രീല് ഒറക്കം വരത്തില്ല. വല്ലാത്ത വിചാരമൊക്കെയാ മനസ്സില്."

ആ വല്ലാത്ത വിചാരങ്ങൾ എന്തെല്ലാമാണെന്ന് അമ്മയ്ക്കും അറിയാം. അവരെയും എല്ലായ്പ്പോഴും ആ വിചാരങ്ങൾ വ്യാകുലപ്പെടുത്താറുണ്ട്. അവർ പറഞ്ഞു:

"ഞാൻ ഒരുപാടു ഗുണദോഷമൊക്കെപ്പറഞ്ഞുകൊടുത്താ അയച്ചിരിക്കുന്നെ."

സ്വല്പനേരം ഓൎത്തിരുന്നിട്ട് നാരായണൻ ചോദിച്ചു:

"എന്താ അമ്മേ അവളിങ്ങനെ ഒരു ബഹിളി ആയത്?"

"അവളു പാവമാ കുഞ്ഞേ, ഒരു കഥയുമില്ല. കൊച്ചുപിള്ളാരെപ്പോലെയാ."

"എന്നതു മാറും?"

"അതങ്ങു മാറും മോനെ."

ഒരാഴ്ചകഴിഞ്ഞപ്പോൾ നാരായണന് ഉല്ലുണ്ണിയുടെ അസ്വാസ്ഥ്യം കൂടുതലായി. കൊച്ചുകുട്ടിയെ ഒന്നുചെന്നു കാണാനയാൾ തീൎച്ചപ്പെടുത്തി. അമ്മയോടയാൾ ചോദിച്ചു:

"പെണ്ണുപോയിട്ടു് ഒരറിവുമില്ലല്ലോ അമ്മേ, ഒന്നു പോയാലെന്താ?"

അമ്മ സമ്മതിച്ചു. പക്ഷെ, അപ്പോഴും ഒരു കാൎയ്യമുണ്ടു്. എങ്ങിനാണു് വെറുംകൈയോടെ അവളെ കാണാൻ പോകുന്നതു്?

എവിടെനിന്നോ നാരായണൻ ഒരുപറ നെല്ലുണ്ടാക്കി. അവൽ ഇടിപ്പിച്ചു. ഒരു അഞ്ചുരൂപാക്കൂടി ഉണ്ടാക്കണം. അതൊരു പാടായിരുന്നു. ഒടുവിൽ അതും സമ്പാദിച്ചു.

അമ്മയ്ക്കു മകളെ അറിയിക്കാൻ വളരെയേറെ കാൎയ്യങ്ങളുണ്ടു്. മുൻപു് അവൾക്കു നൽകിയിട്ടുള്ള ഉപദേശങ്ങൾ—പക്ഷെ, അതെല്ലാം മകൻമുഖാന്തരം അറിയിക്കാനൊക്കുമോ? അവനു് പറയാൻ കഴിയുന്നതിനു് ഒരതിരില്ലേ?

അവൽ ഒരു വട്ടിയിൽ ചുരുട്ടിക്കെട്ടി എടുത്തു ചുമന്നു് അനുജത്തിക്കു കൊടുക്കാൻ അഞ്ചുരൂപായുമായി ആ സ്നേഹമുള്ള സഹോദരൻ അവളുടെ വീട്ടിലെത്തി. അവൾ മുററത്തു് ഒരു ചെറുപ്പക്കാരനുമായി സംസാരിച്ചുകൊണ്ടു നില്ക്കുന്നതാണു് നാരായണൻ കണ്ടതു്. അവിടെ മററാരുമില്ല. പെട്ടെന്നു നാരായണന്റെ മുഖംവാടി. അതൊരു ശരിയായ നില്പല്ല; തീർച്ച. അവൻ വൎത്തമാനംപറഞ്ഞു രസിക്കുകയാണു്. എന്തിനു് ആരുമില്ലാത്ത സമയത്തു് അയാളുമായി വൎത്തമാനംപറഞ്ഞു് അവൾ രസിച്ചുനില്ക്കുന്നു? അങ്ങനെ അവൾ കേശവനുമായി വൎത്തമാനം പറഞ്ഞുനില്ക്കുന്നതു് അയാൾ കണ്ടിട്ടുണ്ടു്. അതു കാൎയ്യമായി അയാൾ വിചാരിച്ചില്ല. അതിന്റെ അൎത്ഥം മുഴ

വൻ മനസ്സിലാക്കിയില്ല. ഇപ്പോൾ അറിഞ്ഞു. ആ ചരിത്രം ആവൎത്തിക്കുകയാണോ?

അവൾക്ക് ഒരു വല്ലായ്മയുമില്ല, കണ്ടുപിടിക്കപ്പെട്ട, പരിഭ്രമവുമില്ല. ഒരു കൊച്ചുകുഞ്ഞിനെപ്പോലെ "ചേട്ടാ" എന്നുവിളിച്ച് ഓടിച്ചെന്ന് ആ വട്ടികെട്ടുപിടിച്ചുവാങ്ങി. അവൾ കെട്ടഴിക്കാതെ ഉള്ളിലേയ്ക്കു കയ്യിട്ടു.

"അയ്യ അവൽ!"

അവൾ ഒരുപിടി വാരി വായിലിട്ടു. മററൊരുപിടി വാരിക്കൊണ്ട് ആ ചെറുപ്പക്കാരനോടു ചോദിച്ചു:

"നീലാണ്ടച്ചേട്ടനു വേണോ?"

അയാളുടെ മുഖത്തിന് ഒരു വല്ലായ്മയുണ്ട്. കണ്ടുപിടിക്കപ്പെട്ട പരിഭ്രമമുണ്ട്. അവൽ വേണമെന്നോ വേണ്ടന്നോ അയാളു പറഞ്ഞില്ല. അപ്പോഴേയ്ക്കും കൊച്ചുകുട്ടി അവൽ അയാളുടെ കൈയിൽ കൊടുത്തുകഴിഞ്ഞു.

ഒരുവായ് അവൽകൂടി വാരി വായിലിട്ടിട്ട് അവൾ പറഞ്ഞു:

"ചേട്ടൻ ക്ഷീണിച്ചാ ഇരിക്കുന്നെ. അമ്മയെങ്ങനെയിരിക്കുന്നു ചേട്ടാ?"

"അങ്ങനെയിരിക്കുന്നു."

നാരായണൻ നീലകണ്ഠനെ ഒന്നു സൂക്ഷിച്ചുനോക്കി. അതു നീലകണ്ഠൻ കണ്ടോ എന്തോ. ഏതായാലും അയാൾ പറഞ്ഞു:

"ഞാൻ പോണു."

അവൾ പറഞ്ഞു:

"നിൽക്കു നീലാണ്ടച്ചേട്ടാ."

"ഞാൻ പോകട്ടെ, പോകണ്ട കാര്യമുണ്ട്."

നീലകണ്ഠൻ പോയി. അല്പനേരം കഴിഞ്ഞു് നാരായണൻ ചോദിച്ചു:

"അതാരാ കൊച്ചുകുട്ടീ?"

"അതോ ചേട്ടാ, അയലത്തുള്ള ഒരാളാ. നല്ല മനുഷ്യനാ ചേട്ടാ."

നാരായണനു് അവളോടു് അപ്പോൾ സ്വല്പം പറയാനുണ്ടായിരുന്നു. അയലത്തുള്ള ആളാണു്; നല്ല മനുഷ്യനാണു്. കേശവനും അയലത്തുള്ള ആളായിരുന്നു; നല്ല മനുഷ്യനായിരുന്നു. പക്ഷേ, അതയാൾ പറഞ്ഞില്ല. കഥയില്ലാത്തപെണ്ണു്! അവൾ നിഷ്കളങ്കയായിരിക്കും. അല്പം എന്തെങ്കിലും കളങ്കം ഉണ്ടെങ്കിൽ അതു വാക്കുകളിലോ പെരുമാററത്തിലോ കാണാതിരിക്കുമോ? പക്ഷേ, അപഖ്യാതിയെക്കുറിച്ചു് അവൾ ഓക്കുന്നില്ല.

എല്ലാം നാരായണൻ വിഴുങ്ങി. അയാളുടെ മനസ്സു നീറുകയായിരുന്നു. ഇനിയും അപവാദമുണ്ടാകാം; എന്നല്ല, ഉണ്ടാകുകതന്നെചെയ്യും. അവൾക്കു കരുതി ജീവിച്ചാലെന്തു്? ആ ചെറുപ്പക്കാരൻവരുന്നതും അങ്ങനെ അവൾ സ്വാതന്ത്ര്യമായി സംസാരിക്കുന്നതും പത്മനാഭൻ അറിയുന്നുണ്ടോ എന്തോ? അയാൾക്കും സംശയം ഉണ്ടായേക്കും.

എന്താണു ഭാവി എന്നു നാരായണൻ ചിന്തിച്ചു. കൊച്ചുകുട്ടി നാരായണൻെറ അപ്രസന്നതകണ്ടു; അവൾ ചോദിച്ചു.

"എന്താ ചേട്ടാ, വല്ലായ്മ? അമ്മയ്ക്കു സുഖമില്ലേ?"

"വല്ലായ്മയൊന്നുമില്ല. അളിയൻ എവിടെപ്പോയി?"

"വേലയ്ക്കുപോയിരിക്കുവാ. ഇനി വയ്യിട്ടു ചെലപ്പം വരും. ചെലപ്പം നാളയേ വരൂ."

അതും നാരായണനെ നോവിച്ച ഒരു വാൎത്തയായിരുന്നു. അതിനെക്കുറിച്ചു കൂടുതൽ അറിയുവാനുണ്ടായിരുന്നു!

"അതെന്താ?"

ആ സംഗതി അത്ര ഗൗരവമുള്ള ഒന്നല്ലാത്തതുപോലെ അവൾ പറഞ്ഞു:

"അതങ്ങനാ ചേട്ടാ. ചേട്ടന്റെ കൈയിൽ കാശൊണ്ടോ?"

നാരായണൻ കൊണ്ടുവന്നിരുന്ന അഞ്ചുരൂപായും എടുത്തു് അവളുടെ കൈയിൽ കൊടുത്തു. അതുകൊണ്ടവൾ പീടികയിൽ പോയി അരിയും സാമാനവും വാങ്ങിക്കൊണ്ടുവന്നു.

അതു നാരായണന്റെ മനസ്സിനെ നീറിപ്പിച്ച മറ്റൊരു സംഭവമായിരുന്നു. വളരെയേറെ ചോദ്യങ്ങൾക്കു് അതു വകനൽകി. അപ്പോൾ അവിടെ നാഴി അരിയില്ല. പത്മനാഭൻ ഒന്നും അന്വേഷിക്കാറില്ലേ? അവൾ പട്ടിണികിടക്കുകയാണോ? എങ്ങനെ അവൾ കഴിയുന്നു? ആ ഭാൎയ്യാഭൎത്തൃബന്ധത്തിന്റെ സ്വഭാവമെന്താണു്? ഒന്നും നാരായണനു മനസ്സിലാകുന്നില്ല. ചുമതലാബോധമില്ലാത്ത, സ്നേഹിക്കാത്ത ഒരുവന്റെ കൂടെയാണോ അവളെ പറഞ്ഞയച്ചതു്?

എല്ലാംകൂടി ഉൾപ്പെടുത്തി ഒരു ചോദ്യം നാരായണൻ ചോദിച്ചു:

"എന്താ കൊച്ചൂട്ടി ഇതു്? നിനക്കു കഷ്ടതയാണോ?"

അവൾക്കു പരാതികളായിരുന്നില്ല പറയുവാനുള്ള
തു്. പത്മനാഭൻ ജോലി ചെയ്യുന്നുണ്ടു്. കിട്ടുന്നതെല്ലാം
കൊണ്ടു കൊടുക്കുന്നുണ്ടു്. യാതൊരു ദുർചിലവും അയാൾ
ക്കില്ല.

"പക്ഷേ, ചേട്ടാ, ഒന്നും തെകയത്തില്ല."

"അതെന്താ കുഞ്ഞേ?"

"അതങ്ങനാ."

"അതു നിൻെറ പിടിപ്പുകുറവല്ല്യോ?"

"ഞാനെന്തുവേണം ചേട്ടാ?"

ഒരു വീടെങ്ങനെ കഴിച്ചുകൂട്ടിക്കൊണ്ടു പോകണമെ
ന്നു് നാരായണൻ ഉപദേശിച്ചു. അതെല്ലാം അവൾ കേട്ടു.

അന്നു് വൈകിട്ടു പത്മനാഭൻ വന്നു. അളിയന്മാർ
തമ്മിലുള്ള സംഭാഷണവും അവളുടെ പിടിപ്പില്ലായ്മയെ
ക്കുറിച്ചായിരുന്നു.

പിറേറന്നു നാരായണനു് തിരിച്ചുപോകണം. പത്മ
നാഭൻ സ്നേഹിക്കുന്ന ഒരു ഭത്താവാണെന്നു് അയാൾക്കു
ബോദ്ധ്യമുണ്ടു്. എന്നാലും അവൾക്കു സുഖമാണെന്നു വി
ശ്വാസമില്ല. ഭാവിയെക്കുറിച്ചു് നാരായണൻെറ ഉൽക്ക
ണ്ഠ വദ്ധിച്ചിരുന്നു. ഒരപവാദം അവളെ ചുററിയിട്ടുണ്ടു്.
എന്തായിരിക്കുമോ അടുത്തു സംഭവിക്കുന്നതു്! എന്തും സം
ഭവിക്കാം.

പോകാൻ നേരത്തു് അയാൾ അവളോടു ഉപദേ
ശിച്ചു:

"കുഞ്ഞേ, നീ പാവമാ കഥയില്ലാത്തവളാ."

"എന്താ ചേട്ടാ അങ്ങനെ പറയുന്നെ?"

അവളുടെ മുഖത്തു നോക്കാതെ അയാൾ പറഞ്ഞു:

"എന്തിനാ കുഞ്ഞേ, ആ നീലാണ്ടനിവിടെ വരാൻ സമ്മതിക്കുന്നെ?"

"അങ്ങേരു നല്ല ആളാ ചേട്ടാ."

കുട്ടതലായി എന്തവളോട്ട പറയണമെന്നറിഞ്ഞുകൂടായിരുന്നു.

വീട്ടിൽ ചെന്നതിനുശേഷവും നാരായണന്ന് മനസ്സിന്ന യാതൊരു സ്വാസ്ഥ്യവുമുണ്ടായിരുന്നില്ല. എന്തും സംഭവിക്കാം. ഏതു വാൎത്തയും അടുത്തനിമിഷം അവിടെ കിട്ടിയെന്നും വരാം. അവൾ മരിച്ചെന്നുവരെ കേട്ടെന്നുമാകാം. അവളെ വിളിച്ചുകൊണ്ടു പോന്നാലെന്തെന്ന് അയാൾ ആലോചിച്ചു.

അങ്ങിനെയിരിക്കെ ഒരാൾ പത്മനാഭൻെറ നാട്ടിൽനിന്നുവന്നു. പത്മനാഭൻ പറഞ്ഞയച്ചു വന്നതാണ്. നാരായണൻ അവിടംവരെ ചെല്ലണം. ഓൎത്തിരുന്നതു സംഭവിച്ചു. എന്താണതെന്നു മാത്രം അറിഞ്ഞാൽ മതി.

കൊച്ചുകുട്ടിയെ കാണ്മാനില്ല. ഒരു ദിവസം രാത്രി പത്മനാഭൻ വന്നില്ല. പിറേറന്നു രാവിലെമുതൽ അവളെ കാണാനില്ലായിരുന്നത്രേ! വീട്ട് അടച്ചുപൂട്ടിയിട്ടിരുന്നു.

പത്മനാഭൻ ഒരുത്തരം പറയാൻ ബാദ്ധ്യസ്ഥനാണ്. ആ ചോദ്യം ഭ്രാന്തുപിടിച്ചവനെപ്പോലെ നാരായണൻ ചോദിച്ചു.

"എവിടെടോ തന്നെ ഏല്പിച്ചയച്ച എൻെറ അനുജത്തി?"

പത്മനാഭന്ന് പറയാൻ ഉത്തരമില്ല. അയാളും കരയുകയാണ്.

"അളിയാ,ഞാൻ എൻെറ കൈയിക്കിട്ടുന്നതെല്ലാം

കൊട്ടത്തു പൊന്നുപോലെ വച്ചിരിക്കുവായിരുന്നു. ഞാൻ കററത്തൊരക്ഷരം പറഞ്ഞിട്ടില്ലളിയാ. അവളെ പോററാൻവേണ്ടി എനിക്കു കഴിയുന്ന ജോലിയല്ല ഞാൻ ചെയ്യുന്നതു്."

അതു നാരായണൻ ചെവിക്കൊണ്ടില്ല. അല്ലെങ്കിൽ അതു് അയാൾക്കു മനസ്സിലായില്ല. ദുഃഖം സഹിക്കാതെ നെഞ്ചത്തലച്ചുകൊണ്ടു് നാരായണൻ അയാളുടെ ചോദ്യം വീണ്ടും ചോദിച്ചു:

"തന്നെ ഏല്പിച്ച എൻെറ പെങ്ങളെവിടെടോ ദ്രോഹീ?"

പാവം പത്മനാഭൻ നിസ്സഹായനായി പറഞ്ഞു:

"അളിയാ, ഞാനൊന്നും അറിഞ്ഞതല്ല."

"പിന്നെ അവളെവിടെ?"

എല്ലാം കേട്ടുകൊണ്ടുനിന്ന ഒരയൽക്കാരൻ നാരായണൻെറ മുഖത്തടിച്ചപോലെ പറഞ്ഞു:

"എത്തിയവൻെറ തോളേൽ കൈയിട്ടു നടക്കുന്ന തൻെറ പെങ്ങളെന്ത്യേന്നു് അവനോടെന്തിനാ ചോദിക്കുന്നെ? നീലാണ്ടനോടു ചോദിക്കു്."

കരയുവാനല്ലാതെ പിന്നൊരു ചോദ്യം ചോദിക്കുവാൻ നാരായണനു കഴിഞ്ഞില്ല. അവൾ പോയ അന്നു മുതൽതന്നെ നീലകണ്ഠനേയും സ്ഥലത്തു കാണാതായി.

അമ്മയും മകനും അവളെച്ചൊല്ലി ദുഃഖിച്ചു. മകൻ അമ്മയെ കുററപ്പെടുത്തി.

"അവളിങ്ങനെ ആയതിനു കാരണം അമ്മയാ. അമ്മ അവളെ നേരാംവണ്ണം വളത്തിയില്ല."

അമ്മയ്ക്ക് ആ കുത്തുവാക്കു സഹിക്കാമായിരുന്നില്ല. അവർ നെഞ്ചത്തലച്ചു.

അമ്മയ്ക്കു വേറൊരു കാര്യം പറയുവാനുണ്ടായിരുന്നു. പിടിപ്പില്ലാത്തവൻെറ കൂടെ അയച്ചിട്ടാണ് അങ്ങനെ സംഭവിച്ചതെന്ന്. അപ്പോൾ നാരായണനും നെഞ്ചത്തലച്ചു.

എന്നാലും അവൾ എവിടെയാണ്? ജീവിച്ചിരിക്കുന്നുണ്ടോ?

ചിലപ്പോൾ മകൻ അമ്മയോടു പറയും:

"എന്തുമാകട്ടമ്മേ; എനിക്ക് ഒരു ഇളയ പെങ്ങളുണ്ടായിരുന്നു. അവളങ്ങു ചത്തുപോയെന്നു വയ്ക്കാം. എന്താ? ചത്തുപോയിരുന്നെങ്കിലെന്തു ചെയ്യും."

അമ്മ കണ്ണുനീരോടെയതു സമ്മതിക്കും.

എന്നാലും അവരുടെ മനസ്സടങ്ങുകയില്ല. ഓർത്തോർത്തിരുന്നു നാരായണൻ പറഞ്ഞു:

"ഇപ്പം അവക്കു മനസ്സിനിണങ്ങിയ ഭർത്താവിനെ കിട്ടിയല്ലോ. ഇനിയെങ്കിലും അവളെവടാണെന്നറിഞ്ഞാ മതി. നമക്ക് ആ ബന്ധം അങ്ങു സമ്മതിക്കാം. എന്താ അമ്മേ?"

അതും തള്ള സമ്മതിക്കും.

നീലകണ്ഠനേയും അളിയനായി അംഗീകരിക്കാൻ നാരായണൻ തയാറാണ്.

പക്ഷേ, എന്നിട്ടും ഒരു വിവരവുമില്ല.

അങ്ങനെയിരിക്കെ ഒരെഴുത്തുവന്നു. നാരായണൻ എഴുത്തു പൊട്ടിച്ചു വായിച്ചു. എഴുത്ത് ആലുവായിൽനിന്നാണ്.

കൊച്ചുകുട്ടി ആലുവായിലുണ്ട്. ജ്യേഷ്ഠൻ ഉടൻ അവിടെ എത്തണം. അവളെ കാണണമെന്നുണ്ടെങ്കിൽ എത്രയും വേഗം ചെല്ലണം.

അന്നുതന്നെ വേറൊരാളിനെക്കൂടി കൂട്ടിച്ചുകൊണ്ട് നാരായണൻ ആലുവായിലെത്തി. അവൾ ഉള്ള സ്ഥലത്തെക്കുറിച്ചും മററും വിവരങ്ങൾ ഉണ്ടായിരുന്നു.

ഒരു വീട്ടിൽ അവളുണ്ട്. പഴയ കൊച്ചുകുട്ടിയല്ല ആ കഥയറിയാത്ത കൊച്ചുകുഞ്ഞിന്റെ സ്വഭാവമല്ല. എങ്കിലും ജ്യേഷ്ഠനെ കണ്ടപ്പോൾ, അവൾ അയാളുടെ മാറത്തേയ്ക്കു പൊട്ടിക്കരഞ്ഞു വീണുപോയി. ഒരാലിംഗനത്തിൽ ആ സഹോദരീസഹോദരന്മാർ ഒന്നുചേർന്നു. അയാളും കരയുകയാണ്.

ആ വീട്ടുകാരിൽനിന്നും നാരായണൻ കാര്യങ്ങളറിഞ്ഞു. അയൽപക്കത്തുള്ള ഒരു വീടു വാടകയ്ക്കെടുത്ത് ഒരു പുരുഷനും കൊച്ചുകുട്ടിയുംകൂടി താമസിച്ചു. അല്പനാൾ കഴിഞ്ഞപ്പോൾ രണ്ടുപേരും തമ്മിൽ വഴക്കുതുടങ്ങി. അതു വർദ്ധിച്ചു. അടിയും പിടിയുമായി. ഒരു ദിവസം അയാൾ ഇറങ്ങിപ്പോയി. പിന്നെ അയാൾ മടങ്ങിവന്നിട്ടില്ല. വാടക കൊടുപ്പാൻ നിവൃത്തിയില്ലാതായപ്പോൾ അവൾ ആ വീട്ടിൽ വന്നു കയറി. കുറെയധികം പട്ടിണിയും കിടന്നിട്ടുണ്ട്.

അങ്ങനെ പൊറുപ്പാൻ പോയ കൊച്ചുകുട്ടി വീണ്ടും വീട്ടിലേയ്ക്കു മടങ്ങിവന്നു. ആ കാര്യം ചോദിക്കുന്ന നാട്ടുകാരോടു നാരായണന് ഒരുത്തരം പറയുവാനുണ്ട്:

"ആക്കൊക്കെ വേണ്ടെന്നു പറഞ്ഞാലും എനിക്കു

വേണ്ടെന്നു പറയാനൊക്കുമോ? എന്റെ കൂടപ്പിറപ്പായി പ്പോയില്ല്യോ?"

എല്ലാവരും നാരായണനെ കുററപ്പെടുത്തി, അയാളുടെ അതിരുകടന്ന വാത്സല്യമാണ് ഇതിനുമുഴുവൻ കാരണമെന്ന്. മറെറതൊരുതരത്തിൽ പെരുമാറണമെന്ന് അയാൾക്കറിഞ്ഞുകൂടാ.

ഇനിയും കൊച്ചുകുട്ടിക്ക് ഒരു ഭർത്താവുണ്ടാകുമോ? ചൊവ്വും നേരുമുള്ള ഒരാളിനെ കണ്ടുപിടിക്കാൻ സാധിക്കുകയില്ല. എന്തുചെയ്യണമെന്നറിയാതെ അയാൾ കുഴഞ്ഞു.

കൊച്ചുകുട്ടി അങ്ങു ദൂരെ ആരെയോ നോക്കിനില്ക്കുന്നതുപോലെ തോന്നും. അപ്പോൾ അമ്മ ചോദിക്കും:

"നീ ആരെയാടീ നോക്കിനില്ക്കുന്നതു്?"

അവൾ സ്വപ്നത്തിൽനിന്നുണരും.

"ആരേം നോക്കിയില്ലമ്മച്ചീ."

രാത്രിയിൽ എന്തെങ്കിലും ഒരു ശബ്ദം കേട്ടാൽ അമ്മ ഉണർന്നു വിളിക്കും:

"കൊച്ചൂട്ടീ!"

അവൾ നല്ല ഉറക്കമായിരിക്കും. വിളികേൾക്കുന്നിടംവരെ അമ്മ വിളിക്കും.

ഒരു പുരുഷനെ ആ പടിക്കുള്ളിലേക്കു കടക്കാൻ നാരായണൻ അവസരം കൊടുക്കാറില്ല. ആരെങ്കിലും വന്നാൽത്തന്നെയും ഉടൻ പറഞ്ഞയയ്ക്കും.

എങ്കിലും കൊച്ചുകുട്ടിയെ ആ അമ്മയും മകനും വേദനിപ്പിച്ചില്ല.

ഒരു ദിവസം കൊച്ചുകുട്ടി കുളിക്കാൻ പോവുകയാ

യിരുന്നു. വഴിവളയുന്നിടത്തുവച്ച് അവൾ കേശവനെ കണ്ടു. അപ്പോൾ അവിടെ അടുത്തെങ്ങും ആളില്ല.

കൊച്ചുകുട്ടി പറഞ്ഞു:

"കേയച്ചേട്ടാ, ഞാൻ എല്ലാം ഒഴിഞ്ഞു വന്നു."

"അതിനു ഞാനെന്തുവേണം?"

കൊച്ചുകുട്ടി നടുങ്ങിപ്പോയി. കേവലം അപ്രതീക്ഷിതമായിരുന്നു അതു്. എന്തോ കൂടുതൽ സംസാരിക്കുന്നതിനുവേണ്ടി "അപ്പോൾ—" എന്നൊരുശബ്ദം അവളുടെ നാവിൽനിന്നും പുറത്തുവന്നു. തുടൎന്നു് ഒന്നും പറയാൻ കഴിയാത്തതുപോലെ അവൾ നിന്നുപോയി.

ഒരു ഗുണദോഷമെന്നപോലെ കേശവൻ പറഞ്ഞു:

"പെണ്ണേ, എനിക്കുരണ്ടു കൊച്ചുങ്ങളുണ്ടു്. കഴിഞ്ഞതൊക്കെ അന്നേ കഴിഞ്ഞു. പശുവും ചത്തു മോരിലെ പുളിയും പോയി. നീ നിൻെറ പാടുനോക്കു്."

മറുപടിക്കുനില്ക്കാതെ കേശവൻ നടന്നു.

എങ്കിലും ഒരു വാചകം അവൾക്കു പറയുവാനുണ്ടായിരുന്നു.

"ഞാൻ അതുതന്നെയാ ഓത്തിരുന്നതു്."

കേവലം പുഛത്തോടെ അയാൾ നടന്നുപോകുംവഴി പറഞ്ഞു:

"ഓ, ഓത്തിരുന്നതിൻെറ കഥ എല്ലാവൎക്കുമറിയാം."

കൊച്ചുകുട്ടി ഒരു കടലാസ്സും പെൻസിലും സമ്പാദിച്ചു മൂന്നുനാലു ദിവസങ്ങൾകൊണ്ടു് ഒരു എഴുത്തെഴുതി. ആൎക്കായിരുന്നോ എന്തോ! ഒരുപക്ഷേ, അതു പത്മനാഭനായിരുന്നിരിക്കാം. അവൾക്കു കുററങ്ങൾ സമ്മതിക്കാ

നുണ്ടു്; ക്ഷമായാചനം ചെയ്യുവാനുണ്ടു്. ആ എഴുത്തിനു മറുപടി പ്രതീക്ഷിച്ചു പോസ്റ്റുമാനെ കാത്തു കുറെദിവസങ്ങൾ കഴിഞ്ഞു.

അവൾ ഉണ്ടായിട്ടും ആ വീടു് അപ്രസന്നമായിരുന്നു. അവൾ അത്ര സ്വാതന്ത്ര്യമായി ചേട്ടനോടു സംസാരിക്കാറില്ല. ചേട്ടന്റെ മുൻപിൽ ചെല്ലാറുമില്ല. അവിടെ കളിയില്ല; ചിരിയില്ല. അവിടെ ഒരു ചിത്രശലഭം ഒരിക്കൽ പാറിപ്പറന്നിരുന്നു.

ഒരുനാൾ നാരായണനും അമ്മയും വേലയ്ക്കുപോയി. വയ്യിട്ടു് അവർ തിരിച്ചുവന്നപ്പോൾ കൊച്ചുകുട്ടി ബോധംകെട്ടു കിടക്കുന്നു. ആ പുരയ്ക്കുള്ളിൽ ഉതളങ്ങ കിടപ്പുണ്ടു്.

ആ സ്നേഹമുള്ള സഹോദരൻ ആ തടിയെ ആലിംഗനം ചെയ്തുകൊണ്ടു ചോദിച്ചു:

"എന്തിനെന്റെ അനിയത്തീ നീ ഇതു ചെയ്തു?"

അതിനുത്തരം ഒരു സ്ത്രീക്കുമാത്രമേ പറയാൻ കഴിയുകയുള്ളു.

# അങ്ങനെ വന്നാൽ

തിരുക്കുടുംബത്തിൻെറ മുൻപിൽ ആ കുടുംബം മുട്ടുകുത്തി പ്രാർത്ഥിക്കുകയാണ്. അന്നത്തെ അത്താഴത്തിനു നന്ദിപറഞ്ഞു: നാളത്തെ അപ്പത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു.

വി: ഔസേപ്പിൻെറ മുഖത്ത് ദൃഷ്ടിയുറപ്പിച്ചിരിക്കവേ വക്കൻെറ ഉള്ളിൽ അയാളറിയാതെ ഒരു ചിന്ത നുഴഞ്ഞുകയറി. മരപ്പണിക്കാരൻ ഔസേപ്പ് ഇല്ലായിരുന്നെങ്കിൽ—ആ കുടുംബം എങ്ങനെ പുലരും? കാര്യമായ ഒരു ചിന്തയല്ല; അങ്ങനെ ആലോചിക്കേണ്ട ആവശ്യവുമില്ല. മനസ്സറിയാതെ ചിന്തിച്ചു...രാവിലെ ഒരു വട്ടിയിൽ ഉളിയും കൊട്ടുവടിയുമിട്ട് തോളിനുപിന്നിൽ തൂക്കിയിട്ടുകൊണ്ടുപോകും; വൈകിട്ടു തിരിച്ചുവരും. മറിയവും ഉണ്ണിഈശോയും കാത്തിരിക്കുകയാണ്. കിട്ടിയ കൂലികൊണ്ട് അരിയും കപ്പയും മീനും വാങ്ങി—വക്കൻ നടുങ്ങി. സാത്താൻ ആവേശിച്ചു. എന്തൊക്കെയാണ് അവൻ ഓർത്തുപോയത്!

കണ്ണിറുക്കി അടച്ച് ആ ചിന്ത തുടച്ചുമാററിയിട്ട് അയാൾ കണ്ണുതുറന്നു. വീണ്ടും മരപ്പണിക്കാരൻെറ കുടുംബം മുൻപിൽ നില്ക്കുന്നു. ഒരുപക്ഷേ, വക്കൻ മരപ്പണിക്കാരനെക്കുറിച്ച് ഓർത്തിരിക്കുന്നതുപോലെ ത്രേസ്യ മരപ്പണിക്കാരൻെറ ഭാര്യയെക്കുറിച്ചും ഓർത്തിരിക്കാം. അങ്ങ

നെ ചിന്തിക്കാൻ കാര്യമില്ലല്ലോ...കുട്ടികൾ അമ്മയുടെ ഒക്കത്തിലിരിക്കുന്ന ഉണ്ണിഈശോയെക്കുറിച്ചും.

പ്രാർത്ഥന തീൎന്നു. കുട്ടികൾ ഉറങ്ങാൻ കിടന്നു. മൂത്ത മകൾ മറിയക്കുട്ടി ഒരു പ്രാർത്ഥനാഗാനം മൂളി:

"നന്മനിറഞ്ഞോരമ്മേ,
തിന്മയിൽനിന്നു നമ്മേ
കാത്തുകൊള്ളേണം ചെമ്മേ
കനിവുള്ള കന്നിയമ്മേ."

പ്രഞ്ചുവും ചാണ്ടിയും പായിൽക്കിടന്ന് പരസ്പരം ഇക്കിളികൂട്ടി ചിരിച്ചു ബഹളംകൂട്ടാൻ തുടങ്ങി. ആ ബഹളത്തിനിടയിൽ പ്രഞ്ചുവിൻെറ കൈമുട്ട് മറിയക്കുട്ടിയുടെ ശരീരത്തിൽ മുട്ടി. അവൾ ഒരടിയടിച്ചു. അടി ഏററതു ചാണ്ടിക്കാണ്. ചാണ്ടി കരയാൻ തുടങ്ങി. വെററില മുറുക്കിക്കൊണ്ടിരുന്ന വക്കൻ ശാസിച്ചു.

"പാതിരാ ആയാലും പിള്ളാരു് ഒറങ്ങത്തില്ലല്യോ?"

കണ്ണുതിരുമ്മി കരഞ്ഞുകൊണ്ടു് ചാണ്ടി അപ്പൻെറ അടുത്തുവന്നു. വക്കൻ അവനെ കൈചുററി ചേൎത്തുനിൎത്തി ചോദിച്ചു:

"എന്താ മോനെ?"

"കൊച്ചമ്മ എന്നെ തല്ലി."

അപ്പോഴേയ്ക്കും പ്രതിയും ആ ന്യായപീഠത്തിനു മുൻപിൽ ഹാജരായി. പ്രഞ്ചു വന്നില്ല. അവൻ പതുങ്ങിക്കിടക്കുകയാണ്. കേസുവിചാരണയ്ക്കിടയിൽ അവനെ വിളിച്ചേയ്ക്കും. ശിക്ഷ അവനായിരിക്കും. എന്തെന്നാൽ അവനാണ് കൈമുട്ടുകൊണ്ടു് മറിയയെ ഇടിച്ചതും.

അച്ഛനും അമ്മയുംകൂടി ആ കേസുവിചാരണ നട

ത്തി. അമ്മ മറിയയെ ശാസിച്ചു. വക്കൻ മകനെ മടിയിലേയ്ക്കു പിടിച്ചുകിടത്തിയിട്ട് അവൻെറ തല മെല്ലെ മുകളിലേയ്ക്കുയത്തി; മുഖത്തോടുചേത്തു. അതൊരു സുദീർഘമായ ആശ്ലേഷമായിരുന്നു. അപ്പൻ കൊച്ചുമകനെ ഉമ്മവെയ്ക്കുകയാണു്. ആ പിഞ്ചുകൈകൾ അപ്പൻെറ ഗളത്തെ വലയംചെയ്തു.

അമ്മ ശാസിക്കയാൽ മാറി വിങ്ങിക്കരഞ്ഞുകൊണ്ടിരുന്ന മറിയക്കുട്ടിയെ കണ്ടു് വക്കൻെറ മനസ്സലിഞ്ഞുപോയി. അയാൾ വാത്സല്യപൂർവ്വം വിളിച്ചു.

"മോളേ, മറിയക്കുട്ടീ!"

അവൾ അവരുടെ മൂത്തമകളാണു്. ആ വിളി അയാളെ രോമാഞ്ചംകൊള്ളിച്ചതാണു്...അവൾ കരയുന്നു!

"എൻെറ മോളു കരയാതെ ഇങ്ങുവാ."

അവളും കണ്ണുതിരുമ്മിക്കൊണ്ടു് അടുത്തുവന്നു. അവളേയും ആ പിതാവു് ചേത്തുപിടിച്ചു നിത്തി.

ത്രേസ്യ അഭിപ്രായപ്പെട്ടു:

"ഓ, അപ്പച്ചൻ കൊഞ്ചിക്കുവാ മക്കളെ. ഇതാ പിള്ളേരു ചീത്തയാവുന്നെ."

ഒരു പുഞ്ചിരിയോടെ അവൾ തുടന്നു:

"തേ നോക്കിക്കേ, പെണ്ണുകൊഞ്ചുന്നെ!"

അപ്പച്ചൻെറ മടിയിൽ മലന്നുകിടക്കുന്ന ചാണ്ടിക്കും അഭിപ്രായമുണ്ടു്.

"എന്നെ തല്ലിയേച്ചും കൊച്ചമ്മ കൊഞ്ചുവാ."

മകളുടെ പുറം തലോടിക്കൊണ്ടു് വക്കൻ പറഞ്ഞു:

"അവളു കൊഞ്ചട്ടെടീ, നമ്മടടുത്തല്ലാതെ അവൾ എവിടാ കൊഞ്ചുന്നെ?"

സഹോദരിയേയും അനുജനേയും അപ്പച്ചൻ ലാളിക്കുന്നതു് ഒളികണ്ണാൽ പ്രഞ്ചു കാണുകയാണു്. അവൻ ഉറക്കംഭാവിച്ചു കിടക്കുകയായിരുന്നു. അവനു കിടക്കാൻ കഴിയുന്നില്ല.

അമ്മച്ചി പറഞ്ഞു:

"പ്രഞ്ചു ഉറങ്ങിയെന്നാ തോന്നുന്നെ."

വക്കൻ വിളിച്ചു:

"മോനേ, പ്രഞ്ചുവേ!"

അവൻ മിണ്ടിയില്ല.

"ഒറങ്ങിപ്പോയെന്നാ തോന്നുന്നേ."

മറിയക്കുട്ടി പറഞ്ഞു:

"ഉം. അവൻ ഒറങ്ങിയില്ല. കള്ളനാ അവൻ."

തെല്ലിട കഴിഞ്ഞു് പ്രകാശം പരത്തുന്ന ഒരു ചിരിയുമായി പ്രഞ്ചു മുൻപിൽ നില്ക്കുന്നു. സത്യത്തിൽ അവൻെറ ചിരികൊണ്ടു് ആ രംഗം പ്രകാശമയമായി. മറിയക്കുട്ടിയും ചിരിച്ചുപോയി.

"തേ, ഞാമ്പറഞ്ഞില്ല്യോ അവൻ കള്ളനാണെന്നു്." ആ വാചകംതന്നെ ചാണ്ടിയും ഏററുപറഞ്ഞു. അമ്മ ചോദിച്ചു:

"മോൻ ഒറങ്ങിയില്ല്യോ?"

അവനും പിതാവിൻെറ ശരീരത്തിലേയ്ക്കു ചാഞ്ഞു.

വക്കൻ ഒരു കൂലിവേലക്കാരനാണു്. ഒരു കൂലിവേലക്കാരൻെറ മകനായി ജനിച്ചു; വളൎന്നു. ഒരു കൂലിവേലക്കാരൻെറ മകളെ കല്യാണം കഴിച്ചു. അങ്ങനെ ഒരു

കുടുംബം സ്ഥാപിച്ചു. ഒരു കുടുംബത്തിന്റെ സ്ഥാപകനെന്ന നിലയിൽ ജീവിതത്തിന് ഒരു സ്ഥാനമുണ്ട്; പ്രാധാന്യമുണ്ട്. അവന് ജീവിതത്തിൽ ഉദ്ദേശ്യവുമുണ്ട്.

രാവിലെ തിരുക്കുടുംബത്തിന്റെ മുൻപിൽ മുട്ടുകുത്തി പ്രാർത്ഥിച്ചിട്ട് അവൻ പുറത്തേയ്ക്കു പോകും. ബലിഷ്ഠങ്ങളായ രണ്ടു കൈകളും, നാലു വയറുകൾ കഴിയാനുണ്ടെന്ന വിചാരവും ആണ് അവന്റെ മൂലധനം. വയ്യിട്ട് അരിയും കപ്പയും മീനും എല്ലാമായി മടങ്ങി വരും.

ത്രേസ്യയ്ക്കും, മറിയക്കുട്ടിക്കും, പ്രഞ്ചുവിനും, ചാണ്ടിക്കുമറിയാം വക്കൻ അരിയും കപ്പയും കൊണ്ടുവരുമെന്ന്. അതൊരു വലിയ വിശ്വാസമാണ്.

വക്കൻ ലോകത്തിൽ നാലുപേരുടെ രക്ഷാകർത്താവാണ്. വക്കനെവേണ്ടി നാലുപേർ കാത്തിരിക്കുന്നുണ്ട്. വക്കന് ശാസിക്കാം. നാലുപേർ ആ ശാസന അനുസരിക്കും. അവശനാകുമ്പോൾ നാലുപേർ ചുററും കൂടിയിരുന്ന് ശുശ്രൂഷിക്കാനുണ്ട്. സർവ്വോപരി, ആ കൊച്ചുകുടിലിനുള്ളിൽ മുൻപു കണ്ട രംഗം—അതും അവന്റെ അവകാശമാണ്. നാലുപേർ അവന്റെ ലാളനയിൽ പുളകംകൊള്ളുന്നു.

നേരം ഒട്ടധികം ഇരുട്ടി. പിള്ളർ കലപില ചിലച്ചുകൊണ്ടിരിക്കുകയാണ്.

വക്കൻ ചോദിച്ചു:

"മക്കക്ക് ഒറക്കം വരുന്നില്യോ?"

വായാടിയായ പ്രഞ്ചു പറഞ്ഞു:

"ഇല്ലപ്പച്ചാ. ഇന്നു ഞങ്ങളൊറങ്ങുന്നേയില്ല."

"അതെന്താ?"

ചാണ്ടി തലയാട്ടിക്കൊണ്ടു പറഞ്ഞു:

"ഒറക്കം വരുന്നില്ല."

ഒരു ക്ഷണനം ഓത്തിരുന്ന പ്രഞ്ചി പൂരിപ്പിച്ചു:

"അതെങ്ങനാ? അപ്പച്ചൻ ഞങ്ങളെ ഒണരുന്നതിനു മുൻപേ പോകും. ഒറങ്ങിക്കഴിഞ്ഞേ വരത്തൊള്ളു. ഇന്നപ്പച്ചനേ പിടികൂടിയതാ. ഒറങ്ങുന്നേയില്ല."

അതൊരു പരമാത്ഥമാണ്. വക്കൻ പറഞ്ഞു:

"അതെങ്ങനാ മോനേ! നിങ്ങടെ ഈ വയറു നറയണ്ടയോ?"

ആ ഗൗരവമുള്ള പ്രശ്നം അവക്ക് മനസ്സിലാകുമോ? മനസ്സിലാവുകയില്ല. അതിനവക്ക് പ്രായമായില്ല. അപ്പച്ചൻ അരിയും കപ്പയും കൊണ്ടുവരുന്നുണ്ട്; അമ്മ അരി വയ്ക്കുന്നുണ്ട്. അവരുടെ വയർ നിറയുന്നുണ്ട്. ഇതിനപ്പുറം ഒന്നുംതന്നെ അവക്കറിഞ്ഞുകൂടാ. അപ്പച്ചന്റെ ലാളന—അതിനവർ ദാഹിക്കുന്നുണ്ട്.

ത്രേസ്യ പറഞ്ഞു:

"അവരു് അപ്പച്ചന്റെ കൂടെ കളിക്കട്ടെ."

"കളിക്കട്ടെ."

വക്കനും സമ്മതിച്ചു.

നേരം പാതിരാത്രി കഴിഞ്ഞു.

വത്തമാനം പറഞ്ഞുകൊണ്ടിരിക്കെ അപ്പച്ചന്റെ മടിയിൽ കിടന്ന് ചാണ്ടി ഉറങ്ങിപ്പോയി. പ്രഞ്ചിയും മയങ്ങിത്തുടങ്ങി. മറിയ കുത്തിയിരുന്ന് ഉറക്കം തൂങ്ങി. അങ്ങനെ ആ രംഗം നിശ്ശബ്ദമായി.

കുട്ടികൾ ഉറങ്ങി.

ഭാര്യയും ഭത്താവും തനിച്ചായി.

ജീവിതത്തിലെ കയ്പു രുചിച്ചിട്ടില്ലാത്ത കുട്ടികൾ അപ്പനമ്മമാരുടെ ചിറകിൻകീഴിൽ സുഖനിദ്രചെയ്യുകയാണ്! ആ കൊച്ചു മുഖങ്ങളിൽ സമാധാനവും ശാന്തിയും കളിയാടുന്നു. അവിടെ വിശ്വാസം നിഴലാടുന്നു.

ഒരു ദീർഘനിശ്വാസത്തോടെ വക്കൻ പറഞ്ഞു:

"പാവങ്ങള്! ഞാൻ ഇന്നങ്ങു ചത്തുപോയാല് ഇതുങ്ങളെന്താ ചെയ്യും?"

ത്രേസ്യ നടുങ്ങി. അവൾ ചോദിച്ചു.

"എന്നതാ ഇൗപ്പറേന്നെ? എന്നാല് ഞാനങ്ങു ചത്താലോ?"

വക്കൻ ചിരിച്ചു.

"നീ കെറുവിക്കാതെ. അല്ല, അങ്ങനെ വന്നാല് എന്നാ ചെയ്യും? നീ വളത്തണം ഇവരെ."

ത്രേസ്യയ്ക്കു സങ്കടവും ദേഷ്യവും വന്നു. വക്കൻ സഹിക്കാൻ സാധിക്കാത്ത വാക്കുകൾ പറയുന്നു.

"അങ്ങനെ പറയാതെന്നേ! എന്നതാ ഇതു കളിയാണോ?"

ഗൗരവത്തോടെ വക്കൻ പറഞ്ഞു:

"അല്ല. പക്ഷേച് അങ്ങനെ വന്നുപോയാല് എന്നാ ചെയ്യുമെന്ന് ഓക്കുവാരുന്നു."

തെല്ലിട അവിടെ നിശ്ശബ്ദത കളിയാടി. ത്രേസ്യയുടെ മുൻപിൽ ഒരു ഭീകരമായ യാഥാർത്ഥ്യം പ്രത്യക്ഷപ്പെട്ടു. അവൾ അതിനെ ഉറനോക്കിപ്പോയി. അങ്ങനെ വന്നാൽ?

മറിയ കുരിശു വരച്ചു. "എന്റെ മാതാവേ," എന്നു ജപിച്ചു.

ഉറക്കത്തിൽനിന്നും ഉണൎന്ന് പ്രഞ്ചി എന്തൊക്കെയോ പിച്ചും പേയും പറഞ്ഞു.

"അപ്പച്ചാ, പോവല്ലേ. എന്റെ അപ്പച്ചൻ എങ്ങും പോവല്ലേ!"

വക്കൻ കുനിഞ്ഞു് അവന്റെ മുഖത്തു് ഒരു ഉമ്മ വച്ചുകൊണ്ടു് പറഞ്ഞു:

"ഇല്ല മോനേ അപ്പച്ചൻ പോകുന്നില്ല."

ത്രേസ്യയുടെ കണ്ണുകൾ നിറഞ്ഞു.

"എന്റെ കത്താവേ, എന്നാതാ ഇതു്!"

അന്നു വാങ്ങിയ അരയണയുടെ മണ്ണെണ്ണ കത്തിത്തീൎന്നു. വിളക്കു കരിന്തിരി കത്തി അണഞ്ഞു. കൂരിരുട്ടു് ആ കൊച്ചു കുടിലിനെയും ഗ്രസിച്ചു. പക്ഷേ, അന്ധകാരത്തിൽ രണ്ടു ഹൃദയങ്ങൾ ഉൽക്കണ്ഠകൊണ്ടു തുടിക്കുന്നുണ്ടായിരുന്നു.

അകാരണമായി വക്കന്റെ ഉള്ളിലെ ഉൽക്കണ്ഠ വൎദ്ധിക്കുകയാണു്. അവനു പറയുവാനുണ്ടു്. പറയാതെ നിവൃത്തിയുമില്ല. പക്ഷേ, പറയാവുന്ന കാൎയ്യങ്ങളല്ലതാനും.

ആ ഇരുട്ടിൽ അവൻ പറയുന്നതു കേൾക്കാറായി:

"ഞാനങ്ങു പോയാല്—ഈ കൊച്ചുങ്ങള് പിന്നെ അപ്പച്ചനെ കാണത്തില്ല."

അതിനു മറുപടിയെന്നോണം പ്രഞ്ചി ഉറക്കത്തിൽ പറയുന്നു:

"ഞാനപ്പച്ചനെ വിളിക്കും"

വക്കൻ വീണ്ടും പറഞ്ഞു:

"അതേ മോനേ. നിങ്ങളൊച്ചവച്ചു വിളിച്ചോണ്ടു് നടക്കു്. അപ്പച്ചന്റെ ചെവി കേക്കത്തില്ല."

വീണ്ടും കരംപൊട്ടി ത്രേസ്യ ചോദിച്ചു.

"എന്നതാ ഈ പറേന്നെ പിരാന്തുപിടിച്ചോ?"

അവം ചോദിക്കുന്നതു ശരിയാണെന്നു വക്കനു തോന്നി. അവനെന്തൊക്കെയാണു പറഞ്ഞതു്?

അങ്ങനെ തോന്നാൻ കാരണമെന്തെന്നു വക്കൻ ആലോചിച്ചു. തുടൻ പലതിൻേറയും കാരണങ്ങൾ ആരാഞ്ഞു. പ്രാൎത്ഥനാസമയത്തു് അങ്ങനെ തിരുകുടുംബത്തെക്കുറിച്ചു് ഓൎത്തതു് എന്തുകൊണ്ടാണു്? അതൊരു പാപമല്ലേ?......അന്നു് കുഞ്ഞുങ്ങളെ വളരെ നേരം അയാൾ കളിപ്പിച്ചു. ഉറക്കത്തിൽ അവരെ ഉമ്മ വയ്ക്കുക പതിവായിരുന്നു. അന്നു വളരെനാൾക്കൂടി അവരെ കളിപ്പിച്ചു. പതിരാവായിട്ടും അവളുറങ്ങിയില്ല. പിന്നീടു്, അയാൾ ഇല്ലാതായാൽ ആ കുടുംബം എങ്ങനെ കഴിയുമെന്നുള്ള ചിന്ത—ഇതെല്ലാംകൂടി വക്കൻെറ ഉൾക്കളത്തിൽ ഒരു കരിനിഴൽ വീശി. എന്താണിങ്ങനെ സംഭവിച്ചതു്?

വീണ്ടും താൻ മരിച്ചാൽ എന്ന ചിന്തയിൽ വക്കൻ ചെന്നുചേൻ.

വാത്സല്യമുള്ള ഒരു പിതാവിനു് വല്ലപ്പോഴുമെങ്കിലും തോന്നാവുന്ന ചിന്തയാണതു്. തൻെറ അഭാവത്തിൽ കുഞ്ഞുങ്ങൾ എങ്ങനെ വളരുമെന്നു്. വക്കൻ ആ അവസ്ഥയുടെ വിശദാംശങ്ങളിലേക്കു കടന്നു.

ആ കുടുംബത്തിൻെറ നിലനില്പു് ഒരു പുരുഷൻെറ ദുർബ്ബലമായ ഒരു ശ്വാസത്തിൽ തൂങ്ങിനില്ക്കുകയാണു്. ആ ശ്വാസം നിന്നുപോയാൽ—വക്കൻ അങ്ങനെ ഓൎക്കുന്നതിൽ എന്താണത്ഭുതം?...വിശന്നുതളൻ് ഒന്നും തിന്നാൻ കിട്ടാനില്ലാതെ വൃഥാ അപ്പച്ചനെ വിളിച്ചു കര

ഞ്ഞുകൊണ്ടു് ഈ വിശാലമായ ലോകത്തിൽ ആ കുഞ്ഞുങ്ങൾ നടക്കും. ആ നടപ്പു് വക്കൻ അവൻെറ ഭാവനയിൽ കണ്ടു. പാവപ്പെട്ട ഏതൊരു പിതാവും അതു കാണുകയില്ലേ?

രാവിലെ ഏഴനേരവു കുരിശു വരച്ചിട്ടു വക്കൻ പോകുമ്പോൾ, ഓരോ കാൽവയ്പും ഉൽക്കണ്ഠകൊണ്ടു് തരളിതമാണു്. അന്നത്തെ അരി എവിടെയാണു് എന്നറിയാൻ കഴിയാത്തതുകൊണ്ടുള്ള ഉൽക്കണ്ഠ. ആ ഉൽക്കണ്ഠയുടെ വിശാലമായ ഒരു ഭാവമല്ലേ ഈ ഉൽക്കണ്ഠയും? അയാൾ ഇല്ലാതായാൽ അവർ എങ്ങനെ കഴിയും.

"ത്രേസ്യേ!"

"എന്തോ."

"നീ എൻെറകൂടെ ചേരണ്ടാരുന്നു അല്ല്യോ?"

"എന്നതാ ഈ പറേന്നെ?"

"അല്ല. പറയുകാ. എൻെറ മനസ്സി ദുഷ്ടവിചാരം തോന്നുന്നു. എന്താണോ എന്തോ."

ത്രേസ്യയ്ക്കു ദൈവത്തെ ആശ്രയിക്കുവാനേയുള്ളു.

ആരുമാരും ഉറങ്ങിയില്ല; പക്ഷെ, ആരുമാരും ഒന്നും മിണ്ടിയതുമില്ല. കുട്ടികൾമാത്രം എന്തൊക്കെയോ പതിവില്ലാതെ ഉറക്കപ്പിച്ചു പറഞ്ഞുകൊണ്ടിരുന്നു. ചാണ്ടി പേടിച്ചു നിലവിളിച്ചു.

പ്രഭാതമാവുംമുമ്പേ വക്കൻ ഏഴനേരവു പ്രാൎത്ഥിച്ചു. എന്നിട്ടു സ്വല്പനേരം ഇരുന്നു. അതു പതിവുള്ളതല്ല. അയാൾ പുറത്തേക്കിറങ്ങി. ത്രേസ്യ, അയാൾ പോകുന്നതു നോക്കിനിന്നു. അന്നു പോകണ്ടെന്നു പറഞ്ഞാലെന്തെന്നു്

ത്രേസ്യയ്ക്കു തോന്നി. ഒരുപക്ഷേ, അന്നു പോകണ്ടെന്നു വക്കനും ആഗ്രഹമുണ്ടായിരുന്നിരിക്കാം.

വക്കൻ വഴിതിരിഞ്ഞു് അപ്രത്യക്ഷനായി.

തന്നത്താൻ അറിയാതെ ത്രേസ്യ ദീർഘമായി ഒന്നു നിശ്വസിച്ചു.

പഴയപടി ദിവസം ആരംഭിച്ചു. തലേന്നാളത്തെ ബാക്കി പഴങ്കഞ്ഞിയുടെ പററു് മക്കൾ കഴിച്ചു; വെള്ളം തള്ളയും. ആ പിള്ളർ ചോറു വാരിത്തിന്നപ്പോൾ, അകാരണമായി ത്രേസ്യയുടെ ഹൃദയം നീറി. നാളെ രാവിലത്തെ പഴങ്കഞ്ഞി? ആ ചിന്തയെ തുടച്ചുമാററുവാനായി ത്രേസ്യ വളരെ ശ്രമിച്ചു.

ആ ദിവസം അപ്രസന്നമായിരുന്നു. എങ്കിലും അവൾ തോട്ടിൽ വലവിരിച്ചു. വയ്യിട്ടു് ഒരു മറുകലമനത്താനുണ്ടെങ്കിൽ അത്രയ്ക്കാശ്വാസമല്ലേ? കുഞ്ഞുങ്ങൾ ഉത്സാഹമായി വിളിച്ചു കൂവി കളിച്ചുനടക്കുന്നു.

അവൾ ചിന്താമഗ്നയായിരുന്നു.

വയ്യുന്നേരമായപ്പോൾ വലവിരിച്ചു കിട്ടിയ മീൻ കറിവയ്ക്കാനുള്ള ശ്രമമായി. അത്രയ്ക്കു ജോലി തീർന്നിരിക്കുമല്ലോ. പിന്നെ അവൾ കുട്ടികളെ കുളിപ്പിച്ചു. ഒരു കുളിരു തോന്നിയതുകൊണ്ടു് അവൾ കുളിച്ചില്ല.

സന്ധ്യയായി. ഉള്ള അരി കഴുകി അവൾ അടുപ്പത്തിട്ടു. അതു പിള്ളക്കു മതിയാകും.

തിരുക്കുടുംബത്തിൻെറ മുൻപിൽ കുട്ടികളുമൊത്തു് അവൾ മുട്ടുകുത്തി. ആ മെഴുകുതിരിയുടെ നാമ്പു് ആടിയുലയുന്നു. വി: മാതാവിൻെറ മുഖം ദുഃഖംകൊണ്ടു വിതുമ്പു

ന്നതായി തോന്നി. ആ ദിവ്യജനനിയുടെ നയനങ്ങൾക്കു നനവുണ്ടു്.

ത്രേസ്യയുടെ കണ്ണുകളിൽനിന്നും ജലം കവിളിൽക്കൂടി ഒഴുകി. ഒരു ചോദ്യം അവൾക്കു ചോദിക്കുവാനുണ്ടു്. അതു് ഹൃദയത്തിൽ തങ്ങിനില്ക്കുന്നു. പക്ഷെ, അതു പുറത്തേയ്ക്കു വരുന്നില്ല.

"ഈ കൊച്ചുങ്ങളെ ഞാൻ എന്തുചെയ്യണം?"

പ്രാർത്ഥന മുഴുവൻ ചൊല്ലിക്കഴിഞ്ഞു. പക്ഷെ, ത്രേസ്യ മുട്ടുകുത്തി നില്ക്കുകയാണു്. ചാണ്ടി അമ്മച്ചിയുടെ കഴുത്തിൽ പിടിച്ചു ഞാന്നുകൊണ്ടു പറഞ്ഞു: "അമ്മച്ചീ വെശക്കുന്നു."

അവൾ എഴുന്നേററു. വിളക്കിൽ മണ്ണെണ്ണയില്ലെന്നു മറിയക്കുട്ടി പറഞ്ഞു. തിരുക്കുടുംബത്തിൻെറ മുൻപിൽ കത്തുന്ന മെഴുകുതിരിയുടെ വെട്ടത്തിൽ ആ കുഞ്ഞുങ്ങൾ അത്താഴമുണ്ടു.

ആ മെഴുകുതിരി അണഞ്ഞു. കുടിൽ ഇരുട്ടിലായി. വാതില്ക്കൽ, വഴിയിലേയ്ക്കു നോക്കി ത്രേസ്യ ഇരിക്കുന്നുണ്ടു്. മറിയക്കുട്ടി താഴ്ന്നസ്വരത്തിൽ ആ പ്രാർത്ഥനാഗീതം പാടുന്നു:

"നന്മനിറഞ്ഞോരമ്മേ,
തിന്മയിൽനിന്നു നമ്മേ
കാത്തുരക്ഷിക്കെ ചെമ്മേ
കനിവുള്ള കന്നിയമ്മേ!"

ആ ഗീതം ശോകസങ്കുലമായിരുന്നു.

ചാണ്ടിയും പ്രഞ്ചുവും ഉറങ്ങി.

ആ നിശ്ശബ്ദതയെ മറിയക്കുട്ടിയുടെ ഒരു ചോദ്യം ഭഞ്ജിച്ചു.

"അപ്പച്ചൻ എന്താ വരാത്തത് അമ്മച്ചീ?"

ഇനിയും ഒരുപക്ഷേ, അവൾ എല്ലാ കുട്ടികളിൽനിന്നും പ്രതിനിമിഷം നേരിടേണ്ടിവരാവുന്ന ചോദ്യം!

അവൾ എന്തുത്തരം പറയും?"

മറിയക്കുട്ടിയും ഉറങ്ങി. ത്രേസ്യ വാതില്ക്കൽത്തന്നെ ഇരുന്നു.

പതിവുപോലെ പുലന്നു. കുട്ടികൾ ഉണന്നു. അപ്പച്ചൻ വന്നില്ല; പഴങ്കഞ്ഞിയില്ല.

അന്ന് ക്രുവും ബഹളവും കളിയുമുണ്ടായില്ല. ഒരേ ഒരു ചോദ്യം മാത്രം,

"അപ്പച്ചനെന്താ വരാത്തതമ്മച്ചീ?"

അങ്ങകന്നു മാറിനിന്ന് ചാണ്ടിയും പ്രഞ്ചുവുംകൂടി വഴിയിലേയ്ക്ക് എത്തിനോക്കിനിന്നു.

പ്രഞ്ചു പറഞ്ഞു:

"ഇല്ലേ, അതപ്പച്ചനാ വരുന്നെ."

ചാണ്ടി കേട്ടപാതി കേക്കാത്തപാതി വിളിച്ചുകൂവി.

"അമ്മച്ചീ, അപ്പച്ചൻ വരുന്നു."

ത്രേസ്യയും മറിയക്കുട്ടിയും പടിക്കലേയ്ക്കോടി. അതൊരു അപരിചിതനായ വഴിപോക്കനായിരുന്നു.

വയ്യുന്നേരമായപ്പോൾ മറിയക്കുട്ടിയുടെ കണ്ണുകൾ നനഞ്ഞുതുടങ്ങി.

അന്നു രാത്രിയിൽ വിശന്നുപൊരിയുന്ന കുട്ടികളുടെ ഞെരങ്ങിഞ്ഞെരങ്ങിയുള്ള കരച്ചിൽ കേൾക്കാമായിരുന്നു. തിരുകുടുംബത്തിൻെറ മുൻപിൽ മെഴുകുതിരി കത്തിച്ചില്ല.

ഇരുളിൽ തിരുകുടുംബത്തിൻെറ മുൻപിൽ മുട്ടുകുത്തിക്കൊണ്ടു് ത്രേസ്യ പ്രാർത്ഥിച്ചു:

"മാതാവേ, എനിക്കു വയ്യ. ഞാനെങ്ങനെ വളത്തും?"

ഒരുപക്ഷേ, ഹൃദയവതിയായ ആ ജനനിയും കരയുന്നുണ്ടായിരിക്കാം.

ആറേഴ ദിവസം കഴിഞ്ഞു. വക്കൻ മടങ്ങിവന്നിട്ടില്ല. ഒരു പോലീസുകാരൻ വന്നു പറഞ്ഞു വക്കൻെറ ശവശരീരം നദിയിൽ ഒഴുകി നടക്കുന്നു എന്നു്. അവളെ കൂട്ടിച്ചുകൊണ്ടു പോകാനായി അയാൾ വന്നതാണു്.

എന്തോ അല്പം കേട്ടിട്ടു് ചാണ്ടി പ്രഞ്ചുവിൻെറ അടുത്തേയ്ക്കു നോക്കി.

"ചേട്ടാ, അപ്പച്ചൻ ആററി കെടക്കുന്നെന്നു്. നമുക്കു പാം കാണാനു്."

ആറേഴ നാഴിക അകലെ ആററിൽ ചീഞ്ഞുവീത്തു് തൊലി അഴുകി കണ്ണും പല്ലും ഉന്തിയ ഒരു ജഡം കിടക്കുന്നുണ്ടായിരുന്നു.

അതു തൻെറ ഭത്താവിൻെറ ജഡമാണെന്നു് ത്രേസ്യയ്ക്കു തോന്നിയില്ല. പക്ഷേ, അങ്ങനെയാണെന്നവൾ പറഞ്ഞു.

വിശന്നുപൊരിയുന്ന കുട്ടികൾ, ഇന്നും അവക്കു കഴിവുള്ളത്ര ഉച്ചത്തിൽ അപ്പച്ചനെ വിളിക്കുന്നുണ്ടു്.

"ഞങ്ങക്കു വെചക്കുന്നേ!"

# ഒരു വീട്ട്

ഗേറ്റുതുറന്നു് ഞാൻ അകത്തേയ്ക്കു കയറി. മുററത്തു മൂന്നു നാലു പിള്ളർ പൊടിയിൽ കിടന്നു കളിക്കുന്നു. തിണ്ണയിലും മൂന്നുനാലെണ്ണമുണ്ടു്. എല്ലാം ഒരച്ഛൻെറയും അമ്മയുടെയും മക്കൾതന്നെ. പക്ഷേ, ഒരു മൂന്നുനാലെണ്ണത്തെ സംബന്ധിച്ചിടത്തോളം ഏതാണു മൂത്തതു് ഏതാണു് ഇളയതു് എന്നു തീർത്തുപറയാൻ വിഷമമുണ്ടു്.

ഗേററടച്ചു മുടക്കനിട്ടപ്പോൾ മൂന്നു പിള്ളർ എന്റെ അടുത്തെത്തിക്കഴിഞ്ഞു. തിണ്ണയിലിരുന്ന ഒരു കുഞ്ഞു കരഞ്ഞു.

ഒരു ചെറുക്കൻ ഒരുകൈ മണ്ണുവാരി മുകളിലേയ്ക്കിട്ടു. കുറെമണ്ണു് എൻെറ തലയിലും വീണു.

ഞാൻ ആ ചെറുക്കനോടു പറഞ്ഞു:

"അരുതു കുഞ്ഞേ, മണ്ണുവാരി എറിയാതെ!"

അവൻ പെട്ടെന്നു ചോദിച്ചു:

"മണ്ണു വാരിയിട്ടാലെന്താ?"

ഞാൻ എന്തുത്തരം പറയാനാണു്! അവൻ വീണ്ടും മണ്ണുവാരി എറിഞ്ഞുകൊണ്ടിരുന്നു.

അതൊരു വലിയ വീടാണു്. മതിലിനു പുറത്തുനിന്നു നോക്കുമ്പോൾ നല്ല വെട്ടപ്പും വൃത്തിയുമുണ്ടു്. ഗേററു തുറന്നു് അകത്തു കടന്നാൽ അത്രയും ചപ്പും ചവറുമാണു്. ഈ വാനരസേനയ്ക്കു് മറെറന്താണു ജോലി?

ഞാൻ വരാന്തയിൽകയറി. അവിടെയും ചപ്പും ചവ

മാതന്നെ. ഭിത്തിയിലെല്ലാം കരിയും പൊകല്ലും കൊണ്ടു കുത്തിവരച്ചിരിക്കുകയാണു്. അകത്തു ഹാളിൽ മൂന്നുനാലു കസേരകൾ ഉണ്ടു്. ഒന്നിൽ കുറെ പൊടിമണ്ണു തൂവിക്കിടക്കുന്നു; മററൊന്നിൽ കെട്ടി നില്ക്കുന്നവെള്ളം. മൂത്രമായിരിക്കുമെന്നു് എനിക്കുതോന്നി. അപ്പുറം മാറി രണ്ടു കസേര മറിഞ്ഞു കിടക്കുന്നു. മുകളിൽ ചിലന്തി നിർബ്ബാധം വളരെനാളായി കൂട്ടുവച്ചു കഴിയുന്നു.

എന്റെ ചുററുമായി പിള്ളർ കൂടിക്കഴിഞ്ഞു. ഒരു കൗതുകവസ്തുവിനെ എന്നപോലെ അവർ എന്നെ സൂക്ഷിച്ചു നോക്കുന്നു. എനിക്കു് അതികഠിനമായ വെറുപ്പു തോന്നി. ഏതു നരകത്തിൽനിന്നു തുടലും പൊട്ടിച്ചുപോന്ന പേക്കോലങ്ങളാണിതു്! എത്രയെണ്ണമാണു്! എല്ലാററിനും ജലദോഷമാണോ? മൂക്കിൽനിന്നു് ഒലിക്കുന്നു. ഒന്നിന്റെ നാക്കിൻതുമ്പു മേൽച്ചുണ്ടിന്റെ മുകളിലേയ്ക്കു പോകുന്നു. എനിക്കു ഛർദ്ദിക്കാൻ വന്നു. എന്തോ എന്റെ പിന്നിൽ സ്പർശിച്ചതായി തോന്നി. ഒരു ചെറുക്കൻ എന്നെ തൊട്ടുനോക്കുകയാണു്.

ഞാൻ പല്ലുകടിച്ചു കണ്ണുരുട്ടി കൈ പൊക്കി! കാക്കക്കൂട്ടത്തിൽ കല്ലെറിഞ്ഞതുപോലെ എല്ലാം ഓടി. ഒരു പെണ്ണു്—അതാണു മൂത്തതു് എന്നു തോന്നുന്നു—മാത്രം അല്പം അകന്നു മാറിയതേയുള്ളു.

അപ്പോൾ. അതത്രയും എന്റെ കൂട്ടുകാരി പ്രസവിച്ചു കൂട്ടിയതാണു്. അവളുടെ ആഗ്രഹം ഭർത്തൃമതിയാകുക എന്നതായിരുന്നു. വിവാഹദിവസം അവൾ എത്രമാത്രം പ്രസന്നവദനയായിരുന്നു.

എന്നെത്തന്നെ തുറിച്ചുനോക്കി നില്ക്കുന്ന ആ മൂത്ത പെണ്ണിനോടു ഞാൻ ചോദിച്ചു:

"നിൻെറ അമ്മ എന്ത്യേ?"

"അകത്തൊണ്ട്."

"ഒന്നു വിളിക്കാമോ? അമ്മയുടെ ഒരു പഴയ കൂട്ടുകാരി വിളിക്കുന്നു എന്നു പറ."

ആ പെണ്ണു ചോദിച്ചു:

"നിങ്ങളെന്തിനാ ഞങ്ങളെ തല്ലാനോങ്ങിയെ?"

എനിക്കുത്തരമില്ല. ആ പെണ്ണ് അകത്തുചെന്ന് ഞാൻ തല്ലാനോങ്ങിയ വിവരം പറയുമായിരിക്കും. എന്തു ചെയ്യണമെന്നറിയാതെ ഞാൻ പരുങ്ങി.

ഒരു ചെറുക്കൻ വിളിച്ചുപറഞ്ഞു:

"അമ്മച്ചിയേ തേ ആരാണ്ടോ വന്നിരിക്കുന്നോ!"

ആവൂ, അതാശ്വാസമായി. ഞാൻ ഹാളിനുള്ളിലേയ്ക്കു കടന്നു. രണ്ടു പിള്ളർ ആ മുറിക്കുള്ളിൽക്കൂടിപാഞ്ഞു. ഒന്ന് എന്തിലോ തട്ടി നിലത്തുവീണ് കരയാൻ തുടങ്ങി. ഞാൻ അടുത്തുചെന്ന് ആ കുഞ്ഞിനെ പിടിച്ചുപൊക്കി. എൻെറ കൈ അത്രയും അഴുക്കായി!

അല്പം കഴിഞ്ഞപ്പോൾ ഒരു പെൺകോലം ആ ഹാളിൽ പ്രത്യക്ഷമായി. ഒരു കൈക്കുഞ്ഞു് മുല കുടിക്കുന്നുമുണ്ട്.

അതു് എൻെറ കൂട്ടുകാരിയാണെന്നു തോന്നുകയില്ല. അത്രയ്ക്കു മാറിയിരിക്കുന്നു. അവളുടെ തലമുടി എവിടെ പോയി? കണ്ണു കുഴിഞ്ഞുതാണു. കവിൾ ഒട്ടി മുഖം നീണ്ടു. എനിക്കതിൽ അത്ഭുതം തോന്നിയില്ല. പക്ഷേ, അവളുടെ ആ പഴയ ചിരി പൂർണ്ണമായി മാഞ്ഞില്ല.

അവൾ പറഞ്ഞു:

"കുട്ടപ്പന്റെ അപ്പൻ പറഞ്ഞു ഇവിടെ വന്നിട്ടുണ്ടെന്നു."

ഞാൻ പറഞ്ഞു:

"ഇന്നാലെ ഞാൻ ബാങ്കിൽ വന്നപ്പോഴാണറിഞ്ഞത് നിങ്ങൾ ഇവിടാണെന്ന്. നിങ്ങളുടെ ഭർത്താവാണ് ബാങ്ക് ഏജൻറന്നതന്നെയും ഇന്നാലെയാണറിഞ്ഞതു്."

അവിടെയും ഇവിടെയും നിന്നുകൊണ്ടു് ആ പിള്ളർ ഉററു നോക്കുന്നു. മറിയക്കുട്ടി പറഞ്ഞു:

"ഇങ്ങനെ നിന്നാലോ? ഇരിക്ക."

"ഇരിക്കാം," എന്നു ഞാൻ വെറുതെ പറഞ്ഞു. എവിടെ ഇരിക്കാനാണ് എന്നു് എന്റെ നോട്ടം ചോദിക്കുന്നതായി അവൾ മനസ്സിലാക്കി. അവൾ പറഞ്ഞു:

"പിള്ളാരും പ്രഞ്ചിണീം ഒള്ളടത്തിങ്ങനാ. കെട്ടാതേം പെറാതേം ഇരിക്കുന്നവക്ക് ഒരു വീട്ടിൽ നോക്കിയാൽ എല്ലാടത്തും വൃത്തികേടായിരിക്കും."

മറിയക്കുട്ടി മറിഞ്ഞുകിടന്ന ഒരു കസേര നിവർത്തു വച്ചു തന്നു. ഞാൻ അതിലിരുന്നു. എന്റെ ബാഗും കുടയും കൈയിൽത്തന്നെ ഇരിക്കുകയാണ്.

മറിയക്കുട്ടിയുടെ ഭർത്താവായ ബാങ്ക് ഏജൻറിനെക്കൊണ്ടു് ഒരു കാര്യം എനിക്കു സാധിക്കുവാനുണ്ടായിരുന്നു. ഈ സന്ദർശനത്തിന് അങ്ങനെ ഒരു പ്രാധാന്യംകൂടിയുണ്ടായിരുന്നു. ഞാൻ പറഞ്ഞു:

"മറിയക്കുട്ടി ഏജൻറുസാറിന്റെ ഭാര്യയാണെന്നറിഞ്ഞപ്പോൾ എന്റെ കാര്യം സാധിച്ചതുതന്നെ എന്നു

ഞാൻ നിശ്ചയിച്ചു. എനിക്കു് ഒരു വലിയ കാര്യമാ സാധിക്കാനുള്ളതു്."

മറിയക്കുട്ടി ഒരു വെറും ചിരി ചിരിച്ചു. ശുദ്ധപൊള്ളയായ ഒരു ചിരി. അപ്പോഴ് ആ മൂത്തപെണ്ണു പറയുകയാണു്.

"അമ്മച്ചീ, ഇവരു ഞങ്ങളെ തല്ലാൻ കൈ ഓങ്ങി."

ഒരു നിമിഷത്തേക്കു ഞാൻ സ്തംഭിച്ചിരുന്നുപോയി. അതു കള്ളമാണെന്നു പറയണോ? അല്ലാതെന്താണുവഴി? പെട്ടെന്നു് ഒരു യുക്തി എൻെറ ബുദ്ധിയിൽക്കൂടി പാഞ്ഞു. ഒരു പച്ചച്ചിരിയോടെ ഞാൻ പറഞ്ഞു:

"സ്നേഹത്തോടെ—അല്ല ചുമ്മാ ഞാൻ കൈഓങ്ങി. പിള്ളരു പേടിച്ചോടി. കളിപ്പിക്കാനായിരുന്നു."

ആ പെണ്ണു വിട്ടുന്നില്ല. അവഠ പറഞ്ഞു:

"ഉം. കളിപ്പിക്കാനാരുന്നു! കണ്ണുംമിഴിച്ചു വപ്പും കടിച്ചു് കൈ ഓങ്ങിയതു കളിപ്പിക്കാനാ!"

മറിയക്കുട്ടി പറഞ്ഞു: "കുഞ്ഞും കുട്ടിയുമില്ലാത്തോളു് കൊച്ചുങ്ങളെ കളിപ്പിച്ചാലു് അങ്ങനെയിരിക്കും."

ആവൂ! ഞാൻ രക്ഷപെട്ടു!

ഞാൻ മറിയക്കുട്ടിയോടു ചോദിച്ചു:

"മറിയക്കുട്ടിക്കു് എത്ര പിള്ളാരാണു്?"

അവഠ പറഞ്ഞു: "അതൊക്കെ കൊറെയൊക്കെ ദൈവംതമ്പുരാൻ തന്നിട്ടുണ്ടു്."

ആ ചോദ്യം വേണ്ടായിരുന്നു എന്നു് എനിക്കു തോന്നി. ധാരാളം മക്കളെള്ള ഒരു തള്ളയോടു മക്കളുടെ

എണ്ണം ചോദിച്ചാൽ അവഠ പറയുകയില്ല. ചോദിക്കു ന്നതു് ഔചിത്യവുമല്ല. ആ ഔചിത്യരാഹിത്യത്തെ പരിഹരിക്കാനെന്നപോലെ ഞാൻ പറഞ്ഞു:

"ദൈവം തന്നതിനെ പാലിക്കാം. അല്ലേ? അതുങ്ങളുടെ കുസൃതീം ചിരീം എല്ലാം ഒരു ആനന്ദമാണു് അല്ലേ മറിയക്കുട്ടി?"

അവഠ ചോദിച്ചു:

"എന്തു തോന്നുന്നുണ്ടോ?"

തോന്നുന്നുണ്ടു് എന്നാണു പറയേണ്ടതു്. പക്ഷേ, അതിനു നാവാടിയില്ല. ഇങ്ങനെ കുറെ പിള്ളരുണ്ടായി, മറിയക്കുട്ടിയെപ്പോലെ ആയിത്തീരുന്നതിൽ ആനന്ദമുണ്ടെന്നു പറയാൻ എനിക്കു കഴിഞ്ഞില്ല.

മറിയക്കുട്ടിയെ ഞാൻ ഒന്നു സൂക്ഷിച്ചുനോക്കി. എന്തൊരന്തരമാണു്! ഇതിലെന്തു സുഖമാണുള്ളതു്. ഒരിക്കൽ ഉടുത്തൊരുങ്ങി ഇരിക്കാനവഠക്കു് ബഹുവാസനയായിരുന്നു. ഇന്നു കരിയും ചളിയും വിയർപ്പുമായി, കുളിക്കാതെ ദിവസങ്ങഠതന്നെ അവഠ കഴിച്ചേക്കും. ആ മുണ്ടിലും ചട്ടയിലും എല്ലാം മൂത്രവും മലവും കാണും. അതു സുഖമാണെന്നു പറയണം.

മറിയക്കുട്ടി ചോദിച്ചു: "തൊള്ളിവെള്ളം കുടിക്കുന്നോ?"

"ആവാം."

എനിക്കു നല്ല ദാഹമുണ്ടു്. ആ സല്ക്കാരത്തെ ഞാൻ സ്വീകരിച്ചു.

മറിയക്കുട്ടി അടുക്കളയിലേയ്ക്കുപോയി. ഞാൻ പഴയ മറിയക്കുട്ടിയേയും, എന്റെ മുൻപിൽ കണ്ട രൂപത്തേയും

തമ്മിൽ താരതമ്യപ്പെടുത്തുകയായിരുന്നു. എത്ര ലഘുചിത്തയായി നേരംപോക്കുംപറഞ്ഞു കഴിഞ്ഞവളാണവൾ! അവൾ ഒരു ചിരിക്കുടുക്കയായിരുന്നു. സ്കൂളിൽ അവൾക്ക് ഒരു ചങ്ങാതിയേയുണ്ടായിരുന്നുള്ളു. അതു ഞാൻ. എനിക്ക് ഒരു ചങ്ങാതിയേയുണ്ടായിരുന്നുള്ളു. അതവൾ. ലഘുചിത്തയായിരുന്ന അവൾക്ക് ഇന്നു ഹൃദയംഗമമായി ഒന്നു ചിരിക്കാൻ കഴിയുന്നില്ല എന്ന് എനിക്കു തോന്നി. അവൾക്ക് ഒരു ഫലിതം, പറയുവാനില്ല. വളരെ നാൾ കൂടിയിട്ടാണ് ഞങ്ങൾ കാണുന്നതു്. ആ പഴയ മറിയക്കുട്ടി ഓടിവരുമായിരുന്നു; കെട്ടിപ്പിടിക്കുമായിരുന്നു; ഉമ്മവെയ്ക്കുമായിരുന്നു. പറഞ്ഞാലും പറഞ്ഞാലും അവളുടെ വർത്തമാനം തീരുകയില്ലായിരുന്നു. ഇന്ന് എന്തൊരു തണുത്ത പെരുമാററമാണ്! അല്ല, അതായിരിക്കാൻ ഇടയില്ല. ഒരുപക്ഷേ, അവൾക്ക് പറയുവാൻ ഒന്നുമില്ലായിരിക്കാം.

അവൾ ദുഃഖിക്കുന്നവളായിരിക്കുമോ? എല്ലാം അടക്കിവെച്ചു സഹിക്കുകയായിരിക്കുമോ? ബാങ്ക്ഏജൻറിനെപ്പോലെ ഒരു നല്ലമനുഷ്യൻെറ ഭാര്യ ദുഃഖിക്കാൻ ഇടയില്ല. വേണ്ടതെല്ലാം ഉണ്ടായിരിക്കാനുള്ള സാമ്പത്തികസ്ഥിതിയും അയാൾക്കുണ്ടു്. ഇല്ല, അവൾ അതൃപ്തയായ ഭാര്യയല്ല.

മുറിയിൽ അവിടെയും ഇവിടെയുമായി കഴുകന്മാരെപ്പോലെ നോക്കിനിന്നിരുന്ന പിള്ളർ മെല്ലെ എന്നെ സമീപിച്ചു. ഞാൻ അതറിഞ്ഞില്ല. ഒരുപെണ്ണ് അടുത്തു വന്നു ചോദിച്ചു:

“നിങ്ങളുടെ പേരെന്താ?”

ഞാൻ പറഞ്ഞു:

"അന്നാക്കുട്ടീന്ന്."

"നിങ്ങടെ അപ്പനൊണ്ടോ?"

"ഇല്ല."

"നിങ്ങടെ അമ്മച്ചിയോ?"

"ഇല്ല."

"നിങ്ങളെന്തിനാ ഇവിടെ വന്നെ?"

"അമ്മച്ചിയെ കാണാൻ."

ആ പെണ്ണ് അല്പനേരത്തേയ്ക്ക് എന്നെത്തന്നെ തുറിച്ചുനോക്കിനിന്നു. അപ്പുറത്ത് ഒരു ചെറുക്കൻ എന്നെനോക്കി പല്ലിളിച്ച് കൊഞ്ഞനം കുത്തുന്നു.

ആ പെണ്ണ് ചോദ്യം തുടൎന്നു:

"നിങ്ങം ഇന്ന് ഇവിടെ താമസിക്കാനാണോ വന്നെ."

ഞാൻ അതെ എന്നു തലകുലുക്കി.

"ഞങ്ങളു ചോറുതരത്തില്ല."

മറെറാരുകൊച്ച് അകന്നുനിന്നു പറയുന്നു:

"അമ്പ! ഞങ്ങടെ ചോറും കറീം ഉണ്ടെത്തിക്കാൻ വന്നിരിക്കുന്നു!"

ഈ സമയം എൻെറ പുറത്ത് ഒരു പാറവന്നു കൊണ്ടു.

ഒരു ചെറുക്കൻ മേശയ്ക്കു സമീപം വന്നു നിൽക്കുന്നുണ്ടായിരുന്നു. അല്പം മുൻപേ ഞാൻ എൻെറ ഹാൻഡുബാഗും കുടയും മേശമേൽവച്ചു. ആ ചെറുക്കൻ, ബാഗും തട്ടി എടുത്തുകൊണ്ടു് ഒററ ഓട്ടം. അവൻെറ ഉദ്ദേശ്യം അതായിരുന്നു എന്നു മനസ്സിലാക്കിയില്ല ഞാൻ അമ്പരപ്പോടെ ചാടി എണീററു.

"ഇവിടെ കൊണ്ടുവാ," എന്നു പറഞ്ഞു. പക്ഷേ, അതാരു ഗൗനിക്കാനാണ്! അവൻെറ പിന്നാലെ ഞാൻ പാഞ്ഞു. അടുത്തെത്തുമെന്നും പിടികൂടുമെന്നും ആയപ്പോഗം അവൻ ആ ബാഗു വലിച്ചെറിഞ്ഞു. തിരിച്ചു ഹാളിൽ വന്നപ്പോഗം ഒരു ചെറുക്കൻ കുട നിവക്കാൻ ശ്രമിക്കുകയാണ്.

മറിയക്കുട്ടി കാപ്പിയുംകൊണ്ടെത്തി. ഒരു നിമിഷം കഴിഞ്ഞപ്പോഗം പിള്ളരെല്ലാം ഓരോ കപ്പുമായി എത്തിക്കഴിഞ്ഞു. അവഗം ഒരു കപ്പിൽ നിറയെ കാപ്പി പകന്ന് എൻെറ മുൻപിൽ വച്ചു. എന്നിട്ട് കുറേശ്ശെ ആ പിള്ളേക്കെല്ലാം ഒഴിച്ചുകൊടുത്തു.

ആ കാപ്പി ഞാൻ ഒന്നുമൊത്തി. എനിക്കു മതിയായി. എന്തൊരു ചുവയാണ്! വാട്ടൽ ചുവയ്ക്കുന്നതോ പോകട്ടെ, എന്തോ ഒരു കമർപ്പുചുവ. പാലും പഞ്ചസാരയുമില്ല. കപ്പാണെങ്കിൽ പുള്ളിയും പോരും വീണിരിക്കുന്നു. അതു തേച്ചിട്ട് ഒരു മാസമായിക്കാണും. ആ നില്ക്കുന്നതിൽ ഏതോ ഒരു കൊച്ച് ആ കപ്പിൽ വെള്ളമെടുത്തു കുടിയ്ക്കേ, അതിൻെറ മൂക്കിൽനിന്നും കുറുകുറാന്നു കപ്പിലേയ്ക്കു ചാടിക്കാണും. എനിക്ക് ആ ഓമ്മ മനമുരുട്ടി.

മറിയക്കുട്ടി ചോദിച്ചു:

"അപ്പോഗം അന്നക്കുട്ടി കല്യാണം വേണ്ടെന്നാ വച്ചിരിക്കുന്നേ?"

ഞാൻ തീത്തു പറഞ്ഞു:

"അതെ."

അവഗം ചോദിച്ചു:

"പിന്നെന്തിനാ പെണ്ണായി ദൈവം ജനിപ്പിച്ചെ?"

"അതു കല്യാണം കഴിക്കാനാണോ?"

മറിയക്കുട്ടിക്ക് ഉത്തരമില്ലായിരുന്നു.

ഞാൻ വീണ്ടും ആ പെണ്ണായി ജനിച്ചവളെ സൂക്ഷിച്ചുനോക്കി. അവൾക്ക് ഈ ജീവിതത്തിൽ സംതൃപ്തിയാണോ? അവളുടെ നെററിമേൽ പഞ്ഞിവച്ചു് ഒട്ടിച്ചിരിക്കുന്നതായി തോന്നി. അതൊരു മുറിവാണു്.

ഞാൻ ചോദിച്ചു:

"ഇതെന്താ മറിയക്കുട്ടി?"

അവൾ ഒന്നു പരുങ്ങുന്നു. എനിക്കതു വ്യക്തമായി കാണാമായിരുന്നു. ആ ചോദ്യം ചോദിക്കേണ്ടായിരുന്നു എന്നു് എനിക്കു തോന്നി. ആ പെണ്ണു പറഞ്ഞു:

"അതു് ഇന്നാലെ അപ്പച്ചൻ അമ്മച്ചിയെ വെറകുകമ്പെടുത്തടിച്ചതാ."

ഞാൻ അങ്ങു ജീവച്ഛവമായി. ഒരു നിമിഷത്തേയ്ക്കു മറിയക്കുട്ടിയും മരവിച്ചു. അടുത്ത നിമിഷം അവൾ ആ പെണ്ണിനെ പിടിച്ചു പുറത്തും തോളത്തുമായി അഞ്ചാറടി അടിച്ചു. ഞാൻ ചാടി എണീററു് അവളെ വിലക്കി.

അല്പനേരം കഴിഞ്ഞു. എനിക്കു് ഒന്നും പറയുവാനില്ലായിരുന്നു. ദൂരെ ആ പെണ്ണുനിന്നു കരയുന്നു. മറിയക്കുട്ടിക്കു സമചിത്തത കൈവന്നു. അവൾ പറഞ്ഞു:

"ഇതൊക്കെയൊണ്ടു് അന്നാക്കുട്ടീ, ആ ജീവിതത്തിൽ. നീ കാപ്പി കുടിക്കാത്തതെന്തു്?"

ഞാൻ പറഞ്ഞു:

"കാപ്പി മതി."

കാര്യം മനസ്സിലാക്കിയിട്ടെന്നപോലെ അവൾ പറഞ്ഞു:

"കൊച്ചുങ്ങളുള്ളടത്ത് ഈ കാപ്പിയൊക്കെയേ കിട്ടു."

മേശയ്ക്കടുത്തു നിന്നിരുന്ന ഒരു കുട്ടി ചോദിച്ചു:

"നിങ്ങക്കു കാപ്പി വേണ്ടേ?"

"വേണ്ട."

"എന്നാൽ ഞാൻ എടുക്കുകയാണ്."

ആ കുട്ടി കാപ്പിയും എടുത്തുകൊണ്ടു പോയി. അവൻ ആ കാപ്പിയിൽത്തന്നെ നോട്ടമിട്ടു നില്ക്കുകയായിരുന്നു. ഒരു കൊച്ചിനെ തല്ലി നോവിച്ചുനില്ക്കുന്ന തള്ളയ്ക്ക് അതു കണ്ടു ചിരിയാണു വന്നത്. ഞാനും ഒന്നു ചിരിച്ചു.

ഗേററിങ്കൽ ഒരു ലഹള. അപ്പച്ചൻ വരികയാണ്. പിള്ളേർ ചെന്ന് എതിരേല്ക്കുകയാണ്. ഒരു ചെറുക്കൻ പറയുന്നതു ഞാൻ കേട്ടു:

"അപ്പച്ചാ, നമ്മടെ അത്താഴമുണ്ണാൻ ഒരുത്തി വന്നു കേറിയിരിക്കുന്നു."

എജൻറുസാർ വിറകുകമ്പുവച്ചു ഭാര്യയെ തല്ലിയതിൽ അദ്ദേഹത്തെ കുററപ്പെടുത്തേണ്ടെന്ന് എനിക്കു തോന്നി.

832

# കൊച്ചൗസേപ്പ്

അവൾ ഒരു ചുമട്ടുകാരന്റെ മകൾ ആയിരുന്നു. പേരു് കൊച്ചുമറിയ എന്നു്. നല്ല ആരോഗ്യവും ചൈതന്യവും ഉള്ള പെണ്ണു്. അവളെ അല്ലാതെ മററാരേയും താൻ കെട്ടുകയില്ലെന്നു് കൊച്ചൗസേപ്പുറച്ചു. അവളെ കെട്ടാൻ തരമായില്ലെങ്കിൽ അവനു കല്യാണമേ വേണ്ടത്രേ!

പറയത്തക്ക വിലപേശലൊന്നും നടന്നില്ല. കല്യാണം നടന്നു. ഏതോ അല്പസംഖ്യ സ്ത്രീധനമായി കിട്ടി. ഒരു കൊച്ചു മീൻകച്ചവടം തുടങ്ങുവാൻ ആ സംഖ്യ മതിയാകുമായിരുന്നില്ല. അങ്ങനെ ഔസേപ്പും കൊച്ചുമറിയയുംകൂടി ഒരു വീടു് ആരംഭിച്ചു.

കൊച്ചുമറിയ ഔസേപ്പിന്റെ ജീവനാണു്. എന്നുവച്ചാൽ, അവളെ വേണ്ടത്ര അന്വേഷിക്കുന്നില്ല എന്നാണു് അയാളുടെ പേടി. അവൾ ഉണ്ണുന്നതു് അയാൾക്കു് മതിയാവുകയില്ല. ഉടുക്കാൻ സമൃദ്ധിയായുണ്ടെങ്കിലും ഒരു ചട്ടയും തുണിയും വാങ്ങിക്കൊടുത്തതായി അവനു വിശ്വാസമില്ല. അവൾ അങ്ങനെ പാടുപെടാൻ പാടില്ല എന്നാണു നിശ്ചയം. എന്നാൽ ഒരു വീട്ടിൽപ്പെട്ട ജോലി അല്ലാതെ അവൾ ഒന്നും ചെയ്യാറുമില്ല.

കൊച്ചുമറിയയ്ക്കു് ഔസേപ്പിനോടും അങ്ങനെതന്നെ ആണു്. അവൻ അവളുടെ ഈശ്വരൻ ആണു്.

കൊച്ചുമറിയ ഗർഭിണിയായി. കൊച്ചൗസേപ്പിനെ

സംബന്ധിച്ചിടത്തോളം ഉൽക്കണ്ഠാകുലമായ പത്തുമാസം തികഞ്ഞു് അവൾ പ്രസവിച്ചു. ഒരാൺകുഞ്ഞു്. ഒരു മീൻകച്ചവടക്കാരൻെറ ഭാര്യയുടെ പ്രസവചികിത്സ അല്ല അവിടെ നടന്നതു്. കൊച്ചൗസേപ്പ് പ്രസവശുശ്രൂഷയ്ക്കു് കള്ളക്കടം വാങ്ങിയും നിർലോഭം പണം ചെലവാക്കി. എങ്കിലും അവൾ പ്രസവിച്ചെഴുന്നേററു കണ്ടപ്പോൾ കൊച്ചൗസേപ്പ് ഒന്നു നടുങ്ങി. ആ പഴയ കൊച്ചുമറിയ അല്ലവൾ. അവളിൽനിന്നും എന്തോ ഒന്നു വാൎന്നുപോയി. തടിച്ചുകൊഴുത്തിരുന്ന ശരീരത്തിൽ ചില എല്ലുകൾ എഴുന്നു കാണാം. മുഖത്തിൻെറ അരുണിമ പോയി. ഒന്നു വിളറി. അവളുടെ തലമുടി കൊഴിഞ്ഞു.

എന്നാലും കൊച്ചുമറിയയ്ക്കു് ശക്തിക്കുറവോ രോഗമോ ഒന്നും ഇല്ല. അവൾ ഉല്ക്കണ്ഠപ്പെടുന്ന ഭർത്താവിനെ ആശ്വസിപ്പിച്ചു.

"പെണ്ണുങ്ങളു പെററാലങ്ങനാ. അതു സുഖക്കേടല്ല. ചെറുപ്പം പോവ്വാ, അത്രേയുള്ളു."

നാട്ടിലുള്ള സകല വൈദ്യന്മാരേയും കൊച്ചൗസേപ്പു സമീപിച്ചു. എന്നും ഓരോ മരുന്നും കൊണ്ടുവരും.

കൊച്ചുമറിയ രണ്ടാമതും ഗർഭിണി ആയി, പ്രസവിച്ചു. കൊച്ചൗസേപ്പിൻെറ ഉല്ക്കണ്ഠ വർദ്ധിച്ചു. കൊച്ചുമറിയ അയാളെ ശാസിച്ചു.

"ഇതെന്നാ കളിയാ? പെണ്ണുങ്ങളിങ്ങനാ പെരുമ്പം. എനിക്കൊരു സുഖക്കേടുമില്ല."

സത്യത്തിൽ അവൾ ആരോഗ്യവതിയും ആയിരുന്നു.

മൂന്നാമത്തും അവൾ പ്രസവിച്ചു. കൊച്ചൗസേപ്പ്

ഭ്രാന്തനാകുകതന്നെചെയ്തു. ഇങ്ങനെ അവൾ പ്രസവിച്ചാൽ!—ഇനിയും അവൾ പ്രസവിക്കേണ്ട; ശരിയായി ഒന്നു ചികിത്സിക്കണം. കൊച്ചൗസേപ്പ് അതിനുള്ള ശ്രമമായി. പക്ഷേ, പാവപ്പെട്ട ആ മീൻകച്ചവടക്കാരന്റെ ഉദ്ദേശ്യം, പ്രവൃത്തിയിൽ ചെന്നു പററാതായി. ആ കുടുംബം ഇന്നു വലുതായില്ലേ? നാലു വയർ കഴിയണം. അവന്റെ ആഗ്രഹംപോലെ ഭാൎയ്യയ്ക്കു് ചികിത്സചെയ്യാൻ പററുമോ? എന്നു തന്നെയല്ല, ഇടയ്ക്കുംമുറയ്ക്കും വയററിനുള്ളതുതന്നെ ഇല്ലാതായി.

കൊച്ചുമറിയയ്ക്കു് ഒരു പനി തുടങ്ങി. അതും അല്പം കൂടുതലായി. അടുത്തുള്ള ഒരു കണിയാരാണു ചികിത്സ. ചികിത്സ പോരെന്നുണ്ടു് കൊച്ചൗസേപ്പിനു്. അവിടെ കവലയിൽ ഒരു ഡോക്ടറുണ്ടു്. അദ്ദേഹത്തെ വരുത്തിയാൽ രോഗം ഭേദമാകുമെന്നാണു് കൊച്ചൗസേപ്പിന്റെ വിചാരം. പക്ഷേ, പണം വേണം. ഒരു പ്രാവശ്യം അദ്ദേഹം വരണമെങ്കിൽ 15 രൂപാ ആണു്. ചക്രത്തിന്റെ കുറവുകൊണ്ടു് രണ്ടുദിവസമായി കച്ചവടംകൂടിയില്ല.

കൊച്ചൗസേപ്പ് ഭ്രാന്തനെപ്പോലെ ഓടുകയാണു്. കാണുന്നവരോടെല്ലാം സങ്കടം പറയും, കരയും. രോഗിണിയുടെ അടുത്തു ചെല്ലും, അവളെ വിളിക്കും. അങ്ങനെ ദിവസങ്ങൾ നീങ്ങി. പതിനഞ്ചു രൂപാ ഉണ്ടായില്ല. കൊച്ചുങ്ങൾ രണ്ടുദിവസം പട്ടിണിയായി. ഒരുനാൾ മരുന്നും മുട്ടി.

ഒരർദ്ധരാത്രിയിൽ, കുട്ടികളെ ഭൎത്താവിനെ ഏല്പിച്ചിട്ടു് കൊച്ചുമറിയ കൎത്താവിൽ സുഖനിദ്ര പ്രാപിച്ചു. കൊച്ചൗസേപ്പിനു് അതുവിശ്വസിക്കാമായിരുന്നില്ല. അവൾ

അങ്ങനെ തന്നെയും ഓമനക്കുഞ്ഞുങ്ങളെയും വിട്ടുപിരിഞ്ഞിട്ടു പോകുമോ? പിന്നെ താൻ എന്തുചെയ്യും?

*　　*　　*　　*

അന്ത്യക്രുദാശപോലും അവൾക്കു കൈക്കൊള്ളാൻ തരമായില്ല. പട്ടിണിക്കഞ്ഞി ഇല്ല. വെള്ളിക്കുരിശുപോലും ഇല്ല. അനാഥപ്രേതങ്ങളെ കുഴിച്ചിടുന്നിടത്തു് ഒരു കുഴി തോണ്ടിക്കിട്ടി. ജീർണ്ണിച്ച ഒരു ശവപ്പെട്ടി, ശവപ്പെട്ടിവില്പനക്കാരൻ വെറുതെ കൊടുത്തു. അയൽപക്കത്തെ പിള്ളേർ സിനിമാനോട്ടീസു കീറിഒട്ടിച്ചു് അതിനു മോടിപിടിപ്പിച്ചു.

ഇടവകപ്പള്ളിയിൽ നാലു് അച്ചന്മാരുണ്ടു്. അവരിൽ വികാരിഅച്ചനെ ശവമടക്കിനു കിട്ടുകയില്ല. അസിസ്റ്റേൻറുമാരിൽ ഒരാളിനു് സുഖമില്ലെന്നു പറഞ്ഞു; വേറൊരാളിനു് അപ്പോൾത്തന്നെ എവിടെയോ പോകണം. മൂന്നാമൻെറ മുറിയുടെ വാതിൽക്കൽ കണ്ണുനീരൊഴുക്കിക്കൊണ്ടു് കൊച്ചൗസേപ്പു് ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു:

"വേറെ ആരെയെങ്കിലും വിളിയെടോ!"

ഒരു പടുവൃദ്ധനായ പുരോഹിതൻ പെൻഷൻപററി, അവസാനകാലത്തെ പ്രതീക്ഷിച്ചു് ഇടവകപ്പള്ളിയിൽ വന്നു് താമസമുണ്ടു്. അദ്ദേഹത്തിന്റെ കാലും കൈയും എല്ലാം വിറയ്ക്കും, കണ്ണുകാണുകയില്ല. പത്തുചക്രം കൈയിൽ ഉള്ളതു് കൊച്ചൗസേപ്പു് അദ്ദേഹത്തിൻെറ മുൻപിൽവെച്ചു. ആ വൃദ്ധനു് അതു വലിയ കാര്യമായിരുന്നു. ചെറുപ്പകാലത്തു് സമ്പാദിച്ചതെല്ലാം ജ്യേഷ്ഠൻെറ മക്കടെ പേർക്കായിരുന്നു.

അങ്ങനെ ഘോഷയാത്ര നീങ്ങി. ഒടിഞ്ഞു് ഒട്ടംവെച്ചുതാച്ച മരക്കുരിശ്ശു്, കീറിപ്പറിഞ്ഞ കരിംകുപ്പായം, പുരോഹിതനെ ഒരാൾ താങ്ങിപ്പിടിക്കുകയാണു്. അദ്ദേഹം ഉച്ചരിക്കുന്ന മന്ത്രം തിരിയുന്നില്ല. അയൽപക്കത്തുള്ള നാലു് മററു മീൻകച്ചവടക്കാർ ശവമഞ്ചം ചുമന്നു. കൊച്ചൗസേപ്പും അവൻെറ ജ്യേഷ്ഠനും മാത്രമാണു് ആ ശവമഞ്ചത്തെ അനുഗമിക്കുന്നതു്...അതു് മററാരുടേയും താൽപര്യത്തെ ബാധിച്ച മരണമല്ലല്ലോ.

ആ വൃദ്ധപുരോഹിതൻ ചരമപ്രസംഗം നടത്തി. അതു് ആക്കും മനസ്സിലായില്ല. ഉച്ചരിച്ച മന്ത്രങ്ങൾ, ശവമടക്കിൻേറതായിരുന്നില്ല. അതുതന്നെയും പലയിടത്തും തെററി. പാവം, വൃദ്ധനു് ഓമ്മനിൽക്കുന്നില്ല. ശവമഞ്ചം കുഴിയിൽവെച്ചു. ഒരുനുള്ളു മണ്ണു് കൊച്ചൗസേപ്പു് കുഴിയിലേയ്ക്കിട്ടു. അങ്ങനെ ആ ശവമടക്കു കഴിഞ്ഞു.

വളരെ വളരെ ശവമഞ്ചങ്ങളെ അനുഗമിക്കുകയും ചരമപ്രസംഗം നടത്തുകയും ചെയ്ത ആ പുരോഹിതൻ പിരിയാൻനേരത്തു പറഞ്ഞു:

"മോനേ, മരണം എല്ലാവക്കുമുണ്ടു്. തമ്പുരാൻെറ കല്പന അനുസരിക്കു്, കുരിശു ചുമന്നാലെ കിരീടം ഉള്ളു."

വിറയലാന്ന ആ സ്വരത്തിൽനിന്നും ഇങ്ങനെയെന്തോ തിരിഞ്ഞുകിട്ടി.

"വല്യോം കൂടൊണ്ടോ മോനെ തരാൻ?" അവൻെറ കൈയിൽ എന്തിരിക്കുന്നു? "എന്നാലും അടുത്ത ഞായറാഴ്ച കുർബാന വേണോ? എൻെറ അടുത്തു വന്നോരെ. കുറഞ്ഞനിരക്കിൽ നടത്താം."

കൊച്ചൗസേപ്പ് സമ്മതിച്ചു. വീണ്ടും ആ പുരോഹിതൻ ആശ്വസിപ്പിച്ചു.

"അവൾക്കത്രേ ഇരിപ്പുള്ളൂ മോനേ; തമ്പുരാൻെറ കല്പന."

കൊച്ചൗസേപ്പ് ഉറങ്ങിയിട്ടില്ല. ഒരു കൊച്ചു വിളക്ക് അവൻെറ കുടിലിൽ മങ്ങിമങ്ങി കത്തുന്നുണ്ട്. മൂത്ത കുഞ്ഞ് ഉറക്കത്തിൽ ഞരങ്ങുകയും മൂളുകയും ചെയ്യുന്നു. രണ്ടാമത്തേത് ചുരുണ്ടുകൂടി കിടക്കുകയാണ്. ഇളയകുട്ടി അമ്മയുടെ ചൂടുകിട്ടായ്കയാൽ കൂടെക്കൂടെ ഉണരുന്നുണ്ട്. എല്ലാററിൻേയും വയർ മുതുകോട്ട് ഒട്ടിക്കിടക്കുന്നു.

അവൾ ഏല്പിച്ചിട്ടു പോയി. ഇതുങ്ങളെ വളത്തണം. എന്തൊരു വമ്പിച്ച ചുമതലയാണ്. രണ്ടാമത്തെ കുഞ്ഞുണന്ന് അമ്മച്ചിയെ വിളിച്ചു. മൂത്തകുട്ടി അമ്മച്ചിയോട്ട് എന്തോ പരാതി പറഞ്ഞു. ഒരു പക്ഷേ, അവരുടെ അമ്മച്ചി അവരുടെ അടുത്ത് എത്തിയിട്ടുണ്ടാവും!

ആ വൃദ്ധനായ പുരോഹിതൻെറ വിറയ്ക്കുന്ന ചുണ്ടിൽക്കൂടി അസ്പഷ്ടമായി പുറത്തുവന്ന ആ വാചകങ്ങൾ കൊച്ചൗസേപ്പ് ഓത്തു. എല്ലാവരും മരിക്കും. തമ്പുരാന്റെ കല്പനയാണ്; അവൾക്ക് അത്രയും ഇരുപ്പേ കല്പിച്ചിട്ടുള്ളൂ. കൊച്ചൗസേപ്പ് ദീർഘമായി ഒന്നു നിശ്വസിച്ചു... മുണ്ടിൻതുമ്പുകൊണ്ട് അവൻ കണ്ണീർതുടച്ചു...അതെ അതു വിധിയാണ്. തടയ്ക്കുവാൻ ഒക്കുന്നതല്ല. കരഞ്ഞതുകൊണ്ട് എന്തുഫലമാണ്? ഒരുദിവസം താനും മരിക്കും; ഈ കുട്ടികളും മരിക്കും.

എങ്കിലും ആ ഡോക്ടരെക്കൊണ്ടുവന്നു ചികിത്സിക്കുവാൻ സാധിച്ചിരുന്നെങ്കിൽ അവൾ ഇപ്പോൾ മരിക്കുമാ

യിരുന്നില്ല. കൊച്ചൗസേപ്പ് ഓൎത്തു. അവർ എല്ലാം തനിക്കുതന്നിട്ട് പട്ടിണി കിടക്കുക ആയിരുന്നു. അവർ വളരെയേറെ സഹിച്ചു. കഷ്ടം അവളെ ശരിക്കു സംരക്ഷിക്കുവാൻ, എല്ലുമുറിയെ പണി എടുത്തിട്ടും കഴിഞ്ഞില്ല. അവർ മരിച്ചു, അവളെ കൊല്ലുകയായിരുന്നു.

കൊച്ചൗസേപ്പ് വിങ്ങിവിങ്ങി കരയാൻ തുടങ്ങി. അയാൾ, അവളെ അയാൾക്കു സ്വന്തമായ ഓമനപ്പേർ ചൊല്ലി വിളിച്ചു. അവൾ ആ കുടിലിൻെറ പരിസരത്തിലെവിടെയോ ഉണ്ട്. അവൾക്കു ജീവിതം മതിയായിട്ടില്ല. എന്തെല്ലാം അഭിലാഷങ്ങൾ സാധിക്കുവാനുണ്ട്! ഓരോന്നും കൊച്ചൗസേപ്പ് എണ്ണി ഓൎത്തു.

അവളിപ്പോൾ എവിടെ ആയിരിക്കും? കൎത്താവിൽ സുഖനിദ്രപ്രാപിച്ചു. അന്ത്യകൂദാശപോലും കൈക്കൊണ്ടില്ല. ഒരു നല്ല ശവപ്പെട്ടിപോലും ഇല്ലായിരുന്നു. അവൾക്കുവേണ്ടി ചൊല്ലപ്പെട്ട മന്ത്രങ്ങൾക്ക് അക്ഷരശുദ്ധി ഇല്ലായിരുന്നു. ഒരു കുർബാന കഴിക്കുവാൻപോലും കഴിഞ്ഞില്ല. ഒരുവൾക്കുവേണ്ടി ചെയ്യുവാനുള്ള അവസാനത്തെ കാര്യംപോലും ചെയ്തില്ല അവൾ നരകത്തിൽ ആയിരിക്കും! പണമില്ലാത്തവൻെറ ഭാൎയ്യക്കു് വൈദ്യസഹായം കിട്ടുകയില്ല. സഫലമാകാത്ത ആശകൾകൊണ്ട് എരിപൊരികൊണ്ട് അവൾ അലയുകയായിരിക്കും.

"ഹെൻെറ കൊച്ചുമറിയേ!"

മൂത്തകുട്ടി ഉറക്കം ഉണൎന്നു ചോദിച്ചു: "അപ്പൻ ഉറങ്ങിയില്ലേ?"

"ഇല്ലെൻേറ മോനേ!"

കൊച്ചൗസേപ്പ് ഇന്നും മീൻ കച്ചവടത്തിനു പോക

ന്നുണ്ട്. പക്ഷേ, പഴയ ഉന്മേഷവും കല്പവടത്തിനുള്ള മിടുക്കും ഇല്ല. അവൻെറ ആരോഗ്യംതന്നെ പോയി. ഉള്ളതിൽക്കൂടുതൽ പ്രായംതോന്നി.

രാവിലെ അവൻ കല്പവടത്തിനു പോകും. ആ കൊച്ചു കുടിലിൽ മൂന്നുകൊച്ചുങ്ങൾ തനിച്ചാണു്. രാത്രിയിൽ തിരിച്ചുവന്നു വേണം വല്ലതും വച്ചുണ്ണാൻ. പൈതങ്ങൾ പിതാവിൻെറ തിരിച്ചുവരവു് നോക്കിക്കൊണ്ടിരിക്കുക ആയിരിക്കും.

തായില്ലാത്ത ആ വീടു് താറുമാറായി. അതു മേഞ്ഞിട്ടില്ല. ചെററകൾ പൊളിഞ്ഞു. അതിൽ ശ്രദ്ധിക്കുവാൻ കൊച്ചൗസേപ്പിനു സമയമുണ്ടോ?

അമ്മയുള്ള കാലത്തു് ആ കുഞ്ഞുങ്ങൾക്കു് ചൈതന്യമുണ്ടായിരുന്നു. അവരെ കാണാൻ കൗതുകം ഉണ്ടായിരുന്നു. മൂത്തകുഞ്ഞിൻെറ മേലാകെ ചൊറിയാണു്. രണ്ടാമത്തേതിൻെറ വയർ ഉൗളച്ചു. അതിനു തുടർച്ചയായി വയററിളക്കവും ദഹനക്കേടും ആണു്. മൂന്നാമത്തേതു് വാല്യമാക്രിയെപ്പോലെ ഇരിക്കുന്നു. വലിയ തലമാത്രമുണ്ടു്. ആ കുഞ്ഞുങ്ങൾ ജീവിക്കുമോ? ദൈവം നിശ്ചയിച്ചാൽ ജീവിക്കും.

കൊച്ചൗസേപ്പിൻെറ ജീവിതത്തിൽ ഒരു വലിയ മാററം വന്നിട്ടുണ്ടു്. അവൻെറ ദൈവവിശ്വാസം വദ്ധിച്ചു. എന്നും കുരിശു വരച്ചിട്ടേ എന്തെങ്കിലും കഴിക്കൂ. കുട്ടികളേയും അതു പഠിപ്പിച്ചു. എല്ലാ കടമുള്ള ദിവസങ്ങളിലും ഞായറാഴ്ചയും പള്ളിയിൽ പോകും. മാസത്തിൽ ഒരു ദിവസമെങ്കിലും കുമ്പസാരിക്കും. ദൈവമല്ലാതെ അവനു് ആശ്രയമാരുണ്ടു്? ദൈവത്തിൻെറ കാര്യത്തെക്കു

റിച്ച് പുരോഹിതൻ പ്രസംഗിക്കുമ്പോൾ, അവൻെ കണ്ണു കൾ നിറയും. തള്ളയില്ലാത്ത അവൻെറ കുട്ടികൾ ദൈവ കാരുണ്യംകൊണ്ടല്ലാതെ മററെന്തുകൊണ്ടാണ് രക്ഷപ്പെ ടേണ്ടതു്?

നല്ല ആഹാരംകൊടുത്തു് ശരിക്കു ശുശ്രൂഷിക്കപ്പെ ട്ടാൽ ആ കുട്ടികൾ മനുഷ്യക്കുട്ടികളാകുമെന്നവനറിയാം. അവൻ മീൻകച്ചവടക്കാരൻ. പല ഭേദപ്പെട്ട വീടുകളി ലും തള്ളയില്ലാത്ത കുട്ടികളെ കണ്ടിട്ടുണ്ടു്, ആരോഗ്യമുള്ള കുട്ടികൾ! എന്നെങ്കിലും അവൻെറ കുട്ടികൾ അങ്ങനെ ആകുമോ? അവൻ്റെ പക്കൽ പണം ഉണ്ടെങ്കിൽ ആകും. പണം.....ദൈവകാരുണ്യമുണ്ടെങ്കിൽ പണമുണ്ടാകും.

ആയിടെ ഇടവകപ്പള്ളിയിൽ മെത്രാനച്ചൻ എഴു ന്നള്ളി. വിശുദ്ധപിതാവിൻെറ നേരിട്ടുള്ള അനുഗ്രഹം അവനാവശ്യമായിരുന്നു. നാട്ടിലെ പണക്കാർ തിരുമേ നിയെ ചൂഴ്ന്നു നിൽക്കുകയാണ്. ഓരോരുത്തർ പവനും രത്നങ്ങളും എല്ലാം കാണിക്കയിടുന്നു. അവൻെറ കൈയി ലോ ഒരു പണം മാത്രമാണുള്ളതു്. അവനേയും കുട്ടിക ളേയും മൂന്നു പ്രാവശ്യം അവിടെനിന്നു് ഇടവകയിലെ വി കാരിയച്ചൻ തള്ളിമാററി.

“ചീഞ്ഞ ശവങ്ങളേയുംകൊണ്ടു വന്നിരിക്കുന്നു. ആൾ ക്കൂട്ടത്തിൽ മാറിനിൽക്കരുതോ?”

മെത്രാനച്ചൻ തിരിച്ചെഴുന്നള്ളാനായി എഴുന്നേററു. അദ്ദേഹം പോകും.....കൊച്ചൗസേപ്പ് ആൾക്കൂട്ട ത്തിൽക്കൂടി തള്ളിക്കയറി അടുത്തുചെന്നു. ആ അനുഗ്ര ഹം അവൻെറ ജീവിതത്തിലെ സർവ്വസ്വവുമാണ്! അതു കൂടാതിരിക്കുവാൻ സാദ്ധ്യവുമല്ല.

കൊച്ചൗസേപ്പ് പരിശുദ്ധപിതാവിന്റെ കൈയ്യ്കടന്നുപിടിച്ചു. അനുവാദത്തിനു കാക്കാതെ അവൻ ആവേശത്തോടെ ആ കരങ്ങളിൽ ചുംബിച്ചു. ഗദ്ഗദവാണിയായി എന്തൊക്കെയോ പറഞ്ഞു.

ആ ധിക്കാരം മാന്യന്മാക്കു സഹിക്കാമായിരുന്നില്ല. രത്നഖചിതമായ മോതിരം അണിഞ്ഞ കൈയിൽ ഒരുവൻ കടന്നുപിടിച്ചപ്പോൾ പരിശുദ്ധപിതാവ് ഭയപ്പെട്ടുപോയി.

അടുത്തനിമിഷം കൊച്ചൗസേപ്പിനെ വലിച്ചിഴച്ചു മുറിക്കു പുറത്താക്കി! ഒന്നോ രണ്ടോ അടിയുടെ ശബ്ദവും, ആ കുട്ടികളുടെ 'കാ കീ' എന്നുള്ള കരച്ചിലും കേൾക്കായി.

ക്രൂശിക്കപ്പെട്ട രൂപത്തിനു മുൻപിൽ, അർദ്ധനിമീലിതനയനങ്ങളോടെ മുട്ടുകുത്തി കൊച്ചൗസേപ്പ് നില്ക്കുകയാണ്. ധാരമുറിയാതെ അവൻെറ കണ്ണുകളിൽനിന്ന് കണ്ണുനീർ ഒഴുകിക്കൊണ്ടിരുന്നു. ആ സ്നേഹഭിക്ഷുവിൻെറ ഒരുവശം ചരിഞ്ഞ ശിരസ്സ് തെല്ലു ചലിക്കുന്നതായി തോന്നി. അധരങ്ങൾ ചലിക്കുന്നു. പകുതി തുറന്ന കണ്ണുകളിൽനിന്ന് സ്നേഹത്തിൻെറ ചൈതന്യം പ്രസരിക്കുന്നു. തിരുമേനി തീവ്രവേദന അനുഭവിക്കുക ആണ്. ആ തീവ്രവേദന ഒരിക്കലും അവസാനിക്കുകയില്ല. ആനന്ദത്തിൻെറ പുഞ്ചിരികൊണ്ടു ആ അധരങ്ങൾ ഭാസുരമാകുവാൻ മനുഷ്യൻ സമ്മതിക്കുകയില്ല. ആ സ്നേഹഭിക്ഷുവിൻെറ ത്യാഗം വ്യഥാവിലായി. അതേ; മനുഷ്യൻ മനുഷ്യനെ സ്നേഹിക്കുകയില്ല: മനുഷ്യൻ മനുഷ്യൻെറ അവകാശത്തെ അംഗീകരിക്കുകയില്ല; മനുഷ്യൻ മനുഷ്യനാകുകയില്ല.

കൊച്ചൗസേപ്പ് വിങ്ങിവിങ്ങിക്കരഞ്ഞു. സ്വജീ

വിതം നിഷ്പ്രയോജനമായതുപോലെ ആ സ്നേഹമൂർത്തിയും വിങ്ങിവിങ്ങിക്കരയുന്നതായി തോന്നി. അവിടുന്നു് കുരിശിലേറിയതു് കൊച്ചൗസേപ്പിനും കുട്ടികൾക്കുംവേണ്ടിയാണു്...അപ്പുറം വ്യാകുലമാതാവിന്റെ വിശുദ്ധരൂപം കണ്ടു...അവിടുന്നും കരയുന്നു.

പിന്നിൽ ശബ്ദം കേൾക്കായി. വികാരിഅച്ചൻ പരിവാരങ്ങളോടുകൂടി വരികയാണു്. കുട്ടികളെ വാരിവലിച്ചെടുത്തുകൊണ്ടു് ഔസേപ്പു പോയി.

ഒരുദിവസം കൊച്ചൗസേപ്പു് മീൻകച്ചവടം കഴിഞ്ഞു് കുറച്ചു വൈകിയാണു് തിരിച്ചുവന്നതു്. അന്നു വാങ്ങിയ മീനിൽ പകുതിയും ചെലവായില്ല. വീട്ടിൽ വന്നപ്പോൾ അവിടെ വെട്ടവും വെളിച്ചവും ഇല്ല. മൂത്ത കുഞ്ഞിനെ വിളിച്ചു. അവൻ വിളികേട്ടു. കൊച്ചൗസേപ്പു് ചോദിച്ചു:

"കുഞ്ഞുവക്കിയും ഒറോതേം ഉറങ്ങിയോ മക്കളേ?"

"കുഞ്ഞുവക്കി ഇപ്പഴാ ഒറങ്ങിയതപ്പച്ചാ. ഒറോത ഉച്ചയ്ക്കു മുമ്പുറങ്ങിയതാ. ഇതുവരെ ഒണന്നില്ല. ഞാൻ കുലുക്കിവിളിച്ചു. ഒണരുന്നില്ല. എന്തൊറക്കമോ!"

സംഭ്രമത്തോടെ കൊച്ചൗസേപ്പു് തീപ്പെട്ടി ഉരച്ചു വിളക്കു കത്തിച്ചു. അവൻ കൊച്ചുമകളെ വാരിയെടുത്തു. മഞ്ഞുകട്ടപോലെ തണുത്തു വിറങ്ങലിച്ചിരുന്നു.

"പൊന്നുമകളേ! ഒറോതേ!"

താഴത്തു കിടത്തിയിട്ടു് കുഞ്ഞിന്റെ പകുതി തുറന്നിരുന്ന കണ്ണു് പിടിച്ചു തുറന്നു; പകുതി തുറന്നവായുടെ കീഴ്ചുണ്ടു് പിടിച്ചു താഴ്ത്തി. അവൾ ഇനി വിളി കേൾക്കുകയില്ല. ആ കണ്ണുകൾ തുറക്കുകയില്ല.

കുഞ്ഞിൻെറ ആ ശരീരത്തിൽ ശിരസ്സുവെച്ച് കൊച്ചൗസേപ്പ് കരഞ്ഞു.

ഒറോത കൊച്ചുമറിയയുടെ ഛായ ആയിരുന്നു.

*  *  *  *

ആ പാവത്തിനു മറെറാരു പ്രശ്നം നേരിട്ടു. എങ്ങനെ ശവമടക്കു നടത്തും? ഒരു കാശ് അവൻെറ കൈവശമില്ല. പക്ഷേ, ജ്ഞാനസ്നാനം ചെയ്ത ശിശുവിനെ പള്ളിയിൽ അല്ലാതെ അടക്കാമോ?

കൊച്ചൗസേപ്പിൻെറ ചിന്താമണ്ഡലം ഇരുണ്ടു. പണ്ട് കൊച്ചുമറിയയുടെ ശവമടക്കിന് എഴുന്നള്ളിക്കപ്പെട്ട മരക്കുരിശിൽ തൂങ്ങിയിരുന്ന മണിയുടേതുപോലെ ഒരു മണിനാദം അവൻെറ ചെവികളിൽ മുഴങ്ങി. അവൻെറ കണ്ണിൽ ഇരുട്ടു കയറി. തലചായ്ച്ച് കുടിലിൻെറ തൂണിൽ ചാരിയിരിക്കുകയാണ്.

എത്രനേരം അങ്ങനെ ഇരുന്നു എന്നറിഞ്ഞുകൂടാ. ആരോ കുലുക്കി വിളിച്ചതുപോലെ അവൻ നടുങ്ങി ഉണന്നു. വിളക്കു കരിന്തിരി കത്തുന്നു. ഒറോത മലന്നു കിടക്കുന്നു. കുഞ്ഞുവക്കിയും ശൗരിയാരും ഉറക്കമാണ്.

ഒറോതയുടെ ശവശരീരത്തിൽ അവൻ തുറിച്ചുനോക്കി. അതിനെ ഒരു തമ്പുരാനെപ്പോലെ അവൻ വാരിയെടുത്തു. ആവേശത്തോടെ ഒന്നു ചുംബിച്ചു. ആ ചുംബനത്തിൻെറ ശബ്ദം അവനെ നടുക്കി. ഉറങ്ങുന്ന കുട്ടികളെ നോക്കിയിട്ട് അവൻ പുറത്തേയ്ക്കു പോയി.

പിറേറന്നു നേരം വെളുക്കുംമുൻപ് ശൗരിയാർ ചോദിച്ചു:

"ഒറോതയെന്ത്യേ അപ്പച്ചാ?"

അവൻ പതുക്കെപ്പറഞ്ഞു:

"മിണ്ടാതെ, മിണ്ടാതെ."

ശൗരിയാരേയും കൊച്ചുവക്കിയേയും കൈക്കുപിടിച്ചുകൊണ്ടു കൊച്ചൗസേപ്പ് പോയി. അന്നുദിച്ച സൂര്യൻ ആ കുടിലിനെ ശൂന്യമായി കണ്ടു.

സംവത്സരങ്ങൾ വളരെയേറെ കഴിഞ്ഞു. ഒരു പള്ളി നടത്തിവരുന്ന അനാഥവൃദ്ധജനമന്ദിരത്തിലേയ്ക്ക് ഒരു പടുവൃദ്ധനായ തെണ്ടിയെ ഒരു ദയാലു പിടിച്ചുകൊണ്ടുവന്നു. ആ സ്ഥാപനത്തിന്റെ മേലധികാരിയായ പുരോഹിതൻ അയാളെ കൊണ്ടുവന്ന ആളോടു ചോദിച്ചു:

"ഇതു കൊച്ചൗസേപ്പല്ലേ? എവിടെനിന്നിവനെ പിടിച്ചുകൊണ്ടു വരുന്നു?"

ആ വൃദ്ധന്റെ ചുണ്ട് ഒരു വല്ലാത്ത മന്ദഹാസംകൊണ്ടു വക്രിച്ചു. അയാളെ കൊണ്ടുവന്ന ആൾ പറഞ്ഞു:

"റോഡിനരികിലിരുന്ന രൂപത്തിനു താഴെ എഴുതിയിരുന്നതു വായിച്ച് അയാൾ പൊട്ടിച്ചിരിക്കുന്നു. ഭ്രാന്തനാണെന്ന് ആദ്യം ഞാൻ വിചാരിച്ചു. ഭ്രാന്തൊന്നും ഉണ്ടെന്നു തോന്നുന്നില്ല."

പുരോഹിതൻ ഗൗരവത്തോടെ പറഞ്ഞു:

"അവനു ഭ്രാന്തോ? ഭ്രാന്തില്ല. അവൻ ശപിക്കപ്പെട്ട ദൈവവിരോധിയാണ്, പിശാചാണ്."

വൃദ്ധൻ വീണ്ടും അർത്ഥവത്തായി മന്ദഹസിച്ചു.

പുരോഹിതൻ തുടർന്നു: "പള്ളിയേയും പട്ടക്കാരേയും

ചീത്ത പറയുകയാണ് അവൻെറ ജോലി. അവനി വിടെ കുറെനാൾ കഴിഞ്ഞവനാണ്. ഇവിടെനിന്നും പ റഞ്ഞയച്ചതാണ്. കത്താവിൻെറ സമാശ്വാസം അവനു വേണ്ടാപോലും."

വൃദ്ധൻ പൊട്ടിച്ചിരിച്ചു. പുരോഹിതനു് അരിശം കൊണ്ടു മൂത്തു് അദ്ദേഹം ഒരു നീണ്ടവടി എടുത്തുകൊണ്ടു വന്നു. വൃദ്ധൻ പേടിച്ചില്ല. തിരിഞ്ഞു് സാവധാനം നടന്നു.

"ചത്തു കഴിഞ്ഞു. സുഖം! ഹ ഹ ഹ ഹ." അയാൾ പൊട്ടിച്ചിരിച്ചു.

# ഇങ്കിലാബ് സിന്ദാബാദ്

"എന്തിനാടോ ഇതിനേം പിടിച്ചോണ്ടു വന്നതു്?"

"അയ്യോ കൊള്ളാം! അങ്ങത്തെ ഇവളെ അറിയത്തില്ല. ഇവള് ആരാണെന്നാ വിചാരിച്ചതു്? ഈ അകത്തു കിടക്കുന്നവരാരും സാരമില്ല. ഇവളു മൂത്ത കമ്മ്യൂണിസ്റ്റാണ്. പെണ്ണുങ്ങളെ ഒക്കെ ശരിപ്പെടുത്തുന്നതിവളാ!"

അപ്പോൾ മററൊരു കാൺസ്റ്റബിൾ പറഞ്ഞു: "ഇവളല്ല്യോ, ആ വെടികൊണ്ടു ചത്ത കിട്ടൻെറ ഭാര്യ?"

"അതെ."

മൂന്നാമതൊരുവൻ അഭിപ്രായപ്പെട്ടു:

"വലിയ പുള്ളിയാ, അങ്ങത്തെ ഇവള്."

ഹേഡിന് ഒരു പുതിയ വൈഷമ്യം. ഒരു സ്ത്രീയെ അകത്താക്കുന്നതിൽ അദ്ദേഹത്തിനു വൈമനസ്യമൊന്നുമില്ല. പക്ഷേ, അവളുടെകൂടെ ഒരു ചെറുക്കനെണ്ടു്—അഞ്ചോറുവയസ്സു പ്രായം. അവളെ ലാക്കപ്പിലിട്ടിട്ടു്, ആ ചെറുക്കനെ എന്തു ചെയ്യണം? അദ്ദേഹം ചോദിച്ചു:

"ഈ ചെറുക്കനേതാ?"

അവളെ പിടിച്ചുകൊണ്ടു വന്ന കാൺസ്റ്റബിൾ പറഞ്ഞു:

"അവടെ മോനാ."

"ഇതിനെ എന്തു ചെയ്യണം?"

"ഞാൻ ആട്ടിഓടിക്കാൻ ശ്രമിച്ചതാ അങ്ങത്തെ. പോകുന്നില്ലന്നേ! പിശാച്! ഞാൻ എല്ലാ അടവും

നോക്കി. പേടീം ഭയോം ഒന്നുമില്ല. നോക്കിക്കേ അവൻെറ നിപ്പ്!"

ആ ചെറുക്കൻ സ്റ്റേഷൻെറ തിണ്ണയിൽ നില്ക്കുകയായിരുന്നു. വേറൊരു പോലീസുകാരൻ അലർച്ചയോടെ ലാത്തിയും ചൂണ്ടിക്കൊണ്ടു് അവൻെറ നേ൪ര ഒരു ചാട്ടം ചാടി. അവൻ അനങ്ങിയില്ല. നിന്നിടത്തുതന്നെ നിന്നു. അവൻെറ കണ്ണു് ഒന്നു് ഇമയ്ക്കുകപോലും ചെയ്തില്ല.

അതു് അസാധാരണമായിരുന്നു. ഒന്നുകിൽ അവൻ ഒരു പ്രജ്ഞ ഇല്ലാത്തവൻ ആയിരിക്കണം. അതായിരിക്കാൻ ഇടയില്ല. കുറഞ്ഞതു് അവൻ ഒരു മൃഗമാണെന്നെങ്കിലും സമ്മതിക്കണം. സംഹരിക്കാനെന്നപോലെയുള്ള ആ പോലീസുകാരൻെറ ചാട്ടത്തിൽ അവൻ ഒന്നുകിൽ പേടിച്ചോടണം. അല്ലെങ്കിൽ എതിർക്കുകയെങ്കിലും വേണം. അവൻ ഒരു തൂണുപോലെ നില്ക്കുന്നു. ഏതെങ്കിലും ഒരു ഭാവവ്യത്യാസം മുഖത്തു വന്നാൽ മതിയായിരുന്നു.

പോലീസുകാരെല്ലാം അത്ഭുതപ്പെട്ടുപോയി. ഇങ്ങനെ ഒരു സംഭവം അവക്ക് പുത്തരി ആയിരുന്നു. അവനെ പ്രസവിച്ചവളെന്നു പറയപ്പെടുന്ന അവൾക്കും ഒരു കുലുക്കമില്ല.

ഒരു പോലീസുകാരൻ ചോദിച്ചു:

"ഒരു നല്ല കിഴുക്കുകൊടുക്കാമായിരുന്നില്ലേ?"

അവളെക്കൊണ്ടുവന്ന പോലീസുകാരൻ പറഞ്ഞു:

"ഒന്നോ! കൊള്ളാം ഞാൻ പത്തു കിഴുക്കുകൊടുത്തില്ലേ? കിഴുക്കു കൊള്ളുമ്പോൾ തല ഒന്നു ചരിയും, ചിലപ്പോൾ ചുണ്ടു് ഒന്നുകോട്ടും. അത്രതന്നെ. ഇവൻ ഒരു മനുഷ്യക്കൊച്ചല്ല."

അപ്പോൾ വേറൊരു കാൺസ്റ്റബിൾ ചാടിവന്ന് അവൻെറ തലയുടെ ഒരുവശത്ത് ഒരടി അടിച്ചു. തല ഒരു സ്ക്രൂവെച്ച് പിടിപ്പിച്ചിരുന്നതുപോലെ ഒന്നു ചരിഞ്ഞു. എവരും അമ്പരന്നുപോയി. അവനെ കണ്ടാൽ അങ്ങനെ ഒന്നു നടന്നെന്നുപോലും തോന്നുകയില്ല. മററൊരു കാൺസ്റ്റബിൾ ഒരു പരീക്ഷണംകൂടെ നടത്തി. രണ്ടു ചെവിക്കുംകൂടി പിടിച്ച് അവനെ മുകളിലേയ്ക്ക് ഉയത്തിയിട്ട് താഴത്തേയ്ക്കിട്ടു. അടുത്തനിമിഷം പഴയപോലെ അവൻ നില്ക്കുന്നു!

ഹെഡ്കാൺസ്റ്റബിൾ പറഞ്ഞു:

"ഇതൊരു പിശാചുതന്നെ. ഓ, സംശയമൊന്നുമില്ല; നോക്കിയേ, അവൾ നോക്കിനില്ക്കുന്നത്."

അവളെ പിടിച്ചുകൊണ്ടുവന്ന കാൺസ്റ്റബിൾ പറഞ്ഞു:

"ഇവൾ കമ്മ്യൂണിസ്റ്റാണെന്നു പറഞ്ഞപ്പോൾ ആക്കും വിശ്വാസം വന്നില്ല. ഇപ്പം മനസ്സിലായോ?"

അപ്പോൾ മററൊരു കാൺസ്റ്റബിൾ പറഞ്ഞു:

"ആ കിട്ടു ആരായിരുന്നെന്നറിയാമോ? അവൻ തോക്കിൻെറനേരെ—അന്നു ഘോഷയാത്രയ്ക്ക്—ചാടിനിന്ന്കൊടുത്തവനാ. അവൻെറകൂടെ പൊറുത്തവളാ, ഇവൾ. ഈ ചെറുക്കനൊണെങ്കില് അവൻെറ ബീജമാ."

അവളെ കൊണ്ടുവന്ന കാൺസ്റ്റബിൾ പറഞ്ഞു:

"ഇവള് ഈ ചെറുക്കനെ പഠിപ്പിക്കുന്നതെന്താണെന്നറിയാമോ? ഞാൻ രണ്ടുകൊല്ലമായിട്ട് അതു സൂക്ഷിച്ചുകൊണ്ടിരിക്കുകയായിരുന്നു. ഇവള് പറഞ്ഞുകൊടുക്കുന്നത് പോലീസുകാരനെ പേടിക്കരുതെന്നാ. വളന്ന

വന്നാല് ഇവൻ പോലീസുകാരൻെറ കാലനാകും. അങ്ങ നാണ് ഇവൻെറ ഇവൾ വളർത്തിയത്. ഞാമ്പറയാമല്ലോ ഇവനേം അകത്താക്കണം."

വെടിപൊട്ടുന്നതുപോലെ ഒരു ശബ്ദം കേട്ടു. മററൊരുകാൺസ്റ്റബിൾ അവളുടെ കരണത്ത് അടിക്കുകയായിരുന്നു. ആ ചെറുക്കൻ ഒന്നു നടുങ്ങി; അവൻെറ കണ്ണുരുളുന്നു.

"കണ്ടോ കണ്ടോ," പോലീസുകാരൻ പറഞ്ഞു: "അവൻ സൂക്ഷിക്കുകയാണ്. ഒരാവതുണ്ടായിരുന്നെങ്കിൽ അവൻ നമ്മളെ തട്ടിയേനെ."

"അങ്ങു തീർത്തേക്കാമായിരുന്നു. മേലിൽ ഉപദ്രവം ഇല്ലായിരുന്നു. പക്ഷേ, കൊലക്കേസാകുമല്ലോ? ഇവനെ ഒക്കെ വളരാൻ അനുവദിക്കരുത്."

അങ്ങനെയൊക്കെ ആണെങ്കിൽ ആ ചെറുക്കനേയും അങ്ങകത്താക്കിയാലെന്തെന്നാണ് ഹെഡ്ഡിൻെറ വിചാരം. അദ്ദേഹം മേലുദ്യോഗസ്ഥനോട് ഫോണിൽ വിളിച്ചു ചോദിച്ചു. അദ്ദേഹം നിർദ്ദേശം നൽകി. അങ്ങനെ അവൾ ഇരുമ്പഴികൾക്കുള്ളിലും അവൻ റോഡിലുമായി.

പോലീസ്സ്റ്റേഷൻെറനേരെ റോഡിനപ്പുറത്ത് ഒരു വിളക്കുകാലുണ്ട്. അതിൻെറ ചുവട്ടിലാണ് അവൻ ഇരിക്കുന്നത്. ഇരുമ്പഴികൾക്കിടയിൽക്കൂടി അവളും നോക്കിയിരുന്നു. അവൾക്ക് അവനെ കാണാം. അവനും കാണുന്നുണ്ടായിരിക്കാം.

രാവിലെ എഴുനേററുപോകും. മിക്കവാറും വൈകിട്ടായിരിക്കും തിരിച്ചുവരുന്നത്. അപ്പോൾ അവൻെറ വയറ് വീർത്തിരിക്കുന്നത് അവൾ കാണാറുണ്ട്. എന്തൊക്കെ എവിടുന്നെല്ലാം കഴിച്ചാണോ ആ വയർ വീർത്തിരിക്കു

ന്നതു്? രാത്രിയിൽ ആ വിളക്കിൻകാലിന്റെ ചുവട്ടിൽ ത്തന്നെ അവൻ ചുരുണ്ടുകൂടി കിടന്നുറങ്ങും. ഇരുമ്പഴികൾക്കിടയിൽക്കൂടി അവൾ അവനെ നോക്കിക്കൊണ്ടിരിക്കും.

ചിലദിവസങ്ങൾ ഉച്ചയാകുമ്പോൾത്തന്നെ അവൻ അവിടെവരും. അന്നു് അവന്റെ വയർ മുതുകോട്ടു ചേന്നു് ഒട്ടിക്കിടക്കും. അവളുടെ മകൻ അന്നു് ഒന്നും കഴിച്ചുകാണുകയില്ല. ജയിൽപ്പുള്ളികൾക്കു് ചോറുംകൊണ്ടു് ഹോട്ടൽക്കാർ വരും. അപ്പോൾ അവളെയും പുറത്തിറക്കും. അവളുടെ ചട്ടിയിൽ ഒരുപിടിച്ചോറുമാത്രമേ വിളമ്പിയിട്ടുള്ളെങ്കിലും; അതുതന്നെ വാരിത്തിന്നാൻ അവൾക്കു വയ്യ. അതു് ഇറങ്ങുകയില്ല. അവളുടെ കുഞ്ഞു് നോക്കിയിരിക്കുന്നു. മററു ജയിൽപ്പുള്ളികളുടെ ഊണുകഴിഞ്ഞിട്ടും അവളുടെ ചട്ടിഒഴിഞ്ഞില്ല. പോലീസുകാരൻ വന്നു ചോദ്യമായി:

"എന്തെടീ ഉണ്ണാത്തതു്? നിരാഹാരമാണോ?"

ലാത്തിയുടെ അററംകൊണ്ടു് ഒരുകുത്തുകൊടുത്തെന്നും വരാം.

നല്ല മഞ്ഞുകാലം, എവിടെനിന്നോ ഒരു പഴന്തുണിക്കഷണം അവനു കിട്ടിയിട്ടുണ്ടു്. അതു തോളിൽ ഇട്ടുകൊണ്ടു് അവൻ വന്നു. അന്നു് അതിട്ടുമൂടി പുതച്ചു് അവൻ ഉറങ്ങി.

ഒരുദിവസം അവൻ കിടന്നിടത്തുനിന്നും എഴുന്നേററില്ല. പക്ഷേ, കിടന്നു് ഉരുളുന്നുണ്ടു്. അവനു് എന്തോ ദീനം ആണു്. അഴികൾക്കിടയിൽക്കൂടി ആ അമ്മ അതു നോക്കിക്കൊണ്ടിരുന്നു. എന്താണു് അവന്റെ ദീനം?..

മൂന്നാമത്തെ ദിവസം പഴയപടി അവൻ എഴുന്നേററു പോയി.

അങ്ങനെ മാസങ്ങൾ കഴിഞ്ഞു.

ആ റോഡ് ധാരാളം വണ്ടികൾ പൊയ്ക്കൊണ്ടിരുന്ന ഒന്നാണ്. ഒരു ദിവസം വിളക്കുകാലിന്റെ ചുവട്ടിൽ നിന്ന് കുറേദൂരം റോഡിലേയ്ക്ക് അവൻ ഉരുണ്ടു. റോഡിൽ വണ്ടിച്ചക്രത്തിന്റെ പാതയുടെ അടുത്തെത്തിക്കഴിഞ്ഞു. ഒരു കാറിന്റെ ശബ്ദം കേൾക്കായി. അവൾ എഴുന്നേററുനിന്നു...അവൻ ഒന്നുകൂടി ഉറക്കത്തിൽ ഉരുളുന്നു... വരുന്നതു ധനവാന്റെ—ഭാഗ്യവാന്റെ വണ്ടിയാണ്. റോഡിൽ കിടക്കുന്ന വസ്തു അവൾക്കു വലുതാണെങ്കിലും മററാരുടേയും കണ്ണിൽ പെടാനുള്ള വലിപ്പം അതിനില്ല. അതിന് വിലയുണ്ടോ? ...ആ വാഹനത്തിനുരുണ്ടു പോകുവാൻ അവകാശമുണ്ട്. അതു് ഒരു വസ്തുവിന്റെ പുറത്തുകൂടി ഉരുളുമ്പോൾ അതിന്റെ ഉള്ളിൽ ഇരിക്കുന്ന ആളിനു കുലുക്കം തട്ടുമെന്നു പേടിച്ചെന്നപോലെ ഒരു ഹാറൺ അടിച്ചു ..ആ തള്ള ജയിലിനുള്ളിൽ ശ്വാസമടക്കി നില്ക്കുകയാണ്. വണ്ടി കടക്കുന്നു...അവൾ തന്നെത്താനറിയാതെ ഒന്നലറിപ്പോയി...അവൾക്ക് അവളുടെ കണ്ണു കാണാൻ വയ്യാതായി. അവൻ അവിടെത്തന്നെ കിടപ്പുണ്ടോ? അതോ വണ്ടിച്ചക്രത്തിൽ തേഞ്ഞു പററിപ്പോയോ?...അവിടെ ഒന്നും കാണുന്നില്ല, അല്ല, അവൻ കിടപ്പുണ്ട്. അവനെന്ന മാംസപിണ്ഡം മാത്രമാണോ? അതോ അവനാണോ?...അവൻ മൂരി നിവർത്ത് എഴുന്നേററു. ആവൂ! അവൻ മരിച്ചില്ല!

ആ കമ്പിക്കാലിന്റെ ചുവട്ടിൽ അവനോളംതന്നെ

പ്രായമുള്ള ഒരു ചെറുക്കൻകൂടി വന്നു. അവർ രണ്ടുപേരും എന്തൊക്കെയോ സംസാരിച്ചുകൊണ്ടിരിക്കുന്നു. അവൻ ഒരു കൂട്ട് സമ്പാദിച്ചു. പക്ഷേ, അമ്മയ്ക്ക് ആ കൂട്ടുകാരനെക്കുറിച്ച് കൂടുതൽ അറിയണം. ഒരു കൂട്ടുണ്ടായതിൽ അവൾക്ക് ആശ്വാസം ഇല്ലാതില്ല. പക്ഷേ, അത്രത്തോളംതന്നെ ഉൽക്കണ്ഠയുമുണ്ട്. എന്നാണ് തനിക്കു പുറത്തിറങ്ങാൻ കഴിയുന്നതെന്ന് അവൾക്ക് അറിഞ്ഞുകൂടാ. അത്രയുംകാലം അവന്റെ കൂട്ടായി കഴിയേണ്ടവൻ ഏതുതരക്കാരനെന്ന് അവൾക്ക് അറിയേണ്ടതാണ്. എന്തെന്നാൽ അവൻ വളരുന്നതിൽ അവൾക്ക് ഒരുദ്ദേശ്യമുണ്ട്. അവന്റെ ജീവിതത്തിന്, അവളെ സംബന്ധിച്ചിടത്തോളം, സാധാരണ ഒരമ്മയുടേതല്ലാ, മററൊരത്ഥമുണ്ട്. അങ്ങനെയാ അവൾ അവനെ വളത്തിക്കൊണ്ടുവന്നതു്. ആ കൂട്ടുകാരന്റെ സ്വാധീനത്തിൽപ്പെട്ട് അവളുടെ മകൻ വഴിപിഴച്ചുപോയാൽ, മററൊന്നായി മാറിയാൽ, അവന്റെ ജീവിതോദ്ദേശ്യം അറിയാൻ വയ്യാത്തവനായാൽ, അവളുടെ എല്ലാം തകന്നു.

അടുത്തദിവസം ഉച്ചയ്ക്ക്, സ്റ്റേഷനിൽ പുള്ളികൾക്കു ചോറുകൊണ്ടുവന്നപ്പോൾ രണ്ടു പിള്ളേരും വിളക്കുകാലിന്റെ ചുവട്ടിലുണ്ടായിരുന്നു. രണ്ടുപിള്ളേരും അന്നൊന്നും കഴിച്ചുമട്ടില്ല. പുള്ളികളെ നിരത്തിയിരുത്തി ചോറു വിളമ്പിത്തുടങ്ങിയപ്പോൾ ആ കൂട്ടുകാരൻ ചെറുക്കൻ എഴുന്നേററു. അവൻ ഓരോ ചുവടായി സ്റ്റേഷനിലേയ്ക്കു നീങ്ങി. അവൻ അതറിയുന്നില്ല .. അവൻ ചോറിന്റെ അടുത്തെത്തിക്കഴിഞ്ഞു. ഒരു പോലീസുകാരൻ ഒരലർച്ചയോടെ ഒരു ചാട്ടം ചാടി. കൊടിച്ചിപ്പട്ടിയെ

..ു മോങ്ങിക്കൊണ്ടു് അവൻ പറഞ്ഞു. ആ പറച്ചിൽ
..ാനല്ലതായിരുന്നു.

..അപ്പോഴും അവളുടെ മകൻ വിളക്കിൻകാലിൻെറ
..ിലിരുന്നു് കല്ലുകൊത്തി കളിക്കുകയാണു്. അവൻ
..ാന്നും അറിഞ്ഞില്ല.

പിന്നീടു് ആ കൂട്ടുകാരൻ ചെറുക്കൻ അവിടെ വന്നിട്ടില്ല. അവളുടെ മകൻ തനിച്ചായി. അവൾക്കു് ആശ്വാസവും ആയി. എങ്കിലും ലോകത്തിൽ ഭീരുക്കളുണ്ടു്...അവരുടെ ഇടയിലാണു് അവളുടെ മകനും കഴിയേണ്ടതു്. അക്രമത്തിൻെറ വെടിയുണ്ടയ്ക്കുനേരേ മുന്നോട്ടുവച്ച കാലിൽനിന്നുതന്നെ നെഞ്ചുകാട്ടി കമഴ്ന്നുവീണ ഭർത്താവിനെ സ്മരിച്ചു. മകനെ രക്ഷിക്കാൻ ആ ആത്മാവിനു മാത്രമേ കഴിയൂ.

വീണ്ടും ആഴ്ചകളും മാസങ്ങളും കഴിഞ്ഞു. ആ അമ്മയും മകനും അങ്ങനെ കഴിഞ്ഞു. എന്നാണു് അവൾക്കു പുറത്തുവന്നു് വീണ്ടും അവളുടെ ശിക്ഷണത്തിൻകീഴിൽ അവനെ വളർത്താൻ കഴിയുന്നതു്! എന്തെല്ലാം കാര്യങ്ങൾ അവൻ അറിയേണ്ടതും പഠിക്കേണ്ടതും ആയിരിക്കുന്നു! അവൻ അധഃപതിച്ചിട്ടുണ്ടോ? ഉണ്ടെങ്കിൽ എങ്ങനെ അവനെ തിരിച്ചെടുക്കും? അങ്ങനെ ആ ദിവസം അവൾ നോക്കിയിരുന്നു. ഒരുദിവസം ആ കാരാഗൃഹത്തിൻെറ ഇരുമ്പഴികൾ തുറന്നു. ഇറങ്ങിപ്പോകാൻ അധികാരി അവളോടു് ആവശ്യപ്പെട്ടു. അവൾ തിണ്ണയും മുററവും ഗേററും കഴിഞ്ഞു. റോഡിലേക്കിറങ്ങി. വിളക്കുകാലിൻെറ ചുവട്ടിലിരുന്ന അവൻ ചാടി എണീററു. അവൻെറ ചുണ്ടുകൾ വികസിച്ചു. ആ മന്ദഹാസം ആ പ്രദേശത്തെയെല്ലാം

പ്രകാശിപ്പിച്ചതായി അവൾക്കു തോന്നി. അവ... ...ന്നുകൾ ചുമന്നരുണ്ടു. അവൻ അവന്റെ കൊച്ചു... ചുരുട്ടി ഉയൎത്തിക്കൊണ്ടു വിളിച്ചു:

**"ഇങ്ക്വിലാബ്"**

അവൾ കൈചുരുട്ടി ഉയൎത്തിക്കൊണ്ടു് അ... ...ക്കുന്നവനു് ഉണർവു നൽകുന്ന ആ മുദ്രാവാക്യത്തെ ... ...പ്പിച്ചു:

**"സിന്ദാബാദ്"**

ആ ശബ്ദത്തിന്റെ ശക്തിയേറിയ അലകൾ സ്റ്റേഷൻകെട്ടിടത്തിന്റെ ഓടിനെ ചലിപ്പിച്ചതായി തോന്നി. ലാക്കപ്പിന്റെ മുക്കിലും മൂലകളിലും അതു പ്രതിദ്ധ്വനിച്ചു.

ആവൂ! അമ്മയ്ക്കു് ആശ്വാസമായി. മൎദ്ദിതലക്ഷങ്ങളുടെ സമരമുന്നണിയിലേക്കു് സംഭാവന ചെയ്യുവാനായി വളൎത്തിയ അവളുടെ മകൻ, ഭീരുക്കളുടെ ഇടയിൽ തെണ്ടിത്തിരിഞ്ഞിട്ടു്, അവന്റെ പാരമ്പര്യം മറന്നില്ല.

അവൾ അവളുടെ കുട്ടനെ കോരി എടുത്തു.

882

# കണക്കുതീർക്കൽ

പ്രസാധകന്മാർ

സാഹിത്യപ്രവർത്തക സഹകരണ

സംഘം ലിമിറ്റഡ്